പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിരണ്ടാമത് റിപ്പോർട്ട്
(2025 സെപ്റ്റംബർ 18ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഭാഗം-1 ലെ അധ്യായം 1.2, 1.5, 1.6-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിരണ്ടാമത് റിപ്പോർട്ട്
(2025 സെപ്റ്റംബർ 18ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഭാഗം-1 ലെ അധ്യായം 1.2, 1.5, 1.6-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രോഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു വി. എ., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ എഴുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഭാഗം-1 ലെ അധ്യായം 1.2, 1.5, 1.6-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഭാഗം-1 ലെ അധ്യായം 1.2, 1.5, 1.6-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

മെഡിക്കൽ ഓഫീസർമാർ നിർവഹണ ഉദ്യോഗസ്ഥരായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ

നിർബന്ധിത പദ്ധതിയായിട്ടും പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണം സർക്കാർ നിർദ്ദേശിച്ച വിധം ലക്ഷ്യം കൈവരിക്കുന്നതിലെ കുറവും, ഉപകരണങ്ങളും, മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസവും

ആമുഖം

സമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സന്നദ്ധസംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം (Pain and Palliative Care Policy of Kerala) (സ.ഉ.(പി)നം.109/2008/ ആ.കു.ക്ഷേ.വ/15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012-ലും

വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടെയും മാറാരോഗങ്ങളുടെയും വാർദ്ധക്യസഹജമായ രോഗങ്ങളുടെയും തോത് വർദ്ധിച്ചതിനാൽ മുൻമാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07.03.2019 -ലെ സ.ഉ (സാധാ)നം.553/2019/ത.സ്വ.ഭ.വ. പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ വിവരിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും നിലവിലുണ്ടെങ്കിലും സംസ്ഥാനത്താകമാനം മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥരായിട്ടുള്ള പദ്ധതികളിൽ ഒരോ സ്വഭാവത്തിലുള്ള അപാകതകൾ ആവർത്തിക്കുന്നതിനാൽ സംസ്ഥാന തലത്തിൽ ഏകീകൃത പരിഹാരത്തിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

Medical Officer (payment) PHC/CHC

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-49, 1-49(1), 1-49(2)	മാണിക്കൽ	തിരുവനന്തപുരം
2	2019-20	1-15, 1-12, 1-13, 1-14, 1-16	അരുവിക്കര	തിരുവനന്തപുരം
3	2019-20	1-32, 1-34	വെട്ടൂർ	തിരുവനന്തപുരം
4	2019-20	1-21, 1-22, 1-23	ഒറ്റൂർ	തിരുവനന്തപുരം
5	2019-20	1-26(1), 1-26(2), 1-26, 1-28, 1-28(1), 1-28(2), 1-31, 1-32	പനവൂർ	തിരുവനന്തപുരം
6	2019-20	1-17	പള്ളിച്ചൽ	തിരുവനന്തപുരം
7	2019-20	1-14, 1-23	കാട്ടാക്കട	തിരുവനന്തപുരം
8	2019-20	1-28, 1-34	മണമ്പൂർ	തിരുവനന്തപുരം
9	2019-20	1-29, 1-27(1), 1-27(2), 1-27	പൂവാർ	തിരുവനന്തപുരം

10	2019-20	1-24	നഗരൂർ	തിരുവനന്തപുരം
11	2019-20	1-29	ചെറുന്നിയൂർ	തിരുവനന്തപുരം
12	2019-20	1-17	ബാലരാമപുരം	തിരുവനന്തപുരം
13	2019-20	1-23	ആനാട്	തിരുവനന്തപുരം
14	2019-20	1-17	വെള്ളനാട്	തിരുവനന്തപുരം
15	2019-20	1-25	കരകുളം	തിരുവനന്തപുരം
16	2019-20	1-24, 1-24(1), 1-24(2)	കുറ്റിച്ചൽ	തിരുവനന്തപുരം
17	2019-20	1-19	തൃക്കരുവ	കൊല്ലം
18	2019-20	1-15	ഇളംമ്പള്ളൂർ	കൊല്ലം
19	2019-20	1-23	നീണ്ടകര	കൊല്ലം
20	2019-20	1-16	ഇടമുളയ്ക്കൽ	കൊല്ലം
21	2019-20	1-21	കുണ്ടറ	കൊല്ലം
22	2019-20	1-15	കരവാളൂർ	കൊല്ലം
23	2019-20	1-17	അലയമൺ	കൊല്ലം
24	2019-20	1-24, 1-25	ഈസ്റ്റ് കല്ലട	കൊല്ലം
25	2019-20	1-20	നെടുവത്തൂർ	കൊല്ലം
26	2019-20	1-16	കൊറ്റംകര	കൊല്ലം
27	2019-20	1-11, 1-12, 1-13	തെക്കുംഭാഗം	കൊല്ലം
28	2019-20	1-18	മൈലം	കൊല്ലം
29	2019-20	1-21, 1-25, 1-22, 1-23	ക്ലാപ്പന	കൊല്ലം
30	2019-20	1-15	പെരിനാട്	കൊല്ലം
31	2019-20	1-13	എഴുകോൺ	കൊല്ലം
32	2019-20	1-20	ചെറുകോൽ	പത്തനംതിട്ട
33	2019-20	1-25	മെഴുവേലി	പത്തനംതിട്ട
34	2019-20	1-20	കല്ലൂപ്പാറ	പത്തനംതിട്ട
35	2019-20	1-15	മല്ലപ്പുഴശ്ശേരി	പത്തനംതിട്ട
36	2019-20	1-24	അയിരൂർ	പത്തനംതിട്ട
37	2019-20	1-23	ഏറത്ത്	പത്തനംതിട്ട
38	2019-20	1-24	കോട്ടാങ്ങൽ	പത്തനംതിട്ട
39	2019-20	1-27, 1-28(1), 1-28(2), 1-28(3)	പുന്നപ്ര നോർത്ത്	ആലപ്പുഴ
40	2019-20	1-25	വീയപുരം	ആലപ്പുഴ

41	2019-20	1-20	പട്ടണക്കാട്	ആലപ്പുഴ
42	2019-20	1-21	കടക്കരപ്പള്ളി	ആലപ്പുഴ
43	2019-20	1-23, 1-21	പെരുമ്പാളം	ആലപ്പുഴ
44	2019-20	1-13	ചുനക്കര	ആലപ്പുഴ
45	2019-20	1-29	കണ്ടല്ലൂർ	ആലപ്പുഴ
46	2019-20	1-33	കരുവാറ്റ	ആലപ്പുഴ
47	2019-20	1-30	നെടുങ്കുന്നം	കോട്ടയം
48	2019-20	1-16, 1-22	കല്ലറ	കോട്ടയം
49	2019-20	1-21	വാഴൂർ	കോട്ടയം
50	2019-20	1-27	കാണക്കാരി	കോട്ടയം
51	2019-20	1-20(2), 1-20(1)	കുറവിലങ്ങാട്	കോട്ടയം
52	2019-20	1-19	തൃക്കൊടിത്താനം	കോട്ടയം
53	2019-20	1-25	മീനടം	കോട്ടയം
54	2019-20	1-28	പാറത്തോട്	കോട്ടയം
55	2019-20	1-16	തലയാഴം	കോട്ടയം
56	2019-20	1-20	പുതുപ്പള്ളി	കോട്ടയം
57	2019-20	1-23	ളാലോപ്പട	കോട്ടയം
58	2019-20	1-18	കാഞ്ചിയാർ	ഇടുക്കി
59	2019-20	1-12	ആലക്കോട്	ഇടുക്കി
60	2019-20	1-22	പാമ്പാടുംപാറ	ഇടുക്കി
61	2019-20	1-14	കരിങ്കുന്നം	ഇടുക്കി
62	2019-20	1-15	ഇരട്ടയാർ	ഇടുക്കി
63	2019-20	1-24	അയ്യപ്പൻകോവിൽ	ഇടുക്കി
64	2019-20	1-21	കാന്തല്ലൂർ	ഇടുക്കി
65	2019-20	1-18	സേനാപതി	ഇടുക്കി
66	2019-20	1-19, 1-18	വണ്ടൻമേട്	ഇടുക്കി
67	2019-20	1-19	കുടയത്തൂർ	ഇടുക്കി
68	2019-20	1-24, 1-29	വാഴത്തോപ്പ്	ഇടുക്കി
69	2019-20	1-20	ബൈസൺവാലി	ഇടുക്കി
70	2019-20	1-19	കാഞ്ഞൂർ	എറണാകുളം
71	2019-20	1-26	ഇലഞ്ഞി	എറണാകുളം
72	2019-20	1-14, 1-15, 1-16	മണീട്	എറണാകുളം

73	2019-20	1-14	പൂത്തൃക്ക	എറണാകുളം
74	2019-20	1-23	രാമമംഗലം	എറണാകുളം
75	2019-20	1-18	മുളന്തുരുത്തി	എറണാകുളം
76	2019-20	1-23	ചെല്ലാനം	എറണാകുളം
77	2019-20	1-29	കുന്നത്തുനാട്	എറണാകുളം
78	2019-20	1-19	നെടുമ്പാശ്ശേരി	എറണാകുളം
79	2019-20	1-26	ഐക്കരനാട്	എറണാകുളം
80	2019-20	1-33	കുവപ്പടി	എറണാകുളം
81	2019-20	1-17	മാറാടി	എറണാകുളം
82	2019-20	1-20	ഒക്കൽ	എറണാകുളം
83	2019-20	1-35	അരിമ്പൂർ	തൃശ്ശൂർ
84	2019-20	1-35	അന്നമനട	തൃശ്ശൂർ
85	2019-20	1-37, 1-36	കടങ്ങോട്	തൃശ്ശൂർ
86	2019-20	1-29, 1-32, 1-33, 1-34	പാറളം	തൃശ്ശൂർ
87	2019-20	1-31	നെന്മണിക്കര	തൃശ്ശൂർ
88	2019-20	1-19	വല്ലച്ചിറ	തൃശ്ശൂർ
89	2019-20	1-22	കൊല്ലങ്കോട്	പാലക്കാട്
90	2019-20	1-17	തേങ്കുറിശ്ശി	പാലക്കാട്
91	2019-20	1-36	അകത്തേത്തറ	പാലക്കാട്
92	2019-20	1-19	കടമ്പഴിപ്പുറം	പാലക്കാട്
93	2019-20	1-22	കോഡൂർ	മലപ്പുറം
94	2019-20	1-19	മക്കരപ്പറമ്പ	മലപ്പുറം
95	2019-20	1-20, 1-21	കൂട്ടിലങ്ങാടി	മലപ്പുറം
96	2019-20	1-19	ചുങ്കത്തറ	മലപ്പുറം
97	2019-20	1-31	പുഴക്കാട്ടിരി	മലപ്പുറം
98	2019-20	1-20	വാഴയൂർ	മലപ്പുറം
99	2019-20	1-19	വാഴക്കാട്	മലപ്പുറം
100	2019-20	1-15	പാണ്ടിക്കാട്	മലപ്പുറം
101	2019-20	1-16	എടരിക്കോട്	മലപ്പുറം
102	2019-20	1-15	അങ്ങാടിപ്പുറം	മലപ്പുറം
103	2019-20	1-25	വണ്ടൂർ	മലപ്പുറം
104	2019-20	1-25	വേളം	കോഴിക്കോട്

105	2019-20	1-23	മടവൂർ	കോഴിക്കോട്
106	2019-20	1-31	കിഴക്കോത്ത്	കോഴിക്കോട്
107	2019-20	1-24	ചെക്യാട്	കോഴിക്കോട്
108	2019-20	1-17, 1-18	കീഴരിയൂർ	കോഴിക്കോട്
109	2019-20	1-17	ചെറുവണ്ണൂർ	കോഴിക്കോട്
110	2019-20	1-21	ഉള്ള്യേരി	കോഴിക്കോട്
111	2019-20	1-32	കോടഞ്ചേരി	കോഴിക്കോട്
112	2019-20	1-16	നരിക്കുനി	കോഴിക്കോട്
113	2019-20	1-9	കാരശ്ശേരി	കോഴിക്കോട്
114	2019-20	1-33, 1-34	വേങ്ങപ്പള്ളി	വയനാട്
115	2019-20	1-28	പൂതാടി	വയനാട്
116	2019-20	1-18	പൊഴുതന	വയനാട്
117	2019-20	1-23	പടിഞ്ഞാറത്തറ	വയനാട്
118	2019-20	1-30	ചെറുകുന്ന്	കണ്ണൂർ
119	2019-20	1-21	രാമന്തളി	കണ്ണൂർ
120	2019-20	1-16, 1-23	കോട്ടയം	കണ്ണൂർ
121	2019-20	1-17, 1-16	കേളകം	കണ്ണൂർ
122	2019-20	1-25	പെരിങ്ങോം - വയക്കര	കണ്ണൂർ
123	2019-20	1-26	ചപ്പാരപ്പടവ്	കണ്ണൂർ
124	2019-20	1-32, 1-35	കതിരൂർ	കണ്ണൂർ
125	2019-20	1-18	കല്ല്യാശ്ശേരി	കണ്ണൂർ
126	2019-20	1-22	നാറാത്ത്	കണ്ണൂർ
127	2019-20	1-27	പിണറായി	കണ്ണൂർ
128	2019-20	1-19	മാടായി	കണ്ണൂർ
129	2019-20	1-31, 1-33	മൊഗ്രാൽപുത്തൂർ	കാസർഗോഡ്

Medical Officer Ayurvedham (Payment)

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-10	കാട്ടാക്കട	തിരുവനന്തപുരം
2	2019-20	1-23	നഗരൂർ	തിരുവനന്തപുരം

3	2019-20	1-18	വെള്ളനാട്	തിരുവനന്തപുരം
4	2019-20	1-19	കരകുളം	തിരുവനന്തപുരം
5	2019-20	1-13	ഇളമ്പള്ളൂർ	കൊല്ലം
6	2019-20	1-31, 1-17	മൈനാഗപ്പള്ളി	കൊല്ലം
7	2019-20	1-20	പന്മന	കൊല്ലം
8	2019-20	1-16	കരവാളൂർ	കൊല്ലം
9	2019-20	1-21	കരുവാറ്റ	ആലപ്പുഴ
10	2019-20	1-13	ആലക്കോട്	ഇടുക്കി
11	2019-20	1-14	മരിയാപുരം	ഇടുക്കി
12	2019-20	1-30	കാഞ്ഞൂർ	എറണാകുളം
13	2019-20	1-21	മണീട്	എറണാകുളം
14	2019-20	1-24, 1-27	മുടക്കുഴ	എറണാകുളം
15	2019-20	1-19	ചെല്ലാനം	എറണാകുളം
16	2019-20	1-30	കുവപ്പടി	എറണാകുളം
17	2019-20	1-27	പാറളം	തൃശ്ശൂർ
18	2019-20	1-23	വരവൂർ	തൃശ്ശൂർ
19	2019-20	1-29	വെങ്കിടങ്ങ്	തൃശ്ശൂർ
20	2019-20	1-27	വല്ലച്ചിറ	തൃശ്ശൂർ
21	2019-20	1-25	വടവന്നൂർ	പാലക്കാട്
22	2019-20	1-28	കുഴൽമന്ദം	പാലക്കാട്
23	2019-20	1-15	പറളി	പാലക്കാട്
24	2019-20	1-21	മുതുതല	പാലക്കാട്
25	2019-20	1-20	കടമ്പഴിപ്പുറം	പാലക്കാട്
26	2019-20	1-31	വേളം	കോഴിക്കോട്
27	2019-20	1-22	കുരുവട്ടൂർ	കോഴിക്കോട്
28	2019-20	1-33	മടവൂർ	കോഴിക്കോട്
29	2019-20	1-26	കട്ടിപ്പാറ	കോഴിക്കോട്
30	2019-20	1-24	കാക്കൂർ	കോഴിക്കോട്
31	2019-20	1-23	പനമരം	വയനാട്
32	2019-20	1-27, 1-27(1), 1-27(2), 1-27(3), 1-27(4)	പൂതാടി	വയനാട്
33	2019-20	1-23	പെരിങ്ങോം - വയക്കര	കണ്ണൂർ

Medical Officer Ayurvedham (General)

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-24	തഴവ	കൊല്ലം
2	2019-20	1-16	നെടുവത്തൂർ	കൊല്ലം
3	2019-20	1-19	കല്ലൂപ്പാറ	പത്തനംതിട്ട
4	2019-20	1-21	പാമ്പാടുംപാറ	ഇടുക്കി
5	2019-20	1-24	വരവൂർ	തൃശ്ശൂർ
6	2019-20	1-34	മുണ്ടൂർ	പാലക്കാട്
7	2019-20	1-15	പടിഞ്ഞാറത്തറ	വയനാട്

Medical Officer (General) PHC/CHC

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-28	ചെറുന്നിയൂർ	തിരുവനന്തപുരം
2	2019-20	1-26	ഇലന്തൂർ	പത്തനംതിട്ട
3	2019-20	1-28	പുന്നപ്ര നോർത്ത്	ആലപ്പുഴ
4	2019-20	1-20	ചേപ്പാട്	ആലപ്പുഴ
5	2019-20	1-23	വണ്ടന്മേട്	ഇടുക്കി
6	2019-20	1-20	ചെല്ലാനം	എറണാകുളം
7	2019-20	1-35	കടങ്ങോട്	തൃശ്ശൂർ
8	2019-20	1-23	കാറളം	തൃശ്ശൂർ
9	2019-20	1-33	മുണ്ടൂർ	പാലക്കാട്
10	2019-20	1-22	കോങ്ങാട്	പാലക്കാട്
11	2019-20	1-21	കൊല്ലങ്കോട്	പാലക്കാട്
12	2019-20	1-30	പുതുപ്പരിയാരം	പാലക്കാട്
13	2019-20	1-33	അകത്തേത്തറ	പാലക്കാട്
14	2019-20	1-15	മണ്ണൂർ	പാലക്കാട്
15	2019-20	1-23	ഊരകം	മലപ്പുറം
16	2019-20	1-21, 1-22	കക്കോർ	കോഴിക്കോട്
17	2019-20	1-25	വൈത്തിരി	വയനാട്
18	2019-20	1-18	കണ്ണപുരം	കണ്ണൂർ

19	2019-20	1-30	കുഞ്ഞിമംഗലം	കണ്ണൂർ
20	2019-20	1-30	വളപട്ടണം	കണ്ണൂർ
21	2019-20	1-40	പള്ളിക്കര	കാസർഗോഡ്
22	2019-20	1-18	കുമ്പഡാജേ	കാസർഗോഡ്
23	2019-20	1-14	കിനാനൂർ - കരിന്തളം	കാസർഗോഡ്

Medical Officer Homeo (Payment)

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-9	കാട്ടാക്കട	തിരുവനന്തപുരം
2	2019-20	1-22	ഇടമുളയ്ക്കൽ	കൊല്ലം
3	2019-20	1-16	തെക്കുംഭാഗം	കൊല്ലം
4	2019-20	1-13	കാഞ്ചിയാർ	ഇടുക്കി
5	2019-20	1-18	പുറപ്പുഴ	ഇടുക്കി
6	2019-20	1-16	ആലക്കോട്	ഇടുക്കി
7	2019-20	1-19	വയലാർ	ആലപ്പുഴ
8	2019-20	1-25	കിടങ്ങൂർ	കോട്ടയം
9	2019-20	1-17	കല്ലറ (വൈക്കം)	കോട്ടയം
10	2019-20	1-17	മുളന്തുരുത്തി	എറണാകുളം
11	2019-20	1-20	ഉദയംപേരൂർ	എറണാകുളം
12	2019-20	1-28	പാറളം	തൃശ്ശൂർ
13	2019-20	1-14	പൊൽപ്പുള്ളി	പാലക്കാട്
14	2019-20	1-21	കോങ്ങാട്	പാലക്കാട്
15	2019-20	1-25	പുഴക്കാട്ടിരി	മലപ്പുറം
16	2019-20	1-19	വാഴയൂർ	മലപ്പുറം
17	2019-20	1-21	വേളം	കോഴിക്കോട്
18	2019-20	1-28	കുരുവാട്ടൂർ	കോഴിക്കോട്
19	2019-20	1-20	മൂടാടി	കോഴിക്കോട്
20	2019-20	1-15	കീഴരിയൂർ	കോഴിക്കോട്
21	2019-20	1-28	പനമരം	വയനാട്

22	2019-20	1-18	തരിയോട്	വയനാട്
23	2019-20	1-24	പെരിങ്ങോം വയക്കര	കണ്ണൂർ
24	2019-20	1-34	കതിരൂർ	കണ്ണൂർ
25	2019-20	1-39	പള്ളിക്കര	കാസർഗോഡ്

Medical Officer Homeo (General)

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-14	വെള്ളിയാമറ്റം	ഇടുക്കി

Medical Officer Homeo (Receipt)

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഗ്രാമപഞ്ചായത്ത്	ജില്ല
1	2019-20	1-18	വാഴയൂർ	മലപ്പുറം

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2)

സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം ജില്ല

മാണിക്കൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-49, 1-49 (1), 1-49 (2))

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

അരുവിക്കര ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-12)

2. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

അരുവിക്കര ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-13)

3. ക്യാൻസർ ബോധവത്കരണ ക്യാമ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ രണ്ട് ദിവസം മുമ്പ് മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുണ്ടെന്ന് അരുവിക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ സമിതി തീരുമാനിച്ചു

അരുവിക്കര ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-14, 1-15, 1-16)

4. ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുള്ളതായി അരുവിക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. പ്രസ്തുത രേഖകൾ എന്നാണ് ഹാജരാക്കിയതെന്ന സമിതിയുടെ ചോദ്യത്തിന് രണ്ട് ദിവസം മുമ്പാണ് ഹാജരാക്കിയതെന്ന് അരുവിക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി.

5. രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ യോഗത്തിന്റെ തലേദിവസം റിപ്പോർട്ട് സമർപ്പിച്ചാൽ സമിതി അംഗങ്ങൾക്ക് അത് പരിശോധിക്കാനുള്ള സമയം ലഭിക്കില്ലെന്ന് സമിതി വ്യക്തമാക്കി.

6. ഓഡിറ്റ് പരിശോധനാ വേളയിൽ രേഖകൾ പരിശോധിച്ചതിനുശേഷം ഒരു പരാമർശം മാത്രമാണ് ഒഴിവാക്കിയതെന്നും മറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട രേഖകൾ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ ഓഫീസർ നൽകിയതെന്നും അരുവിക്കര ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

7. ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് പരിശോധിക്കാതെ പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്ന് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഓഡിറ്റ് വകുപ്പിന് രേഖകൾ ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം മറുപടി തൃപ്തികരമെങ്കിൽ പരാമർശം ഒഴിവാക്കുന്നതിനും സമിതി തീരുമാനിച്ചു.

<u>വെട്ടൂർ ഗ്രാമപഞ്ചായത്ത്</u>

<u>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-32, 1-34, 1-37)</u>

8. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

<u>ഒറ്റൂർ ഗ്രാമപഞ്ചായത്ത്</u>

<u>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-21)</u>

9. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

<u>ഒറ്റൂർ ഗ്രാമപഞ്ചായത്ത്</u>

<u>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-22)</u>

10. പി.എച്ച്.സി.യിലെ വാഹനത്തിന്റെ ഇന്ധന ബില്ലുകളുടെ ആധികാരികത ഉറപ്പുവരുത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു.

11. ഓഡിറ്റ് പരിശോധനാവേളയിൽ ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലായിരുന്നുവെന്നും നിലവിൽ ആയത് പരിഹരിച്ചത് എങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന് മുൻകാലങ്ങളിൽ കൃത്യമായി രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും പിന്നീട് ലോഗ് ബുക്കിൽ എഴുതി ചേർത്തിട്ടുണ്ടെന്നും ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലർക്ക് സമിതിയെ അറിയിച്ചു ഓഡിറ്റ് പരിശോധനയ്ക്കുശേഷം എഴുതി ചേർത്തത് തെറ്റായ നടപടിയാണെന്ന് സമിതി വിലയിരുത്തി.

12. പ്രസ്തുത വിഷയം പരിശോധിക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഒറ്റൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-23)

13. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

പനവൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-26(1))

14. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

പനവൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20,ഖണ്ഡിക 1-26 (2), 1-28(1), 1-28(2), 1-31, 1-32)

15. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-17)

16. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കാട്ടാക്കട ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-14, 1-23)

17. ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസറാണെന്നും രേഖകൾ ഹാജരാക്കണമെന്ന് ടിയാന് അറിയിപ്പ് നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ലെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

18. രേഖകൾ ഹാജരാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് അനുബന്ധ രേഖകളെല്ലാം ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി പഞ്ചായത്തിന് നൽകണമെന്നാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ലെന്നും മെഡിക്കൽ ഓഫീസറുടെ പദ്ധതിയായതിനാൽ രേഖകളെല്ലാം ടിയാളുടെ കൈവശമാണുള്ളതെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

19. മെഡിക്കൽ ഓഫീസർ രേഖകൾ ഹാജരാകാത്തത് സംബന്ധിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിവരം ജോയിന്റ് ഡയറക്ടറെ അറിയിച്ചിട്ടില്ലെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു

20. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനല്ലെന്നും അലോപ്പതി, വിഭാഗത്തിലെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ

ആയതുകൊണ്ടാണ് ഹോമിയോ ക്ലിനിക്കിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത പരാമർശത്തിന് മെഡിക്കൽ ഓഫീസറാണ് മറുപടി നൽകേണ്ടതെന്ന് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

21. ഹോമിയോ വിഭാഗത്തിലുള്ള മരുന്നുകൾ വാങ്ങുന്നതിന് അലോപ്പതി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനാകുന്നത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ (അലോപ്പതി) ആയതുകൊണ്ടാണ് ഹോമിയോ മരുന്നുകൾ വാങ്ങുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

22. ഇൻസുലിൻ വാങ്ങുന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിലാണോയെന്ന സമിതിയുടെ ചോദ്യത്തിന് നിർവഹണ ഉദ്യോഗസ്ഥനാണ് മരുന്നുകൾ വാങ്ങിക്കുന്നതെന്ന് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

23. പഞ്ചായത്ത് സെക്രട്ടറി വസ്തുതാപരമായ മറുപടിയാണ് നൽകിയതെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത ഖണ്ഡികകളിന്മേൽ നിർവഹണ ഉദ്യോഗസ്ഥൻനടത്തിയ പദ്ധതിയെ സംബന്ധിച്ച രേഖകൾ സെക്രട്ടറി ആവശ്യപ്പെട്ടിട്ടും ലഭിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടില്ലെന്നും ഇക്കാര്യങ്ങൾ വകുപ്പുതലത്തിൽ പരിശോധന നടത്തണമെന്നും സമിതി നിർദ്ദേശിച്ചു

മണമ്പൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1-28)

24. മണമ്പൂർ സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ പ്രോജക്ടായിരുന്നുവെന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നല്ല മരുന്നുകൾ വാങ്ങുന്നതെന്നതായിരുന്നു പരാമർശമെന്നും കെ.എം.എസ്.സി.എൽ.ൽ നിന്നും മരുന്നുകൾ യഥാസമയം ലഭ്യമല്ലാത്തതിനാലാണ് സർക്കാർ ഉത്തരവുപ്രകാരം ഐ.എച്ച്.ഡി.ബി/സപ്ലൈകോ എന്നിവിടങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുന്നതെന്നും മണമ്പൂർ ഗ്രാമപഞ്ചയത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

25. പ്രസ്തുത വിവരങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ജനുവരിയിൽ നൽകിയിട്ടുണ്ടെന്ന് മണമ്പൂർ ഗ്രാമപഞ്ചയത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മണമ്പൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-34)

26. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

പൂവാർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1-29, ഖണ്ഡിക 1-27(1))

27. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽപ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

പൂവാർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1- 27(2))

28. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ ഭക്ഷണത്തിന് അധിക തുക അനുവദിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഹോം കെയർ രജിസ്റ്ററിൽ ടീമിലെ എല്ലാ അംഗങ്ങളുടെയും പേരും ഒപ്പും രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നും അധികമായി പങ്കെടുത്ത ആളുകളുടെ പേര് രേഖപ്പെടുത്താത്തതുകൊണ്ടാണ് ഭക്ഷണചെലവ് അധികരിച്ചതെന്നും മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കില്ലെന്നും മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നും പൂവാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

29. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മേയ് മാസം ഓഡിറ്റ് വകുപ്പിന്റെ ജില്ലാ ഓഫീസിൽ നിന്നും നേരിട്ട് പരിശോധനയ്ക്കുവന്നപ്പോഴാണ് 1-27(1)-ലെ പരാമർശം ഒഴിവാക്കിയതെന്നും 1-27(2)-ലെ പരാമർശം ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെടാതിരുന്നതിനാൽ അതിനുശേഷമാണ് റിപ്പോർട്ട് നൽകിയതെന്നും പൂവാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. മെഡിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ട് സെക്രട്ടറി പരിശോധിച്ചോയെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണോയെന്ന് ബോധ്യപ്പെട്ടിരുന്നോയെന്നും സമിതി ആരാഞ്ഞതിന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് പൂവാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

<u>നഗരൂർ ഗ്രാമപഞ്ചായത്ത്</u>

<u>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1- 24))</u>

31. മരുന്നുകളുടെ ലഭ്യതയ്ക്കുള്ള കാലതാമസമാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും നിലവിൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത വിവരം ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കുകയും ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചെയ്തിട്ടുണ്ടെന്നും നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

32. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

33. കെ.എം.എസ്.സി.എൽ-ൽനിന്നും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം നിലവിലും ഉണ്ടെന്ന് തദവസരത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു മുൻകാലങ്ങളിൽ മരുന്നുവിതരണത്തിൽ കാലതാമസം വന്നിരുന്നുവെങ്കിലും നിലവിൽ

സമയബന്ധിതമായി മരുന്നുകൾ എത്തിക്കുന്നുണ്ടെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വ്യക്തമാക്കി.

34. ഓരോ ഹെൽത്ത് സെന്ററുകളിലും നേരിട്ടാണോ മരുന്നുവിതരണം നടത്തുന്നതെന്ന് സമിതി ആരാഞ്ഞതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തദ്ദേശ സ്ഥാപനങ്ങൾക്ക് മരുന്നുവിതരണം നടത്തുന്നത് കൊല്ലത്തെ കാരുണ്യ ഡിപ്പോ മുഖേനയാണെന്നും ചില അത്യാവശ്യഘട്ടങ്ങളിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഡിപ്പോകൾ മുഖേനയും മരുന്നുവിതരണം നടത്താറുണ്ടെന്നും വിതരണം നടത്തുന്ന മരുന്നിന്റെ 80 ശതമാനവും കൊല്ലം ഡിപ്പോ വഴിയാണ് നടത്തുന്നതെന്നും കെ.എം.എസ്.സി.എൽ-ന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം കണ്ടുകൊണ്ട് നോൺകമ്മ്യൂണിക്കബിൾ ഡിസീസസ് (NCDs) മെഡിസിൻ ഉൾപ്പെടെയുള്ളവയ്ക്ക് ഓൺലൈൻ വഴി സീൽഡ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെന്നുംകെ.എം.എസ്.സി.എൽ ആദ്യമായാണ് ഓൺലൈൻ സെയിൽ നടത്തുന്നതെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു.

35. കെ.എം.എസ്.സി.എൽ. സമയബന്ധിതമായി മരുന്നുവിതരണം നടത്താത്തതിനാൽ ആശുപത്രികൾ പലപ്പോഴും ലോക്കൽ പർച്ചേഴ്സ് നടത്താൻ നിർബന്ധിതരാകുന്നുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, ആശുപത്രിയുടെ ആവശ്യത്തിനുള്ള മരുന്നിന്റെ ഇന്റന്റ് നേരത്തെ നൽകാറില്ലേയെന്ന് ആരാഞ്ഞു. കെ.എം.എസ്.സി.എൽ.-ൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മരുന്ന് വിതരണം നടത്തുന്നത് പബ്ലിക് ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവ വഴിയാണെന്നും പി.എച്ച്.സി.-കളിൽനിന്നും സി.എച്ച്.സി.-കളിൽനിന്നും വരുന്ന മരുന്നിന്റെ ദിനംതോറും/മാസംതോറുമുള്ള അപേക്ഷയ്ക്കനുസൃതമായും ഫണ്ട് ലഭ്യമാകുന്നമുറയ്ക്കും മരുന്നുവിതരണം നടത്തുകയാണ് ചെയ്യുന്നതെന്നും സാധാരണഗതിയിൽ പുതിയൊരു അപേക്ഷ വരുമ്പോൾ കാരുണ്യ വഴി 45 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം പൂർത്തിയാക്കാനാണ്

ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും വലിയ അളവിൽ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾക്കുവേണ്ടി ഓൺലൈനിൽ സീൽഡ് ക്വട്ടേഷൻ ക്ഷണിച്ചതായും മറ്റ് നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി സപ്ലൈ ഓർഡർ കൊടുത്തതിനുശേഷം മാത്രമാണ് ഉല്പാദനം തുടങ്ങിയതെന്നും അതിൽ ഉണ്ടായ കാലതാമസമാണ് നിലവിലുള്ളതെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു. ഭാവിയിൽ ഈ കാലതാമസം ഒഴിവാക്കാൻ മുൻകൂട്ടിക്കണ്ട് ബഫർ സ്റ്റോക്കുകൂടി വലിയ അളവിൽ ഉല്പാദിപ്പിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും മുൻകൂട്ടി ഓർഡർ നൽകിയിട്ടുള്ള മരുന്നുകൾ ജൂലൈ 30-നുള്ളിൽ പൂർണ്ണമായി വിതരണം ചെയ്യുന്നതാണെന്നും കെ.എം.എസ്.സി.എൽ.-ന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള വീഴ്ച ഇനിയുണ്ടാകില്ലെന്നും അസിസ്റ്റന്റ് മാനേജർ സമിതി മുമ്പാകെ ഉറപ്പു നൽകി.

36. കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മരുന്നുകളും വീൽ ചെയറുകൾ പോലും ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തി മാത്രമേ വിതരണം ചെയ്യാറുള്ളൂവെന്ന് കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ മറുപടി നൽകി.

ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1- 29)

37. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ബാലരാമപുരം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20 ഖണ്ഡിക 1- 17)

38. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ആനാട് ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-23)

39. 2020-21, 2021-22, 2022-23 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്തത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് രണ്ട് പ്രോജക്ടുകൾ സംബന്ധിച്ചാണ് പരാമർശമുണ്ടായിരുന്നതെന്നും 102/2020 എന്ന പ്രോജക്ടിൽ പൂർണ്ണമായും മരുന്നുകൾ വാങ്ങിയതാണെന്നും അതുസംബന്ധിച്ച് മെഡിക്കൽ ഓഫീസർ ബില്ലുകളെല്ലാം ഹാജരാക്കിയിട്ടുണ്ടെന്നും 105/2020 എന്ന മറ്റൊരു പ്രോജക്ടിൽ 24,667 രൂപയുടെ ഒരു മരുന്ന് ലഭിക്കാനുണ്ടെന്നും മരുന്ന് ലഭിക്കാനുണ്ടെന്ന റിപ്പോർട്ട് മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ടെന്നും ആനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

40. ആനാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അപേക്ഷിച്ചിട്ടുള്ള മരുന്നുകളുടെ പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ടെന്നും പരാതി വന്നിരിക്കുന്നത് എൻ.സി.ഡി. മരുന്നുകൾ ഇല്ലാത്തതുകൊണ്ടായിരിക്കുമെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു മെഡിക്കൽ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. ആണോ വിതരണം ചെയ്യുന്നതെന്ന് സമിതി ആരാഞ്ഞതിന് കൺസ്യൂമബിൾസ്, വീൽ ചെയർ, ഡയപ്പർ എന്നിവയെല്ലാം സപ്ലൈ ചെയ്യുന്നുണ്ടെന്ന് കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ വ്യക്തമാക്കി. രണ്ട് ലക്ഷം രൂപയുടെ മരുന്നാണോ നൽകാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പ്രോജക്ടിൽ ഒരു സ്പെഷ്യൽ ഡ്രൈവായിട്ടാണ് എല്ലാ പർച്ചേസ് ഓർഡറും പോകുന്നതെന്ന് കെ.എം.എസ്.സി.എൽ.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മറുപടി നൽകി. 2019-ൽ ആവശ്യപ്പെട്ട മരുന്ന് 2023-ലും കൊടുത്തിട്ടില്ലെന്നുപറയുന്നതിൽ എന്തു ന്യായമാണുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2019-20-ൽ എല്ലാ സ്ഥാപനങ്ങളുടെയും പെൻഡൻസി പരിശോധിച്ചിട്ടുണ്ടെന്നും കെ.എം.എസ്.സി.എൽ-ന്റെ

കണക്കനുസരിച്ച് ഒരുസ്ഥാപനത്തിനും മരുന്നുകൾ വിതരണം ചെയ്യാൻ ബാക്കിയില്ലെന്നും കെ.എം.എസ്.സി.എൽ. സമിതിയെ അറിയിച്ചു.

41. മരുന്നുകൾ ലഭ്യമാകാത്ത പ്രശ്നം ഓഡിറ്റ് പരാമർശത്തിൽ മാത്രമല്ല നിയമസഭ മുമ്പാകെയും വന്നതാണെന്ന് സമിതി അറിയിച്ചു മരുന്ന് യഥാസമയത്ത് ആവശ്യാനുസരണം ലഭ്യമാകേണ്ടതാണെന്നും 2019-ൽ രോഗികൾക്ക് കൊടുക്കാൻ ആവശ്യപ്പെട്ട മരുന്ന് 2023-ൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടെന്ന് പറഞ്ഞാൽ അത് എങ്ങനെ ന്യായീകരിക്കാൻ സാധിക്കുമെന്നും സമിതി ആരാഞ്ഞു.

42. മേലിൽ പരാതി വരാതെ ശ്രദ്ധിക്കാമെന്ന് കെ.എം.എസ്.സി.എൽ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബോധിപ്പിച്ചു. 2019-ൽ മരുന്ന് ആവശ്യപ്പെട്ടവരെല്ലാം പുറത്തുനിന്നും വാങ്ങേണ്ട അവസ്ഥ വന്നില്ലേയെന്നും മരുന്ന് കൃത്യസമയത്ത് എത്തിക്കേണ്ടതല്ലേയെന്നും കെ.എം.എസ്.സി.എൽ-ന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് നിയമസഭയിൽ പരാമർശമുണ്ടായതാണെന്നും സമിതി അഭിപ്രായപ്പെട്ടു കഴിഞ്ഞ ആറുമാസത്തിൽ ഇങ്ങനെയൊരു കാലതാമസം ഉണ്ടായതിനുകാരണം സീൽഡ് ക്വട്ടേഷൻ വിളിക്കാനുള്ള തീരുമാനമെടുത്തതാണെന്നും മരുന്ന് സംഭരണം സുതാര്യമല്ലെന്നുപറഞ്ഞാണ് പ്രസ്തുത തീരുമാനമെടുത്തതെന്നും ആയതിന്റെ ഭാഗമായാണ് NCD ഉൾപ്പെടെയുള്ള മരുന്നുകൾക്ക് താമസം വന്നതെന്നും മേലിൽ ഇത്തരം പ്രശ്നമുണ്ടാകാതിരിക്കാൻ ബഫർ സ്റ്റോക്കുംകൂടി ചേർത്താണ് പർച്ചേസ് ഓർഡർ കൊടുത്തിട്ടുള്ളതെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ വ്യക്തമാക്കി.

43. മരുന്നുകൾ എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് രണ്ടാഴ്ചയ്ക്കുള്ളിൽ മരുന്നുകളെല്ലാം വിതരണം ചെയ്യുമെന്ന് കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ ഉറപ്പു നൽകി.

വെള്ളനാട് ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-17)

44. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കരകുളം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-25)

45. കരകുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് 2019-20-ൽ നടന്ന ഓഡിറ്റ് പരിശോധനയിൽ രേഖകൾ ഹാജരാക്കിയില്ലെന്നാണ് പൊതുവേ ഉന്നയിച്ചിട്ടുള്ളതെന്നും ഏപ്രിൽ മാസത്തിൽ വീണ്ടും പരിശോധന നടത്തിയതിൽ ബിൽ രേഖകൾ കാണിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണെന്നും കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു ആയതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

46. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ലെന്ന മറ്റൊരു പരാമർശം കൂടിയുണ്ടെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. യഥാസമയം വിനിയോഗ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശം കൊടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു

47. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ്പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-24(1), ഖണ്ഡിക 1-24(2))

48. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

തൃക്കരുവ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-19)

49. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20,ഖണ്ഡിക 1-15)

50. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നീണ്ടകര ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019- 20, ഖണ്ഡിക 1-23)

51. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-16)

52. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി യോഗത്തിൽ ഹാജരാകാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിച്ചു. വിഷയം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും പലതിന്റെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾ നൽകിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

53. 2019-20-ൽ കെ.എം.എസ്.സി.എൽ.ന്റെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളെല്ലാം ലഭ്യമാക്കിയിട്ടില്ലെന്ന് കൊല്ലം തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്ന

റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ആയതു സംബന്ധിച്ചരേഖകൾ ഹാജരാക്കുകയും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ്, ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. മൂന്ന് വർഷത്തേതുണ്ടായിരുന്നുവെന്നും 2019-20-ലേത് ലഭ്യമാക്കിയതായും 2020-21-ലേത് ലഭ്യമാക്കിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു

54. 2020-21 സാമ്പത്തിക വർഷം പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിൽ വരുന്നതല്ലെന്നും നാല് പ്രോജക്ടുള്ളതിൽ ഒരു പ്രോജക്ടിന്റേത് പരിശോധിച്ചു ബോധ്യപ്പെട്ടതായും 3 പ്രോജക്ടിന്റെ രേഖകൾ ഇല്ലെന്നാണ് രേഖപ്പെടുത്തിക്കാണുന്നതെന്നും കൊല്ലം ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു മരുന്നുകൾ പൂർണ്ണമായും ലഭ്യമായതായും അതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലയെയും വിളിച്ച് റിവ്യൂ മീറ്റിംഗ് നടത്തിയതാണെന്നും റിവ്യൂ മീറ്റിംഗിൽ പ്രസ്തുത വിഷയം പ്രത്യേകമായി പറഞ്ഞിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടേറ്റ്, ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

<u>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>
<u>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-22)</u>

55. മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. മരുന്ന് ലഭ്യമായിട്ടില്ലെങ്കിൽ ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രസ്തുത വിവരം ബോധ്യപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. നിലവിൽ പഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയായാണ് കാണാൻ കഴിയുന്നതെന്നും 5 ലക്ഷം രൂപയുടെ പ്രോജക്ടിൽ ആകെ ലഭ്യമായ മരുന്നിന്റെ വില ₹1,25,813/- രൂപയാണെന്നും ₹ 3,74,187/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ലെന്നും സമിതി അറിയിച്ചു

56. 2019-20-ൽ കാരുണ്യ വഴി മരുന്ന് വിതരണം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും പരിശോധിച്ചതായും അതിൽ ഒരു സ്ഥാപനത്തിലും 2019-20-ൽ കാരുണ്യ വഴി

പൂർണ്ണമായും മരുന്ന് കൊടുത്തതായി കാണുന്നില്ലെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു ഹോമിയോമരുന്നെല്ലാം ലഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റർ പരിശോധിച്ച് ബോധ്യപ്പെട്ടതാണെന്ന് കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു

കുണ്ടറ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-21)

57. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കരവാളൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-15)

58. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

അലയമൺ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-17)

59. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-24, ഖണ്ഡിക 1-25)

60. ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന കൊല്ലം ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-20)

61. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-16)

62. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-11, 1-12, 1-13)

63. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

മൈലം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-18)

64. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ക്ലാപ്പന ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-21)

65. ക്ലാപ്പന പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ സുംബ ഡാൻസ് എന്ന പ്രോജക്ട് സ്വന്തം താല്പര്യത്തിൽ നടപ്പിലാക്കിയതാണെന്ന് തദ്ദേശസ്വയംഭരണ

വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. വനിതകൾക്ക് വ്യായാമ പരിശീലനം നൽകുന്നതിനായി നടന്ന 'സൗഖ്യം 2021' എന്ന പ്രോജക്ടായിരുന്നുവെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

66. പ്രസ്തുത പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം കിട്ടിയതാണോയെന്ന് സമിതി ആരാഞ്ഞതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ഒരു പ്രോജക്ടിന് ഡി.പി.സി. എങ്ങനെയാണ് അംഗീകാരം നൽകിയതെന്നും നിലവിൽ സമാന പ്രോജക്ടുകൾ 'ഇന്നവേറ്റീവ് പ്രോജക്ട്' എന്ന നിലയിൽ വയ്ക്കുന്നത് മാർഗ്ഗരേഖ പ്രകാരമാണോയെന്നും സമിതി ആരാഞ്ഞു. 24,550 രൂപ പരിശീലനത്തിന് വന്ന ടെയിനർക്ക് നൽകിയിട്ടുണ്ടെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.പരിശീലനം കൊടുത്തതുസംബന്ധിച്ച ചെലവും മറ്റ് രേഖകളും ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് രേഖകൾ ഹാജരാക്കാമെന്നും 30,000 രൂപയുടെ പ്രോജക്ടിൽ 24,500 രൂപ ടെയിനർക്ക് നൽകിയിട്ടുണ്ടെന്നും ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

67. ടെയിനർക്ക് തുക നൽകിയതിന്റെ വൗച്ചറോ മറ്റ് രേഖകളോ ഹാജരാക്കിയിട്ടുണ്ടോയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് ആയത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ മുൻകൂർ അനുമതി ലഭ്യമായിട്ടില്ലെന്നാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതെന്നും മുൻകൂർ അനുമതി കൂടാതെയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയതെന്നും കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. മുൻകൂർ അനുമതി വാങ്ങാത്തതിനാൽ പ്രസ്തുത നടപടി സാധൂകരിക്കാനേ മാർഗ്ഗമുള്ളുവെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു

68. നിലവിൽ സമാന പ്രോജക്ടുകൾ ഇന്നവേറ്റീവ് കമ്മിറ്റി മുഖേന അംഗീകരിക്കാറുണ്ടെന്നും മുൻപ് ഇന്നവേറ്റീവ് കമ്മിറ്റിയില്ലായിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. ഇന്നവേറ്റീവ് കമ്മിറ്റി അംഗീകരിച്ചശേഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അനുമതി ആവശ്യമില്ലെന്നും അതത് ജില്ലകളിൽ തന്നെ ചെയ്യാമെന്നും ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു സംവിധാനമാണ് കൈകാര്യം ചെയ്യുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു

<u>ക്ലാപ്പന ഗ്രാമപഞ്ചായത്ത്</u>

<u>(ഓഡിറ്റ് വർഷം 2019-20, ഖണ്ഡിക 1-25, 1-22, 1-23)</u>

69. കാൻസർ നിർണ്ണയ ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ടായിരുന്ന പ്രസ്തുത പ്രോജക്ടെന്നും തീരദേശ മേഖലയിൽ കൂടുതൽ കാൻസർ രോഗികളുണ്ടെന്ന നിഗമനത്തിലാണ് ഇപ്രകാരമൊരു പ്രോജക്ട് നടപ്പിലാക്കിയതെന്നും ആയതിന്റെ പ്രയോജനവും ലഭിച്ചിട്ടുണ്ടെന്നും ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 8500/- രൂപ കൊല്ലം ജില്ലാ ആശുപത്രിയിലെ ഒരു കാൻസർ സെന്ററിനാണ് നൽകിയതെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി

70. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ പറഞ്ഞത് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പ്രോജക്ടല്ലെന്നും പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുമായി ബന്ധപ്പെട്ടാണ് പ്രശ്നങ്ങളുള്ളതെന്നും ഈ പ്രോജക്ട് നടപ്പിലാക്കിയപ്പോഴുള്ള റിപ്പോർട്ട് പരിശോധിച്ചപ്പോൾ അതിന്റെ തുടർനടപടികളെന്താണെന്നും പിന്നീട് എന്ത് ചെയ്തുവെന്ന കാര്യവും ഓഡിറ്റ് വകുപ്പിനെ കൃത്യമായി അറിയിച്ചില്ലെന്നതുമാണ് പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടി. ആകെ എത്രപേരെ പരിശോധിച്ചുവെന്നും പരിശോധന കാൻസർ സെന്ററിലാണോ നടത്തിയതെന്നും പ്രസ്തുത സെന്റർ അംഗീകാരമുള്ളതാണോയെന്നുമുള്ള

സമിതിയുടെ ചോദ്യത്തിന് കൊല്ലം ജില്ലാ ആശുപത്രിയിലെ കാൻസർ സെന്ററിനായിരുന്നു പരിശോധിക്കാനായി 8500/- രൂപ കൊടുത്തിരുന്നതെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടിനൽകി.

71. പഞ്ചായത്ത് നടത്തിയ പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർനടപടികളെന്തായിയെന്നും എത്ര പേരെ പരിശോധിച്ചുവെന്നും എത്ര പേർക്ക് രോഗം കണ്ടെത്തിയെന്നും എത്ര പേർക്ക് ചികിത്സാ സംവിധാനം ഏർപ്പെടുത്തിയെന്നുമുള്ള കാര്യങ്ങളാണ് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിട്ടും കൊടുക്കാതിരുന്നതെന്നും കൂടാതെ പഞ്ചായത്ത് നേരിട്ട് തുക കൈമാറുകയാണുണ്ടായതെന്നും സമിതി വ്യക്തമാക്കി.

72. കാൻസർ സെന്ററിലെ അക്കൗണ്ടിൽ പ്രശ്നമുണ്ടായിരുന്നതിനാലാണ് അപ്രകാരം ചെയ്തതെന്ന് ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു അക്കൗണ്ട് പോലുമില്ലാത്ത ഇതുപോലൊരു സ്ഥാപനത്തിന് വർക്ക് കൊടുത്ത് തുക നേരിട്ട് നൽകിയത് നടപടിക്രമങ്ങൾക്ക് വിരുദ്ധമായ കാര്യമാണെന്ന് സമിതി വിലയിരുത്തി.

73. കാൻസർ കെയർ സെന്ററിന്റെ പേരിൽ അക്കൗണ്ടില്ലാത്തതിനാൽ ഓംകാർ ടൈം സ്റ്റോർ നടത്തുന്നയാളുടെ അക്കൗണ്ട് നമ്പരിലേയ്ക്കാണ് തുക കൈമാറിയതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

74. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ കണ്ടെത്തിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും പണം നേരിട്ട് കൊടുക്കുക മാത്രമല്ല ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൗണ്ടിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്ത എന്നതുമാണ് ഓഡിറ്റ് പരാമർശിച്ചിട്ടുള്ളതെന്നും സമിതി അറിയിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൗണ്ടിലല്ല പണം ട്രാൻസ്ഫർ ചെയ്തതെന്നും ഓംകാർ എന്ന സ്ഥാപന ഉടമയുടെ അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തതെന്നും ക്ലാപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

75. സ്ഥാപനത്തിന്റെ പേരിൽ അക്കൗണ്ടില്ലെന്നും ഉടമസ്ഥന്റെ പേരിൽ അക്കൗണ്ടുണ്ടായിരുന്നതിനാൽ അതിലേയ്ക്ക് തുക നൽകിയതാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഇംപ്ലിമെന്റിംഗ്ഓഫീസർ ആണെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ തുക മാറാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

76. മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നതെന്ന് സമിതി വ്യക്തമാക്കി. മെഡിക്കൽ ഓഫീസർ ഇംപ്ലിമെന്റിംഗ് ഓഫീസറാണെങ്കിൽ ടിയാന്റെ പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണെന്നും ഇംപ്ലിമെന്റിംഗ് ഓഫീസറുടെ പേരിൽ തുക മാറാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറിന് നേരിട്ട് കൊടുക്കാനുള്ള നിർദ്ദേശമെന്തെങ്കിലും നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞു.

77. സാധാരണ നടപടിക്രമമനുസരിച്ച് ഇംപ്ലിമെന്റിംഗ് ഓഫീസർക്കാണ് പണം കൈമാറേണ്ടതെന്നും സർക്കാർ ഫണ്ടിന്റെ അക്കൗണ്ടബിലിറ്റി പ്രധാന്യമർഹിക്കുന്നതാണെന്നും അത് ചെലവഴിക്കുന്നതിന് വിവിധ മാർഗ്ഗനിർദ്ദേശങ്ങളും സംവിധാനങ്ങളുമുണ്ടെന്നും അത് പരിശോധിക്കുന്നതിനാണ് നിയമസഭാ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും തെറ്റായ നടപടിക്രമങ്ങളാണ് ഇവിടെ പാലിക്കപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. പാലിയേറ്റീവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളിലെല്ലാം അവ്യക്തതയുണ്ടെന്നും സാധാരണക്കാർക്കും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും വേണ്ടിയുള്ള പദ്ധതികളാണവയെന്നും അത്തരം പദ്ധതികൾ സുതാര്യതയില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നത് ശരിയല്ലെന്നും മഹാഭ്രരിപക്ഷം പ്രോജക്ടുകളിലും വ്യക്തതക്കുറവുണ്ടെന്നും എന്തെങ്കിലും ചെയ്ത് പണം ചെലവഴിക്കുകയെന്നത് ശരിയായ പ്രവണതയല്ലെന്നും സമിതി വിലയിരുത്തി.

78. കെ.എം.എസ്.സി.എൽ. മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ സമിതിയെ ബോധ്യപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു. കെ.എം.എസ്.സി.എൽ. പർച്ചേസ് ഓർഡർ അനുസരിച്ച് മരുന്ന് വിതരണം ചെയ്യുക മാത്രമേ ചെയ്യുന്നുള്ളുവെന്ന് കെ.എം.എസ്.സി.എൽ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു. പദ്ധതികൾ ശരിയായ രീതിയിലാണ് നടപ്പാക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെടേണ്ടതുണ്ടെന്നും ഗവൺമെന്റ് വിനിയോഗിക്കുന്ന പണത്തിന് അക്കൗണ്ടബിലിറ്റിയുണ്ടെന്നും അത് ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടെന്നും അത് ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ലെന്നും പ്രോജക്ടുകളുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്നുണ്ടെന്നും അതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് കൃത്യമായ മറുപടി നൽകാത്തത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി.

പെരിനാട് ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-15)

79. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

എഴുകോൺ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-13)

80. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് കൊല്ലം ജില്ലാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

പത്തനംതിട്ട ജില്ല

ചെറുകോൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-20)

81. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

മെഴുവേലി ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-25)

82. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-20)

83. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-15)

84. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

അയിരൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-24)

85. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ഏറത്ത് ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-23)

86. കെ.എം.എസ്.സി.എൽ.ൽ നിന്നും ലഭിക്കാൻ അവശേഷിച്ച 1,38,590/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും അതിൽ ₹1,38,025/-രൂപയുടെ ഉപകരണങ്ങളും മരുന്നുകളും ലഭിച്ചിട്ടുണ്ടെന്നും 565/-രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ടെന്നും അതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു

87. 565/-രൂപയുടെ മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് പ്രസ്തുത മരുന്നുകൾ ലഭ്യമല്ലാത്തതുകൊണ്ടാണ് നൽകാത്തതെന്നാണ് മെഡിക്കൽ ഓഫീസറിൽ നിന്നും വിവരം ലഭിച്ചിട്ടുള്ളതെന്നും അത് ചെറിയ തുക ആയതിനാൽ ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുക പ്രായോഗികമല്ലെന്ന് ഭരണസമിതി വിലയിരുത്തിയിരുന്നെന്നും അതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു

88. പ്രസ്തുത തുകയുള്ള മരുന്ന് പകരം നൽകുകയോ അല്ലെങ്കിൽ തുക റീഫണ്ട് ചെയ്യുകയോ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ വ്യക്തമാക്കി. പ്ലാൻ ഫണ്ടാണെങ്കിൽ റീഫണ്ട് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ

സെക്രട്ടറി സമിതിയെ അറിയിച്ചു. പകരം മരുന്ന് നൽകിയോ തുക റീഫണ്ട് ചെയ്തോ പ്രസ്തുത വിഷയം അവസാനിപ്പിക്കേണ്ടതാണെന്നെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത തുക ഈ വർഷം മരുന്നിന് ലഭിച്ചിട്ടുള്ള ഓർഡറിൽ അഡ്ജസ്റ്റ് ചെയ്യുന്നതാണെന്ന് കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം പരിഹരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-24)

89. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

ആലപ്പുഴ ജില്ല

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-27, 1-28(1), 1-28(2), 1-28(3))

90. കെ.എം.എസ്.സി.എൽ. മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്കായി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ലെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശമാണുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മരുന്ന് കിട്ടിയിട്ടുണ്ടെന്നും ബിൽ കിട്ടാത്തതിനാൽ സ്റ്റോക്ക് എടുക്കാൻ സാധിക്കുന്നില്ലെന്നും രണ്ടുമൂന്ന് തവണ കത്തെഴുതിയിട്ടും കെ.എം.എസ്.സി.എൽ. നടപടി സ്വീകരിച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു

91. കെ.എം.എസ്.സി.എൽ. ഇതുവരെ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും എന്നാൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഔഷധി, ഹോംകോ എന്നിവിടങ്ങളിൽ നിന്നും മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും കെ.എം.എസ്.സി.എൽ. രേഖകൾ ഹാജരാക്കിയാൽ

ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുമെന്നും സമിതി അറിയിച്ചു രേഖകൾ ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു

വീയപുരം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 1-25)

92. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയിന്മേൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

3	മൈക്ക് അനൗൺസ്മെന്റ്	30,000	MPH ലൈറ്റ് ആന്റ് സൗണ്ട്സ് മോങ്ങത്തിന്റെ 501/10.5.18 (7,500/-രൂപ), 502/11.7.18 (7,500/-രൂപ), 504/3.12.18 (7,500/-രൂപ), 503/20.12.18 (7,500/- രൂപ) എന്നീ ബില്ലുകൾ പ്രകാരം അനുവദിച്ചത്.
ആകെ		87,000	

ഈ പ്രോജക്ട് പ്രകാരം ചെലവ് ചെയ്ത തുകയുടെ വിശദ വിവരം താഴെ പറയുന്നു. ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 08.11.2010 പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ 5,000/- രൂപക്ക് മുകളിൽ 49,999/- രൂപ വരെ വിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത് ക്വട്ടേഷൻ മുഖേനയാണ്. എന്നാൽ ഈ പ്രോജക്ടിലെ മേൽ ക്രമ നമ്പർ 2, 3 സേവനങ്ങൾ സമാഹരിച്ചപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല. അപാകതയുടെ വെളിച്ചത്തിൽ ക്രമനമ്പർ 2, 3 സേവനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക 60,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം I.2.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

556. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

557. മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിൽ ക്വട്ടേഷൻ ക്ഷണിക്കാതെ വിവിധ purchase നടത്തിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡിക

പാലിയേറ്റീവ് പരിചരണം - മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല

[വേളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-35]

Para Number	1-35
Para Heading	പാലിയേറ്റീവ് പരിചരണം - മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.
Major Account Head	251000000 - Decentralised Plan Programme Service Sector - Expenditure

Detailed Account Head	251200301 - Health related Special Programs - General -Rural
Major Audit Head	Medical Officer (PHC/CHC)- Payments
Minor audit Head	Project implementation
Sub Audit Head	procurement
Detailed Sub Audit Head	Others, items not supplied for the transferred amount

പ്രോജക്ട് നമ്പർ - 59/19-20

വകയിരുത്തിയ തുക - 5,00,000/-

ചെലവു തുക - 4,76,645/-

പാലിയേറ്റീവ് പരിചരണത്തിനായി വകയിരുത്തിയ തുകയിൽ നിന്നും അടിയന്തര പരിചരണം ആവശ്യമുള്ള രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി ബിൽ നമ്പർ 17/19-20 തീയതി 31.03.2020 പ്രകാരം 68,000/- രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം അടവാക്കിയ തുകയ്ക്ക് വിവിധ ഘട്ടങ്ങളായി 13,254/- രൂപയുടെ ഉപകരണങ്ങൾ മാത്രമേ സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 54,746/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ അവശേഷിക്കുന്ന 54,746/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

558. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

559. കോഴിക്കോട് വേളം ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയറിനായി കെ.എം.എസ്.സി.എൽ.-ൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

[വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16]

Para Number	**1-15**
Para Heading	പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.
Major Account Head	251000000-Decentralised Plan Programme-Service Sector-Expenditure
Detailed Account Head	251200401-Medicines-General-Rural
Major Audit Head	Medical Officer (PHC/CHC)-Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Follow up actions
Detailed Sub Audit Head	Others, Medicines not received

പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കുവേണ്ടി മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഫണ്ടിൽ നിന്നും 2019-20 വർഷം 3,99,984/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഉടൻ നൽകുന്നു.

പ്രോജക്ട് നമ്പർ	181/19-20
പ്രോജക്ട്	പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	4,00,000 /-രൂപ
ചെലവ്	3,99,984/-രൂപ
ബിൽ നമ്പർ	06/19-20/19.12.19-65,184/-രൂപ
ബിൽ നമ്പർ	21/19-20/30.03.20-3,34,800/-രൂപ
നിർവഹണം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
ഫണ്ട്	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കുവേണ്ടി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3,99,984/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 2,14,297/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,85,687/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി(നം.6/2019-20/ 24.08.2021)ക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ മരുന്നുകളുടെ ലഭ്യത കുറവ് മൂലമാണ് മരുന്നുകൾ ലഭ്യമാകാതിരുന്നതെന്നും മരുന്നുകൾ വരുന്ന മുറയ്ക്ക് എത്തിച്ചു നൽകുന്നതാണെന്നും കെ.എം.സി.എൽ. അറിയിച്ചതായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മറുപടി നൽകിയിട്ടുണ്ട്. ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 1,85,687/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമായ ശേഷം സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

560. 1,85,687/- രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് വയനാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു Cyclopam Syrup എന്നത് പുതിയൊരു മെഡിസിനാണെന്നും ആയത് കുറച്ചുനാളായി കമ്പനി

കെ.എം.എസ്.സി.എൽ.-ന് സപ്ലൈ ചെയ്യുന്നില്ലെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ മരുന്ന് വരുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മരുന്ന് ലഭ്യമായാലുടനെ വിതരണം ചെയ്യുമെന്നും കെ.എം.എസ്.സി.എൽ. അസിസ്റ്റന്റ് മാനേജർ സമിതിയെ അറിയിച്ചു.

561. മരുന്ന് വിതരണം സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

562. മലപ്പുറം ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കെ.എം.എസ്.സി.എൽ.-ൽ നിന്നും പി.എച്ച്.സി.യിലേക്ക് മരുന്ന് ലഭ്യമാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

[വേങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32]

Para Number	**1-32**
Para Heading	പെയിൻ & പാലിയേറ്റീവ് പരിചരണം - പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.
Major Account Head	251000000-Decentralised Plan Programme-Service Sector-Expenditure
Detailed Account Head	251200101-PHC, CHC & Other Hospitals/ Dispensaries-General-Rural
Major Audit Head	Medical Officer (PHC/CHC)-Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Follow up actions
Detailed Sub Audit Head	Absence of follow-up action-project goals not achieved

പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര്	14/20 സ്നേഹ സാന്ത്വന പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം (സ്പർശം)
അടങ്കൽ	9,00,000 /-രൂപ
ചെലവ്	8,15,918/-രൂപ

മേൽ പ്രോജക്ടിലെ ഒരിനമായ പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്ന വാങ്ങുന്നതിനായി ബിൽ നം. 12/19-20 തീയതി 05.03.2020 പ്രകാരം മെഡിക്കൽ ഓഫീസർ 1,00,000/- രൂപ പിൻവലിക്കുകയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 49,293/- രൂപയുടെ മരുന്ന (മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ 19.02.2020-ലെ PRF 4724 നമ്പർ ഇൻവോയ്സിലെ item നമ്പർ 19 പ്രകാരമുള്ളത്) മാത്രമാണ് ഇതുവരെ കിട്ടിയിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭ്യമാക്കാത്തതിന്റെ കാരണം, ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.11/തീയതി 26.03.2021)ത്തിന് മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ പെയിൻ ആന്റ് പാലിയേറ്റീവ് (സാന്ത്വന പരിചരണം) പോലുള്ള ഒരു പദ്ധതിക്ക് 3/2020-ൽ തുക മുൻകൂറായി ഒടുക്കിയിട്ടും ഒരു വർഷമായിട്ടും മരുന്ന ലഭ്യമായിട്ടില്ല എന്നത് ഗൗരവപൂർവം കാണേണ്ട വിഷയമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

563. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

564. കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.യിൽ മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പി.എച്ച്.സി.യിലേയ്ക്ക് ഹെമറ്റോളജി അനലൈസർ വാങ്ങിയത്-നിർവഹണത്തിലെ അപാകതകൾ

[കാറഡുക്ക ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23]

Para Number	**1-23**
Para Heading	പി.എച്ച്.സി. യിലേയ്ക്ക് ഹെമറ്റോളജി അനലൈസർ വാങ്ങിയത്-നിർവഹണത്തിലെ അപാകതകൾ
Major Account Head	251000000-Decentralised Plan Programme-Service Sector-Expenditure
Detailed Account Head	251200301-Health related Special Programmes-General-Rural
Major Audit Head	Medical Officer (PHC/CHC)-Payments
Minor Audit Head	Project Implementation
Sub Audit Head	Procurement
Detailed Sub Audit Head	Others, Agreement conditions not maintained

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (അലോപ്പതി)

പ്രോജക്ട് നമ്പർ 168/20 (ഹെമറ്റോളജി അനലൈസർ 3 പാർട്ട്-വാങ്ങൽ)

ചെലവഴിച്ച ഇക 1,81,814/-ബിൽ നമ്പർ 3/2019-20 തീയതി 11.07.2019 (വികസന ഫണ്ട് പൊതുവിഭാഗം)

ഓഡിറ്റ് വർഷം പി.എച്ച്.സി.യിലേക്ക് രോഗികളുടെ രക്തപരിശോധന വേഗത്തിലാക്കാനും, ശരിയായ ചികിത്സ യഥസമയം ലഭ്യമാക്കാനുമായി കേരള മെഡിക്കൽ കോർപ്പറേഷൻ മുഖാന്തിരം ഹെമറ്റോളജി അനലൈസർ (MODEL MEDONIC M32B) വാങ്ങിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- LABX എന്ന സപ്ലൈയറിൽ നിന്നാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഉപകരണം വാങ്ങി പഞ്ചായത്തിന് നൽകിയത്. കരാർ നിബന്ധനകളിൽ ഒന്നാമതായി സപ്ലൈയർ പർച്ചേസുമായി ഒരു കരാർ വയ്ക്കണം എന്ന് നിഷ്കർഷിച്ചിരുന്നുവെങ്കിലും കരാർ ഓഡിറ്റിൽ ഹാജരാക്കിയില്ല.
- സപ്ലൈ ഓർഡറിന്റെ അഞ്ചു ശതമാനം മൂല്യം വരുന്ന പെർഫോർമൻസ് സെക്യൂരിറ്റി വയ്ക്കണമെന്ന് പറഞ്ഞിരുന്നുവെങ്കിലും ആയത് ഓഡിറ്റിനായി ഹാജരാക്കിയില്ല.
- സുരക്ഷാ സർട്ടിഫിക്കറ്റായ CE-IVD/FDA/(US)STQC CB CERTIFICATE/ STQCS ക്ഷമതയുള്ള അധികാരികളിൽ നിന്ന് വാങ്ങിയതിന്റെ രേഖകളും ഇലക്ട്രിക്കൽ ആന്റ് ഫങ്ഷണൽ സുരക്ഷാ ടെസ്റ്റ് റിപ്പോർട്ടും ഫയലിൽ ഇല്ല.
- ഉപകരണത്തിന്റെ സ്ഥാപനം കഴിഞ്ഞ് നിലവിൽ ഓഡിറ്റ് നടക്കുന്നത് വരെയുള്ള ജൂലൈ 2020, ജനുവരി 2021 എന്നീ മാസങ്ങളിൽ പ്രിവന്റീവ് മെയിന്റനൻസ് നടത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ അത്തരത്തിൽ ഷെഡ്യൂൾ പ്രകാരമുള്ള പ്രിവന്റീവ് മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.
- ഉപകരണം സ്ഥാപിക്കുന്ന വേളയിൽ രക്തപരിശോധനയ്ക്കായി ഉപയോഗിക്കുന്ന രാസലായനികൾ (Reagents) ഏതൊക്കെ, എന്തൊക്കെ നൽകിയെന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് എത്ര രോഗികളിൽ ഉപയോഗിക്കാം എന്നതിന്റെ വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,81,814/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

565. ഹെമറ്റോളജി അനലൈസർ എന്ന രക്തപരിശോധന മെഷീൻ വാങ്ങുന്നതിനാണ് 1,81,814/- രൂപ വിനിയോഗിച്ചിട്ടുള്ളതെന്നും അന്ന് പ്രസ്തുത മെഷീന്റെ കമ്പനിക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്നും പെർഫോർമൻസ് സെക്യൂരിറ്റി വാങ്ങിയിട്ടില്ലെന്നുമാണ് ഓഡിറ്റ് പരാമർശമെന്നും കേരളാ മെഡിക്കൽ കോർപ്പറേഷൻ ലാബ് എക്സ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്യുന്ന രീതിയിലാണ് വാങ്ങിയിരിക്കുന്നതെന്നും ഓഡിറ്റ് സമയത്ത് രേഖകൾ വേണ്ട വിധത്തിൽ അവതരിപ്പിക്കാൻ കഴിയാത്തതിലുള്ള പ്രശ്നമാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും അതിന്റെ വിശദാംശവും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ള റിപ്പോർട്ടും ഓഡിറ്റിന് കൊടുത്തിട്ടുള്ളതാണെന്നും നിലവിൽ മെഷീൻ വളരെ കാര്യക്ഷമമായി പി.എച്ച്.സി.-യിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ വിശദീകരിച്ചു.

566. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

567. തദ്ദേശസ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ ഹെമറ്റോളജി അനലൈസർ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പാലിയേറ്റീവ് കെയർ – അവലോകനം

[വടവന്നൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32]

Para Number	1-32
Para Heading	പാലിയേറ്റീവ് കെയർ - അവലോകനം
Major Account Head	251000000 - Decentralised Plan Programme - Service Sector - Expenditure
Detailed Account Head	251200301 - Health related Special Programs - General - Rural
Major Audit Head	Medical Officer (PHC/CHC) - Payments
Minor Audit Head	Monitoring and further procedures
Sub Audit Head	Monitoring
Detailed Sub Audit Head	Absence of proper monitoring - project goals not achieved

2019-20-ൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പരും പേരും	നിർവഹണ ഉദ്യോഗസ്ഥൻ	തുക വിനിയോഗം		
		ഫണ്ടിനം	അടങ്കൽ	ചെലവ്
11/20, സാന്ത്വന പരിചരണ ചികിത്സാ പദ്ധതി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	പ്ലാൻ ഫണ്ട് - ജനറൽ	1,22,222	96,420
		ബ്ലോക്ക് വിഹിതം	3,77,778	1,10,140
		ആകെ	**5,00,000**	**2,06,560**

വകയിരുത്തിയ തുകയുടെ 41.31 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

a) പഞ്ചായത്തുതല പ്രവർത്തനങ്ങൾ

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ആയുർവേദ ഡോക്ടറുടെ സേവനം രോഗികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ക്വട്ടേഷൻ മുഖേന മാനദണ്ഡങ്ങൾ പാലിച്ചാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. എന്നാൽ രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലുകൾ നടത്തിയിട്ടില്ല 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

രജിസ്റ്റർ ചെയ്ത ആകെ രോഗികൾ	741
രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ	298
രോഗം ഭേദമായവർ / ചികിത്സ നിർത്തിയവർ	59
ഫോളോ അപ്പ് രോഗികൾ	115
ഒ.പി.യിൽ ചികിത്സ തേടുന്നവർ	64
സെക്കന്ററി കെയർ ഉള്ളവർ	19
ഫിസിയോ തെറാപ്പി ചെയ്യുന്നവർ	15
60 വയസ്സിന് മുകളിലുള്ള രോഗികൾ	75
കാൻസർ രോഗികൾ	36
ഡയാലിസിസ് ചെയ്യുന്നവർ	2
മോർഫിൻ കഴിക്കുന്നവർ	1

b) വാർഡ്/സബ്സെന്ററ്തല പ്രവർത്തനങ്ങൾ

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി

വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

c) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പി.എം.സി. പുന:സംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 31.10.2019, 27.02.2020, 30.03.2020 എന്നീ തീയതികളിലായി 3 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ വരവ്-ചെലവുകൾ പി.എം.സി. യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

d) ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന്

സ.ഉ.(സാധാ) 519/2019/തസ്വഭവ. തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 29.04.2019, 19.07.2019, 27.08.2019, 16.01.2020, 27.02.2020 എന്നീ തീയതികളിൽ ചേർന്ന അവലോകന യോഗങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മാത്രമാണ് ചർച്ചയായിട്ടുള്ളത്. എല്ലാ മാസവും യോഗങ്ങൾ ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല

e) വിഭവ സമാഹരണം

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല

f) മോണിട്ടറിംഗ്

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ച ചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/15.07.2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശകൾ</u>

- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാകേണ്ട മെഡിക്കൽ ഉപകരണങ്ങളും, മരുന്നുകളും കാലതാമസമില്ലാതെ തന്നെ ലഭ്യമാക്കി അർഹരായ രോഗികൾക്ക് എത്തിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുവാൻ വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

- പഞ്ചായത്ത്/വാർഡ്/സബ്സെന്റർതല പാലിയേറ്റീവ് പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, അവലോകന യോഗങ്ങൾ, വിഭവ സമാഹരണം എന്നിവയുടെ മോണിറ്ററിംഗ് ജില്ലാ തലത്തിൽ ശക്തിപ്പെടുത്തേണ്ടതാണ്.
- ആയുർവേദ, അലോപ്പതി, ഹോമിയോ മരുന്നുകളുടെ ലഭ്യതയിലെ കാലതാമസം വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നുണ്ടെങ്കിലും നാളിതുവരെ പരിഹാരമാവാതെ വിഷയം ആവർത്തിക്കുന്നതിനാൽ സർക്കാർ തലത്തിൽ മേൽനടപടി കൈക്കൊള്ളേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.2.14)

ഓഡിറ്റ് ഖണ്ഡികക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

568. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് നിരീക്ഷിച്ച പൊതുവായ ചില കാര്യങ്ങൾക്ക് ആരോഗ്യ വകുപ്പ് നേരിട്ട് മറുപടി സമിതിയിൽ നൽകുമെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ, വാർഡ്/സബ് സെന്റർതല പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ, വിഭവ സമാഹരണം, മോണിറ്ററിംഗ് എന്നിവയാണ് പരാമർശിക്കപ്പെട്ടിട്ടുള്ളതെന്നും എന്നാൽ ഇവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് നേരിട്ട് മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും സമിതി അറിയിച്ചു.

569. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറിയെ വിളിച്ച് അന്വേഷിച്ചുവെങ്കിലും മറുപടി ലഭ്യമായില്ലെന്നും എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി നടത്തുന്നതിനായി ആശാ വർക്കർമാരെയും ഹെൽത്ത് ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി കമ്മിറ്റി

രൂപീകരിക്കുന്നതിൽ വളരെ മുന്നിൽ നിൽക്കുന്ന കുറേ പഞ്ചായത്തുകളുണ്ടെന്നും ആശാ വർക്കർമാർക്കും ഹെൽത്ത് ഇൻസ്പെക്ടർമാർക്കും നിർദ്ദേശങ്ങൾ നൽകിയശേഷം ആ മോഡലിൽ പഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചാൽ മതിയാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സമിതി മുൻപാകെ വിശദീകരിച്ചു.

570. പാലിയേറ്റീവ് കെയർ വളരെ പ്രാധാന്യമുള്ളതാണെങ്കിലും അതിന്റെ മോണിറ്ററിംഗ്, മരുന്ന് ലഭ്യത, സബ്സെന്റർ തലത്തിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം തുടങ്ങി മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കുറേ പ്രശ്നങ്ങൾ പരാമർശിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാമെന്നാണ് ഗവൺമെന്റ് അറിയിച്ചിരുന്നതെന്നും സമിതി അറിയിച്ചു. ആരോഗ്യ വകുപ്പിന്റെ മറുപടി ലഭിച്ച ശേഷം തീരുമാനമെടുക്കാമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എങ്ങനെ സാധിക്കുമെന്നാണ് ആലോചിക്കേണ്ടതെന്നും പാലിയേറ്റീവ് മെഡിസിൻസ് സമയബന്ധിതമായി എത്തിക്കുന്നില്ലെന്ന പരാമർശമാണ് ഉണ്ടായിരിക്കുന്നതെന്നും സമിതി വിലയിരുത്തി.

നിഗമനങ്ങളും ശിപാർശകളും

571. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട പൊതുവായ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ആരോഗ്യ വകുപ്പിൽ നിന്നും റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി രൂപീകരിക്കാതെ തനത് ഫണ്ട് ചെലവഴിക്കുന്നു

കേരള പഞ്ചായത്ത്രാജ് നിയമപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ

നിറവേറ്റുന്നതിന് വേണ്ട പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് തദ്ദേശസ്ഥാപനത്തിന്റെ ചുമതലയാണ്. അനിവാര്യചെലവുകൾക്കും അനുവദനീയമായ മറ്റുചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റിവച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരിക്കാതെ തനത് ഫണ്ട് ചെലവഴിക്കുന്നു. തിരഞ്ഞെടുത്ത ഏതാനും പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി രൂപീകരിക്കാതെയും വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയും ചെയർപേഴ്സൺ വാഹനം വാങ്ങി

[കരുനാഗപ്പള്ളി നഗരസഭ ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖ. 1-16]

നഗരസഭാ ചെയർപേഴ്സന്റെ ഔദ്യോഗികാവശ്യത്തിലേക്ക് തനത് ഫണ്ടിൽ നിന്ന് 10,20,136/- രൂപ ചെലവഴിച്ച് വാഹനം വാങ്ങി. എന്നാൽ പ്രസ്തുത വാങ്ങലിനുവേണ്ടി 2018-19 വർഷം പദ്ധതി തയ്യാറാക്കുകയോ ബഡ്ജറ്റിൽ വിഹിതം നീക്കി വയ്ക്കുകയോ ചെയ്തിട്ടില്ല. ചെയർപേഴ്സൺ ഔദ്യോഗിക ആവശ്യത്തിലേക്ക് ഉപയോഗിച്ചിരുന്ന വാഹനം കണ്ടം ചെയ്തതിനെ തുടർന്ന് പുതിയ വാഹനം വാങ്ങുന്നതിലേക്ക് 2016-17 ൽ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും പ്രസ്തുത കാലയളവിൽ വാഹനം വാങ്ങാതിരുന്നതിനെ തുടർന്ന് 2017-18 ൽ സ്പിൽഓവർ പ്രോജക്ട് തയ്യാറാക്കിയെങ്കിലും വാങ്ങലിനുള്ള നടപടികൾ ആരംഭിച്ചത് സാമ്പത്തിക വർഷത്തിന് അവസാനം മാത്രമാണ്. വാഹനം വാങ്ങലിനായി ആരംഭിച്ച ഇ-ടെൻഡർ നടപടികളിൽ സാങ്കേതിക പിഴവ് വന്നതിനെ തുടർന്ന് സ്വീകരിക്കേണ്ട പുനർദർഘാസിനുള്ള നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാഹനം വാങ്ങിയത്. സ്പിൽഓവർ പദ്ധതി നടപ്പിലാക്കുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2018-19 വർഷത്തിൽ പുതിയ പദ്ധതി തയ്യാറാക്കി ഇ-ടെൻഡർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് വാഹനം വാങ്ങാമെന്നിരിക്കെ ആയതിനുവേണ്ടി പദ്ധതി തയ്യാറാക്കുകയോ ബഡ്ജറ്റിൽ തുക വകയിരുത്തുകയോ ചെയ്യാതെ 2017-18-ലെ വാങ്ങൽ നടപടികളുടെ തുടർച്ചയെന്നവണ്ണം ക്വട്ടേഷൻ നടപടി സ്വീകരിക്കുകയും ലഭ്യമായ ഏക ക്വട്ടേഷനെ ആധാരമാക്കി വാഹനം

വാങ്ങുകയും ചെയ്യ. നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടെയോ അംഗീകാരം ആവശ്യമില്ലാതെ തന്നെ ഏപ്രിൽ 1 മുതൽ നടപ്പിലാക്കാമെന്നിരിക്കെ 2016-17 ൽ ആവിഷ്കരിച്ച പദ്ധതി 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിൽ തന്നെ സ്പിൽഓവർ പദ്ധതിയായി നടപടിക്രമങ്ങൾ പാലിച്ച് നിർവഹണം നടത്താമായിരുന്നു. അത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്താതെയും പ്രൊക്യൂയർമെന്റ്/സ്റ്റോർപർച്ചേസ് നിയമങ്ങൾ പാലിക്കാതെയുമാണ് അംഗീകൃത പ്രോജക്ടില്ലാതെ തുക ചെലവഴിച്ചത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

572. കരുനാഗപ്പള്ളി നഗരസഭ ചെയർപേഴ്സണ് വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശമാണെന്നും 2016-17-ലെ വാർഷിക പദ്ധതിയിൽ അംഗീകരിച്ച ഒരു പ്രോജക്ട് പിന്നീട് നടപ്പാക്കിയപ്പോൾ തനത് ഫണ്ടിൽനിന്നും 8 ദിവസം കഴിഞ്ഞ് പണം കൊടുത്തുവെന്നതാണ് പ്രധാന ഓഡിറ്റ് നിരീക്ഷണമെന്നും എന്നാൽ ഇതുമൂലം നഗരസഭയ്ക്കോ പൊതുജനങ്ങൾക്കോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും തനത് ഫണ്ട് ആയതുകൊണ്ട് മാത്രമാണ് സ്പിൽഓവറിൽ എൻട്രി വരുത്താൻ സാധിക്കാതെ വന്നതെന്നും കരുനാഗപ്പള്ളി മുൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ടാമത്തെ പരാമർശം ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഒരു സ്ഥാപനം മാത്രമേ പങ്കെടുത്തിട്ടുള്ളൂവെന്നതാണെന്നും കൊല്ലം ജില്ലയിൽ മുത്തൂറ്റ് ഹോണ്ടയിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെന്നത് സാങ്കേതിക തടസ്സം മാത്രമാണെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും കരുനാഗപ്പള്ളി മുൻസിപ്പൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

573. 2016-17 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് അംഗീകാരം ആയെങ്കിലും പ്രസ്തുത വർഷം വാഹനം വാങ്ങാതിരുന്നതിനാൽ 2017-18-ൽ സ്പിൽഓവർ

പദ്ധതിയാക്കി മാറ്റിയിരുന്നുവെന്നും എന്നാൽ ആ വർഷവും അത് നടപ്പാക്കാൻ സാധിച്ചില്ലെന്നും 2018-19-ൽ മാത്രമാണ് അത് നടപ്പാക്കിയതെന്നും 2018-19-ൽ ബഡ്ജറ്റ് അപ്രോപ്രിയേഷൻ ഇല്ലാതെയാണ് തുക ചെലവഴിച്ചതെന്നും പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ ഈ പ്രോജക്ടിനുവേണ്ടി തുക നീക്കിവച്ചിട്ടില്ലായിരുന്നുവെന്നും ഇ-ടെണ്ടർ ചെയ്തില്ല എന്ന ഓഡിറ്റ് പരാമർശം നിലനിൽക്കുന്നുണ്ടെന്നും ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും ഓഫറുകൾ ലഭിക്കാത്തതിന്റെ ഫലമായി ക്വട്ടേഷൻ ക്ഷണിക്കുകയും ഒരെണ്ണം മാത്രം ലഭിക്കുകയും ചെയ്തുവെന്നും ഒരു ക്വട്ടേഷൻ മാത്രം ലഭിക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാഹനം വാങ്ങിയിട്ടുള്ളതെന്നും ഓഡിറ്റ് വിഭാഗം മുഖ്യമായും കണ്ടെത്തിയത് ബഡ്ജറ്റ് അപ്രോപ്രിയേഷൻ ഇല്ലെന്നും 2018-19-ൽ അംഗീകാരം വാങ്ങിയ പ്രോജക്ടല്ല ഇതെന്നുമുള്ളതാണെന്നും അപ്രൂവ്ഡ് പ്രോജക്ട് പോലും ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന ഓഡിറ്റ് നിരീക്ഷണമാണുള്ളതെന്നും കൊല്ലം ജില്ലാ ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു

574. ഒരു വർഷം അംഗീകരിച്ച പ്രോജക്ട് സ്പിൽഓവർ ആയി വന്നാൽ വീണ്ടും അതേ പ്രോജക്ടിന് അംഗീകാരം വാങ്ങണമോയെന്ന സമിതിയുടെ ചോദ്യത്തിന് 2016-17 വർഷം കൊണ്ടുവന്ന പ്രോജക്ട് അടുത്ത വർഷത്തേക്ക് സ്പിൽഓവർ ചെയ്തുവെങ്കിലും ആ വർഷവും നടപ്പാക്കാൻ സാധിച്ചില്ലെന്നും ടെണ്ടർ ചെയ്തെങ്കിലും ഓഫറുകൾ ലഭിച്ചിട്ടില്ലെന്നും തുടർന്ന് 2018-19-ൽ ക്വട്ടേഷൻ വിളിച്ച് വണ്ടി പർച്ചേസ് ചെയ്തുവെന്നതിനാൽ സ്പിൽഓവർ പദ്ധതിയായി കണക്കാക്കാൻ കഴിയില്ലെന്നും നഗരസഭയുടെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെന്നും അനിവാര്യമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ തൊട്ടടുത്ത വർഷത്തെ ബഡ്ജറ്റിൽ അത് റീ-അപ്രോപ്രിയേഷൻ നടത്തിയാൽ മതിയെന്നും ആ നടപടിക്രമം നടത്തിയിട്ടുണ്ടോയെന്ന് നഗരസഭാ സെക്രട്ടറി വ്യക്തമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു

575. ടെണ്ടർ വിളിച്ചപ്പോൾ വാഹനം ലഭ്യമല്ലാത്തതിനാലാണ് ക്വട്ടേഷൻ വിളിച്ച് വാഹനം വാങ്ങിയതെന്നും നഗരസഭാ ചെയർമാന്റെ നിലവിലുണ്ടായിരുന്ന വാഹനം കണ്ടം ചെയ്തുകൊടുത്തതായും 10,20,000 രൂപയാണ് പുതിയ വാഹനം വാങ്ങുന്നതിന് ചെലവായതെന്നും നിലവിൽ നിയമപ്രകാരം നഗരസഭാ ചെയർമാന്റെ ആവശ്യത്തിനായി 15 ലക്ഷം രൂപയുടെ വരെ വാഹനം വാങ്ങാൻ സാധിക്കുമെന്നും 2022-ന് മുമ്പാണെങ്കിൽ 13 ലക്ഷം രൂപ വരെ വിനിയോഗിക്കാമായിരുന്നുവെന്നും അതിനുമുമ്പ് 10 ലക്ഷം രൂപയുടെ സീലിംഗ് ഉണ്ടായിരുന്നുവെന്നും വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട് സാങ്കേതിക തടസ്സം മാത്രമേയുള്ളുവെന്നും സാമ്പത്തിക നഷ്ടമോ ക്രമക്കേടോ ഉണ്ടായിട്ടില്ലെന്നും അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു

576. ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാങ്ങിയതിൽ തെറ്റില്ലെന്നും റീ-അപ്രോപ്രിയേഷൻ നടത്തിയിട്ടുണ്ടോയെന്ന പ്രശ്നം മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും സമിതി അഭിപ്രായപ്പെട്ടു. മാർച്ച് 29-ന് കമ്പനി വാഹനം കൈമാറിയിരുന്നുവെന്നും 28 ദിവസം കഴിഞ്ഞാണ് പേമെന്റ് പാസാക്കിയതെന്നും അത് ഇംപ്ലിമെന്റ് ചെയ്തത് ഡി.പി.സി. അംഗീകരിച്ച വർഷം തന്നെയാണെന്നും ഇവിടെ ചെക്ക് എഴുതിയ ഡേറ്റ് സംബന്ധിച്ച സാങ്കേതിക പ്രശ്നം മാത്രമാണുള്ളതെന്നും അത് തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലായി പോയി എന്ന പ്രശ്നം മാത്രമേയുള്ളുവെന്നും കരുനാഗപ്പള്ളി മുൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

577. മുനിസിപ്പൽ ആക്ട് പ്രകാരം ഒരു സാമ്പത്തിക വർഷം അനിവാര്യമായ ചില കാര്യങ്ങൾ ഏറ്റെടുക്കേണ്ടതായി വരുമെന്നും അതിന് ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടാകണമെന്നില്ലെന്നും പിന്നീട് അത് റീ-അപ്രോപ്രിയേഷന് വിധേയമാക്കിയാൽ മതിയെന്നും നിയമപരമായി അതിന് അനുവാദമുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

578. ഡേറ്റിന്റെ പ്രശ്നം കാരണം റീ-അപ്രോപ്രിയേഷനുള്ള നടപടി സ്വീകരിച്ചുകാണില്ലെന്ന് സമിതി നിരീക്ഷിച്ചു. തനത് ഫണ്ടായതുകൊണ്ടാണ് അത്തരത്തിൽ സംഭവിച്ചതെന്നും സാങ്കേതിക പ്രശ്നം മാത്രമാണതെന്നും പ്രസ്തുത നടപടി ആവർത്തിക്കില്ലെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നും കരുനാഗപ്പള്ളി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിനകത്തെ വിഷയം തനത് ഫണ്ടാണെങ്കിലും പ്രോജക്ടിന് അപ്രൂവൽ ഇല്ലെന്നതാണ് വിഷയമെന്നും കൂടാതെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും സർക്കാർ റേറ്റിൽ വാങ്ങാമായിരുന്നുവെങ്കിലും അങ്ങനെ ചെയ്തിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

579. GeM എന്ന പോർട്ടൽ മുഖേന വാഹനം വാങ്ങാൻ കഴിയാതെ വന്നപ്പോൾ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത രീതിയും പ്രാവർത്തികമാക്കാൻ കഴിയാതെ വന്നപ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാങ്ങിയതിൽ തെറ്റില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു. GeM മുഖാന്തിരം വാഹനം വാങ്ങുവാൻ ശ്രമിച്ചിരുന്നുവോയെന്ന് സമിതി ആരാഞ്ഞതിന്, GeM-ൽ പ്രസ്തുത വാഹനം അന്ന് ലഭ്യമല്ലായിരുന്നുവെന്ന് ഓഡിറ്റ് അംഗീകരിച്ചിട്ടുണ്ടെന്നും 2017-18-ൽ ഡി.പി.സി. അംഗീകാരം കിട്ടിയ പ്രോജക്ടാണിതെന്നും തനത് ഫണ്ടായതുകൊണ്ട് മാത്രമാണ് സാങ്കേതിക തടസ്സം ഉണ്ടായിട്ടുള്ളതെന്നും പദ്ധതി വിഹിതം ഉപയോഗിച്ചിട്ടില്ലെന്നും നഗരസഭയുടെ തനത് ഫണ്ടാണ് ഉപയോഗിച്ചിരിക്കുന്നതെന്നും 2017-18-ൽ വ്യക്തമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഉള്ളതുമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

580. വാഹനം വാങ്ങിയതിന് ശേഷം പണം കൊടുത്തപ്പോൾ മാർച്ച് മാസം കഴിഞ്ഞിരുന്നുവെന്നും അതുനിമിത്തമുള്ള സാങ്കേതിക തടസ്സമാണ് ഉണ്ടായിരിക്കുന്നതെന്നും വിലയിരുത്തിയ സമിതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

581. കരുനാഗപ്പള്ളി നഗരസഭ ചെയർപേഴ്സൺ വാഹനം വാങ്ങിയതിന് ശേഷം പണം കൊടുത്തപ്പോൾ മാർച്ച് മാസം കഴിഞ്ഞിരുന്നുവെന്നും അതുനിമിത്തമുള്ള സാങ്കേതിക തടസ്സമാണ് ഉണ്ടായിരിക്കുന്നതെന്നും വിലയിരുത്തിയ സമിതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പ്രോജക്ട് അംഗീകാരമില്ലാതെ തനത് ഫണ്ടിൽ നിന്നും വാങ്ങലുകൾ നടത്തി
[കരിമ്പ ഗ്രാമപഞ്ചായത്ത്, പാലക്കാട് 2019-20, ഖ.1-31]

Para Number	1-31
Para Heading	പ്രോജക്ട് അംഗീകാരമില്ലാതെ തനത് ഫണ്ടിൽ നിന്നും വാങ്ങലുകൾ നടത്തി
Major Account Head	220000000- Administrative Expenses - Expenditure
Detailed Account Head	220210102- Stationery Expenses - Rural
Major Audit Head	Secretary - Payments
Minor Audit Head	Project sanction/approval
Sub Audit Head	Approval from competent authority
Detailed Sub Audit Head	Implementation without proper approval from Competent Authority- Non-Compliance of Conditions in Guide lines (GO(MS) 11/2018 LSGD dtd 29.01.2018 (3.8.1)

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രോജക്ട് അംഗീകാരമില്ലാതെ തനത് ഫണ്ട് ചെലവഴിച്ച് വിവിധ വൗച്ചറുകൾ പ്രകാരം 95,831/- രൂപ ചെലവഴിച്ച് ഫർണിച്ചർ, പ്രിന്റർ ഇവ വാങ്ങി. പ്രോജക്ട് അംഗീകാരമില്ലാതെയും പ്രൊക്യൂർമെന്റ്/സ്റ്റോർപർച്ചേസ് നിബന്ധനകൾ പാലിക്കാതെയുമാണ് വാങ്ങൽ നടത്തിയത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

582. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

583. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.

ഓഡിറ്റ് ഖണ്ഡിക

പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി

[മലമ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്,ഓഡിറ്റ് റിപ്പോർട്ട് 2019-20, ഖ.1-15]

Para Number	1-15
Para Heading	പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി
Major Account Head	230000000- Operations & Maintenance-Expenditure
Detailed Account Head	230300199- Consumption of Stores - Other Stores - Rural
Major Audit Head	Secretary - Payments
Minor Audit Head	Project sanction/approval
Sub Audit Head	Approval from competent authority
Detailed Sub Audit Head	Implementation without proper approval from Competent Authority- Non-Compliance of Conditions in Guide lines (GO(MS) 11/2018 LSGD dtd 29.01.2018 (3.8.1)

തനത് ഫണ്ടിൽ നിന്നും വിവിധ വൗച്ചറുകൾ പ്രകാരം 1,45,500/- രൂപ ചെലവഴിച്ച് യു. പി. എസും, യു. പി. എസ്. ബാറ്ററികളും വാങ്ങി. പ്രസ്തുത പ്രവർത്തികൾക്ക് പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനുപകരം പെറ്റി

പർച്ചേസ് എന്ന രീതിയിലാണ് തുകകൾ ചെലവഴിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. തീ.08.11.2010) പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കണം എന്നുള്ള മാർഗ്ഗനിർദ്ദേശവും പാലിച്ചിട്ടില്ല.

ശിപാർശകൾ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. അടിയന്തരസ്വഭാവമുള്ള പ്രവൃത്തികൾക്കൊഴികെയുള്ള ചെലവുകൾ പ്രോജക്ട് രൂപീകരിച്ച് ചെലവഴിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

584. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

585. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശകൾ

ഓഡിറ്റ് വകുപ്പിന്റെ ശിപാർശകൾ സമിതി അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡിക

തിരുവനന്തപുരം കോർപ്പറേഷൻ

സ്കൂൾ എസ്.എം.എസ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 50,01,580/- രൂപ പാഴ്ചെലവ്

[ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 3-1)

പ്രോജക്ട് നം. : 1317/19

അടങ്കൽ തുക : 65,00,000/- രൂപ

ചെലവ് തുക : 50,01,580/- രൂപ

ബിൽ നമ്പർ : 1317/19 തീയതി 15.12.2018

ഇ-ബിൽ നമ്പർ : 18010147013400942063

നിർവഹണോദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, മണക്കാട് വി.എച്ച്. എസ്.എസ്.

സംസ്ഥാനത്തെ സ്കൂളുകളിൽ Information Kerala Mission-ന്റെ 'സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' വെബ്പോർട്ടൽ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകളോടെ 12.08.2015-ലെ സ.ഉ.(സാധാ)നം. 2486/2015/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ നഗരസഭാ പരിധിയിലെ എയ്ഡഡ്/ഗവൺമെന്റ് സ്കൂളുകളിലും IKM ന്റെ 'സഹായ' വെബ്പോർട്ടലിന്റെ സഹായത്തോടെ സ്കൂൾ എസ്.എം.എസും, സ്കൂൾ കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണവും നഗരസഭ എച്ച്.ആർ.ഇ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി.

ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 50,01,580/- രൂപ ചെലവഴിച്ചു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

- കുട്ടികളുടെ വിവരശേഖരണം, ഡാറ്റാ എൻട്രി - 5,02,790/- രൂപ (50279 കുട്ടികൾക്ക് @ 10 രൂപ നിരക്ക്)

- ഫോട്ടോ സ്കാനിംഗ് ആന്റ് അപ് ലോഡിംഗ് - 5,02,790/- രൂപ
  (50279 കുട്ടികൾക്ക് @ 10 രൂപ നിരക്ക്)
- ഐ. ഡി. കാർഡ് പ്രിന്റിംഗ് ടാഗ് ഉൾപ്പെടെ -39,96,000/- രൂപ
  (39960 കുട്ടികൾക്ക് @ 100 രൂപ നിരക്ക്)
  ആകെ- 50,01,580/- രൂപ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.1)

സ്കൂൾ എസ്.എം.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.ഡി. കാർഡ് നിർമ്മിച്ചതിൽ കാർഡ് ഒന്നിന് 120 രൂപ വീതം നൽകിയെന്ന ഓഡിറ്റ് പരാമർശമാണുള്ളതെന്നും നിലവിൽ ഐ.ഡി. കാർഡിന് 83 രൂപ വച്ചാണ് നൽകുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി വ്യക്തമാക്കി.

തുടർച്ചയായി നടന്നുവരുന്ന പ്രോജക്ടാണിതെന്നും നടപ്പ് വർഷവും പ്രോജക്ട് വച്ചിട്ടുണ്ടെന്നും എല്ലാ വിദ്യാർത്ഥികൾക്കും ഐ.ഡി. കാർഡ് കൊടുക്കുന്നതിനും എസ്.എം.എസ്. അലർട്ട് കൊടുക്കുന്നതിനും വേണ്ടിയുള്ളതാണെന്നും അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

586. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

587. സ്കൂൾ എസ്.എം.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഡേറ്റാ എൻട്രി രേഖകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല - 10,05,580 രൂപ തടസ്സപ്പെടുത്തുന്നു

കുട്ടികളുടെ വിവരം ഡേറ്റാ എൻട്രി നടത്തുക, ഫോട്ടോ സ്കാനിംഗ് എന്നീ പ്രവർത്തികൾക്കായി 50279 കുട്ടികൾക്ക് 20/- രൂപ നിരക്കിൽ ആകെ 10,05,580/- രൂപ നഗരസഭയുടെ തനത് സ്ഥാപനമായ HREDC-ക്ക് നിർവഹണോദ്യോഗസ്ഥൻ നൽകി. നഗരസഭാ പരിധിയിലുള്ള ഏത് സ്കൂളിലെ എത്ര വിദ്യാർഥികളുടെ വിവരങ്ങളാണ് സഹായ വെബ്പോർട്ടലിൽ അപ്ലോഡ് ചെയ്തത് എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ യാതൊരു രേഖകളും നിർവഹണോദ്യോഗസ്ഥൻ ഹാജരാക്കിയില്ല. 09.09.2021-ലെ IKM ജില്ലാ കോ-ഓർഡിനേറ്ററുടെ കത്ത് പ്രകാരം 2018 വരെ 59640 രേഖകൾ സഹായ വെബ്പോർട്ടലിൽ ഉണ്ട് എന്ന് ഓഡിറ്റ് വിഭാഗത്തെ അറിയിച്ചിരിക്കുന്നു. എന്നാൽ ഇത് തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സ്കൂളുകളിലെ വിദ്യാർഥികളുടെ വിവരങ്ങൾ ആണെന്നോ, വെബ്പോർട്ടലിൽ ഉള്ള ആകെ വിവരങ്ങൾ ആണെന്നോ, ഏത് സ്കൂളിലെ എത്ര വിദ്യാർഥികളുടെ വിവരങ്ങൾ ആണെന്നോ കത്തിൽ നിന്നും വ്യക്തമല്ല.

ഈ സാഹചര്യത്തിൽ 50279 കുട്ടികളുടെയും വിശദാംശങ്ങൾ ഈ വെബ്പോർട്ടലിൽ പൂർണമായും ഡാറ്റാ എൻട്രിയും ഫോട്ടോ അപ്ലോഡിംഗും നടത്തി എന്ന് ഉറപ്പാക്കാതെയാണ് നിർവഹണോദ്യോഗസ്ഥൻ HREDC-ക്ക് പേയ്മെന്റ് നടത്തിയത്. ആയതിനാൽ ഈ ഇനത്തിൽ ചെലവായ 10,05,580/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഡാറ്റാ എൻട്രി/ഫോട്ടോ അപ്ലോഡിംഗിന്റെ പൂർണ്ണമായ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി 39,96,000/- രൂപ നിരാകരിക്കുന്നു

എസ്.എം.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയ ഉത്തരവിൽ തന്നെ സഹായ വെബ്പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുള്ള വിദ്യാർഥികളുടെ

തിരിച്ചറിയൽ കാർഡ് വെബ്പോർട്ടലിൽ നിന്നുതന്നെ ആവശ്യമുള്ളവർക്ക് കാർഡ് ഒന്നിന് 50/- രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം/സ്കൂൾ മാനേജ്മെന്റ് IKM-ൽ ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ വ്യവസ്ഥയ്ക്ക് വിരുദ്ധമായി തിരിച്ചറിയൽ കാർഡ് വിതരണവും HREDC-യെ ഏൽപ്പിച്ചുകൊണ്ട് നിർവഹണോദ്യോഗസ്ഥൻ പദ്ധതി തയ്യാറാക്കി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർ സെക്കണ്ടറി എജ്യൂക്കേഷന്റെ അംഗീകാരപത്രത്തോടെ നിർവഹണം നടത്തി. സർക്കാർ ഉത്തരവ് അനുസരിച്ച് തിരിച്ചറിയൽ കാർഡ് ഒന്നിന് 50/- രൂപ IKM-ന് നൽകി ആവശ്യക്കാർക്ക് കാർഡ് ലഭ്യമാക്കാമെന്നിരിക്കെ HREDC-ക്ക് കാർഡ് ഒന്നിന് 100/- രൂപ ക്രമത്തിൽ 39960 കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനായി ആകെ 39,96,000/- രൂപ നൽകി.

കൂടാതെ HREDC മുഖേന പ്രിന്റ് ചെയ്ത തിരിച്ചറിയൽ കാർഡുകളുടെ വിതരണം പരിശോധിച്ചതിൽ ആകെ 3286 തിരിച്ചറിയൽ കാർഡുകളുടെ വിതരണത്തിന്റെ വിശദാംശം മാത്രമാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

50,279 വിദ്യാർഥികളുടെ ഡേറ്റാ എൻട്രി നടത്തുകയും അതിൽ 39960 വിദ്യാർഥികൾക്ക് തിരിച്ചറിയൽ കാർഡ് തയ്യാറാക്കുകയും എന്നാൽ കേവലം 3286 വിദ്യാർഥികൾക്ക് ആയത് വിതരണം നടത്തുകയും ചെയ്തു എന്ന് പറയുമ്പോൾ തന്നെ ഈ പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ഈ കാരണങ്ങളാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി HREDC-ക്ക് നൽകിയ 39,96,000/- രൂപ നിരാകരിക്കുന്നു.

വിദ്യാർഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനുവേണ്ടി വിഭാവനം ചെയ്ത ബൃഹത്തായ പദ്ധതി ഇപ്രകാരം നടപ്പിലാക്കിയതുവഴി ഫലത്തിൽ യാതൊരു പ്രയോജനവും നാളിതുവരെയും ഉണ്ടായിട്ടില്ല. അധ്യയന വർഷം ആരംഭിക്കുന്നത് ജൂൺ മാസം മുതൽ ആണെന്നിരിക്കെ പദ്ധതി രൂപീകരിച്ചിരിക്കുന്നത് 2018 സെപ്റ്റംബർ മാസത്തിലാണ്. ഇതിൽ നിന്നും 2018-19 അധ്യയന വർഷം പൂർണ്ണമായും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.1(1), 1.6.1(2))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

588. തിരുവനന്തപുരം നഗരസഭയുടെ പദ്ധതിയാണിതെന്നും തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും പദ്ധതിയുടെ ഭാഗമായി ഒരു കോമൺ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് കുട്ടികൾ ദിവസവും സ്കൂളിൽ ഹാജരാകുന്നുണ്ടോ/ആബ്സെന്റ് ആകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പ്രസ്തുത പോർട്ടലിൽ വരികയും അതത് സമയത്ത് രക്ഷകർത്താക്കൾക്ക് അലർട്ട് നൽകുകയും ചെയ്യുന്ന പദ്ധതിയാണിതെന്നും കൂടാതെ 50,000-ൽ അധികം വിദ്യാർത്ഥികൾക്ക് ഐ.ഡി. കാർഡ് കൊടുക്കുന്നതും ഈ പദ്ധതിയുടെ പ്രത്യേകതയാണെന്നും കുട്ടികളുടെ എണ്ണം സംബന്ധിച്ചും എത്ര പേർക്ക് ഐ.ഡി. കാർഡ് ലഭിച്ചുവെന്നതിനെ സംബന്ധിച്ചും മറ്റുള്ളവർക്ക് ഐ.ഡി. കാർഡ് കൊടുക്കാതിരുന്നതിനെ സംബന്ധിച്ചുമൊക്കെയുള്ള ആശയക്കുഴപ്പം പദ്ധതിയിലുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു പദ്ധതിക്ക് വ്യക്തത ഇല്ലെന്നുള്ളതാണ് ഓഡിറ്റിന്റെ പ്രധാന നിരീക്ഷണമെന്നും രണ്ടാമത് സർക്കാർ ഉത്തരവ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും ഒരു ഐ. ഡി. കാർഡിന് 50 രൂപ വച്ച് കൊടുക്കാനായിരുന്നു സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതെങ്കിലും 100 രൂപ വച്ചാണ് നൽകിയതെന്നും ആ ഇനത്തിൽ വിദ്യാർത്ഥികൾക്ക് 50 രൂപ വീതം കൂടുതൽ കൊടുക്കുന്നത് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

589. അക്കൗണ്ടന്റ് ജനറൽ പ്രസ്തുത വിഷയം വളരെ ഗൗരവമായി എടുത്തിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പിൽ പ്രോജക്ട് ലക്ഷ്യം കണ്ടിട്ടില്ലായെന്നുള്ള വിലയിരുത്തലാണ് അക്കൗണ്ടന്റ് ജനറൽ നടത്തിയിരിക്കുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു

590. അക്കൗണ്ടന്റ് ജനറലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് നല്ല പരാമർശങ്ങളല്ല നടത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. എച്ച്.ആർ.ഇ.ഡി.സി. എന്ന സ്ഥാപനത്തിന്റെ ബൈലോ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഐ.ഡി. കാർഡിന് മാത്രമാണ് 50 രൂപ നിശ്ചയിച്ചിരുന്നതെന്നും ഡാറ്റാ എൻട്രിയും ടാഗും മറ്റും ചേർത്താണ് 100 രൂപ ഈടാക്കിയിട്ടുള്ളതെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

591. എത്ര കുട്ടികൾക്ക് ഐ.ഡി.കാർഡ് വിതരണം ചെയ്തു എന്നത് സംബന്ധിച്ച കൃത്യമായ ഡാറ്റാ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു. ആകെ 50,279 കുട്ടികളുടെ വിവരങ്ങൾ ഡോക്യുമെന്റേഷൻ നടത്തിയതിൽ 39,960 കുട്ടികൾക്ക് ഐ.ഡി. കാർഡ് കൊടുത്തിട്ടുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

592. 11,000 കുട്ടികൾക്ക് ഇതുവരെ ഐ.ഡി. കാർഡ് കിട്ടിയിട്ടില്ലെന്നും ഓരോ സ്കൂൾ വർഷവും ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ഇത്ര കുട്ടികളുണ്ടെന്നുള്ള ഡാറ്റാ കൃത്യമായി ലഭ്യമാണെന്നും അത്രയും കുട്ടികൾക്കുവേണ്ടിയല്ലേ ഈ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതെന്നും സമിതി ആരാഞ്ഞതിന്, ആരംഭ ഘട്ടമായതുകൊണ്ടാണ് അത് പൂർത്തിയാക്കാൻ സാധിക്കാതെ വന്നതെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. അതൊരു കാരണമായി കാണാൻ കഴിയില്ലെന്നും ഒരു പ്രോജക്ട് നടപ്പാക്കിയാൽ സ്വാഭാവികമായും അതിന്റെ പൂർണ്ണതയിലേക്ക് എത്തണമെന്നും ഗവൺമെന്റ് നൽകിയിരിക്കുന്ന ഉത്തരവിൽ 50 രൂപ ഈടാക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്നും കൂടുതൽ തുക ചെലവഴിക്കാൻ അനുമതി വാങ്ങേണ്ടതായിട്ടുണ്ടെന്നും 50 രൂപ സർക്കാർ അനുവദിക്കുകയും 100 രൂപ ചെലവഴിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാരിന്റെ നിലപാട് എന്താണെന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത നടപടി പരിശോധനയിലാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

593. സമിതി മുമ്പാകെ നൽകിയ മറുപടിയിൽ അതൃപ്തി അറിയിച്ച സമിതി ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങളെ സംബന്ധിച്ച് കൃത്യത വരുത്താൻ സാധിക്കുന്നില്ലെന്നും അക്കൗണ്ടന്റ് ജനറൽ ഇക്കാര്യത്തിൽ ഗൗരവമായ കണ്ടെത്തൽ നടത്തിയിട്ടുണ്ടെന്ന് വിലയിരുത്തുകയും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

594. തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള സർക്കാർ/ എയിഡഡ് സ്കൂൾ കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ സമിതി മുൻപാകെ വകുപ്പ് നൽകിയ മറുപടിയിൽ സമിതി അതൃപ്തി രേഖപെടുത്തുന്നു. ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങളെ സംബന്ധിച്ച് കൃത്യത വരുത്താൻ സാധിക്കുന്നില്ലെന്നും അക്കൗണ്ടന്റ് ജനറൽ ഇക്കാര്യത്തിൽ ഗൗരവമായ കണ്ടെത്തൽ നടത്തിയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ ഈ വിഷയം ഗൗരവമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്പോർട്സ് ക്ലബുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി (3-2)

[ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 3-2]

നിർവഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പൽ, ഗവ.മോഡൽ എച്ച്.എസ്.എസ്, പട്ടം

അടങ്കൽ	:	15,00,000/- രൂപ
പ്രോജക്ട് നമ്പർ	:	1694/2019
ചെലവ്	:	14,87,254/- രൂപ
ബിൽ നം. /തീയതി -	:	9/18-19 തുക 1487254/- തീയതി 28/12/2018

യുവാക്കളുടെ കായികക്ഷമത വർദ്ധിപ്പിക്കുക, സ്പോർട്സ് ക്ലബ്ബുകളെ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭയുടെ പരിധിയിൽ വരുന്ന സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത വാങ്ങലിനായി 19.09.2018-ലെ കൗൺസിൽ തീരുമാനപ്രകാരം (നം.3(H)8) ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

- **സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിച്ചിട്ടില്ല**

  സ്റ്റോർ പർച്ചേസ് മാന്വൽ ഖ.24 പ്രകാരം ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപ് വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനം, അതിന്റെ അളവ്, വാങ്ങാൻ ഉദ്ദേശിക്കുന്ന സമയം എന്നിവയെക്കുറിച്ച് വ്യക്തമായ ആസൂത്രണം ചെയ്യേണ്ടതാണ്. ഖണ്ഡിക 7.33 പ്രകാരം വാങ്ങലിന്റെ ആവശ്യകത കർശനമായും വിലയിരുത്തേണ്ടതാണ്. എന്നാൽ 29.01.2018 ലെ J6.128219/18/N6/128211/18 നമ്പർ ടെണ്ടർ നോട്ടീസിൽ വാങ്ങേണ്ട കായിക ഉപകരണങ്ങൾ ഏതെല്ലാമാണെന്നും, അവയുടെ സ്പെസിഫിക്കേഷൻ എന്താണെന്നും വിവരിച്ചിട്ടില്ല. വാങ്ങൽ നടപടികൾക്കായി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

- **സ്പോർട്സ് ക്ലബുകൾക്ക് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളുടെ ആവശ്യകത നിർണയത്തിലെ അപാകം**

  തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള കൗൺസിൽ അംഗീകരിച്ച 100 ക്ലബുകൾക്കാണ് പദ്ധതി പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ നൽകിയിരിക്കുന്നത്. ട്രിവാൻഡ്രം ഡിസ്ട്രിക്ട് ഒളിമ്പിക്സ് അസോസിയേഷൻ ഓണററി സെക്രട്ടറിയുടെ 01.01.2018-ലെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ഫുട്ബോൾ, ബാസ്കറ്റ് ബോൾ, വോളിബോൾ, വാട്ടർ പോളോ ബോൾ, യോഗ മാറ്റ് തുടങ്ങിയ പത്തോളം ഉപകരണങ്ങളാണ് ക്ലബുകൾക്ക് വാങ്ങി നൽകിയിരിക്കുന്നത്.

ഓരോ സ്പോർട്സ് ക്ലബുകളും കായിക രംഗത്തെ വ്യത്യസ്ത മേഖലകളിലായിരിക്കും ഫോക്കസ് ചെയ്തിട്ടുള്ളത്. ഇത്തരം ക്ലബുകളുടെ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടാണോ ഈ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നോ, അതോ എല്ലാ ക്ലബുകൾക്കും ഏകീകൃത കിറ്റാണോ വിതരണം ചെയ്തതെന്നും രേഖകളിൽ നിന്ന് വ്യക്തമാകുന്നില്ല

- **സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി**

14.02.2018-ലെ സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ. ഉത്തരവിലെ (സബ്സിഡി മാർഗരേഖ) ഖ.7.6(13), സ.ഉ. (സാധാ) 811/2018/ത.സ്വ.ഭ.വ. തീയതി 26.03.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംഘടനയ്ക്ക് 5,000/- രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങളാണ് നൽകേണ്ടത്. കിറ്റിൽ ഉൾപ്പെടുത്തേണ്ട ഉപകരണങ്ങൾ യുവജന ക്ലബുകളുടെ ഏകോപന സമിതി തീരുമാനിക്കണം. എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം. രജിസ്റ്റേഡ് യുവജന ക്ലബുകൾക്കാണ് സ്പോർട്സ് കിറ്റ് വിതരണം ചെയ്യേണ്ടത്. ഓരോ ക്ലബുകൾക്കും അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 5,000/- രൂപയ്ക്ക് പകരം 15,000/- രൂപയുടെ സാധനങ്ങൾ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി 14,87,254/- രൂപ ചെലവഴിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Bill No.	Name of Supplier	Bill Amount	Passed Amount
509	NARAIN SONS TROPHY WALE	21,249	21,037
435	NARAIN SONS TROPHY WALE	6,80,688	6,73,881
430	NARAIN SONS TROPHY WALE	3,40,594	3,37,188

414	NARAIN SONS TROPHY WALE	3,87,500	3,83,625
415	NARAIN SONS TROPHY WALE	72,245	71,523
	TOTAL	**15,02,276**	**14,87,254**
	GST		-29,745
			14,57,509
	GST CHALLAN		29,745
	GRAND TOTAL		**14,87,254**

കിറ്റിൽ ഉൾപ്പെടുത്തേണ്ട സ്പോർട്സ് ഉപകരണങ്ങൾ ക്ലബുകളുടെ ഏകോപന സമിതി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങളല്ല വാങ്ങിയിരിക്കുന്നത്. നഗരസഭാ പരിധിയിലുള്ള എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് അറിയാൻ കഴിയുന്നില്ല. ക്ലബുകളിൽ നിന്നും ലഭിച്ച അപേക്ഷയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല

ഈ വിഷയത്തിൽ 29.04.2020-ലെ KSA93/TVC5/2018-19 നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി 'പദ്ധതി മാർഗരേഖയിലെ നിബന്ധനകൾ ശ്രദ്ധയിൽപെട്ടിട്ടില്ല' എന്നും 'കൗൺസിൽ വഴി അറിയിപ്പ് കൊടുത്ത് ലിസ്റ്റ് തയ്യാറാക്കിയെന്നും' 'ക്ലബുകളുടെ അപേക്ഷ കോർപ്പറേഷൻ ഓഫീസിൽ നേരിട്ട് സ്വീകരിച്ചു' എന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ മനസ്സിലാക്കാതെയാണ് നിർവഹണോദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയതെന്നും പദ്ധതിയെ സംബന്ധിച്ച മോണിട്ടറിംഗ് നടത്തിയിട്ടില്ലായെന്നുള്ളതും മനസ്സിലാക്കാം. പദ്ധതി നിർവഹണം സംബന്ധിച്ച നിർവഹണോദ്യോഗസ്ഥന്റെ സമീപനം വിലയിരുത്തപ്പെടേണ്ടതാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ച് അധികരിച്ച് ചെലവഴിച്ച 9,87,254/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മാർഗരേഖ പ്രകാരം 100 ക്ലബുകൾക്ക് അനുവദനീയമായ ചെലവ് (5000*100)

5,00,000/- രൂപ ക്ലബുകളുടെ തിരഞ്ഞെടുപ്പ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ക്ലബുകളുടെ ഏകോപന സമിതി തീരുമാനം എന്നിവ പാലിക്കാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

595. നഗരസഭയുടെ പരിധിയിലുള്ള 500 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിരുന്നതായും ആയതിൻ പ്രകാരം ഒരു ക്ലബ്ബിന് 5000/- രൂപയിൽ അധികരിക്കാത്ത ഉപകരണങ്ങൾ വാങ്ങുന്നതിന് പകരം 15,000/- രൂപയുടെ സാധനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം ഒരു സംഘടനയ്ക്ക് 5000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തതെന്നും അതിനുവിരുദ്ധമായി 10,000/- രൂപ അധികമായി നൽകിയതിനുള്ള കാരണമെന്താണെന്നും സമിതി ആരാഞ്ഞതിന് ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങിയതുകൊണ്ടാണ് കൂടുതൽ തുക ചെലവഴിക്കാനിടയായതെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

596. കിറ്റിൽ ഉൾപ്പെടുത്തേണ്ട ഉപകരണങ്ങളെ സംബന്ധിച്ച് ക്ലബ്ബുകളുടെ ഏകോപന സമിതി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമല്ല സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും ക്ലബ്ബുകൾക്ക് ഒരേ സ്വഭാവത്തിലുള്ള കിറ്റുകളാണോ വിതരണം ചെയ്തത് എന്നിവ സംബന്ധിച്ച് രേഖകളിൽ വ്യക്തമല്ലെന്നും ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ക്ലബ്ബുകളുടെ രജിസ്ട്രേഷൻ എന്നിവ പരിശോധിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്നും കടലാസ് സംഘടനകൾക്കുപോലും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകാവുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും സമിതി വിലയിരുത്തി. ഒരു ക്ലബ്ബിന്

5000/- രൂപയുടെ ഉപകരണങ്ങൾ നൽകണമെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 15000/- രൂപ ചെലവഴിച്ചതിനുള്ള കാരണമാണ് വ്യക്തമാക്കേണ്ടതെന്ന് സമിതി അറിയിച്ചു. കൗൺസിൽ തീരുമാനപ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു

597. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കാൻ കൗൺസിലിന് അധികാരമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കാൻ സാധിക്കില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങി നൽകാമെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളതെന്നും ആയത് അടിയന്തരമായി ലഭ്യമാക്കി സമിതി യോഗത്തിൽ ഹാജരാക്കാമെന്നും സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങിയതിനുശേഷം പരിഗണിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ട പരാമർശ വിഷയം സംബന്ധിച്ച റിപ്പോർട്ടും ഫയലും നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

598. പദ്ധതി നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥൻ ഫയലുകൾ പരിശോധനയ്ക്കായി തിരിച്ചേൽപ്പിക്കാൻ തയ്യാറായിട്ടില്ലെന്നും കോർപ്പറേഷന് ടി ഉദ്യോഗസ്ഥനെതിരെ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാമായിരുന്നെങ്കിലും അത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ പെൻഷനായതിനാൽ അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാധിക്കില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു

599. നിർവഹണ ഉദ്യോഗസ്ഥനെതിരെ കോർപ്പറേഷൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടണെന്ന് സമിതി ആരാഞ്ഞതിന് ടിയാൻ കഴിഞ്ഞ ആഴ്ച ഫയൽ

ഹാജരാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഫയൽ പരിശോധിച്ചാണ് മറുപടി നൽകിയിട്ടുള്ളതെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു. 2018-19-ലെ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ കഴിഞ്ഞ ആഴ്ചയാണോ ഹാജരാക്കിയതെന്ന സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന്, ഫയലുകൾ കഴിഞ്ഞയാഴ്ച്ചയാണ് ലഭിച്ചതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

600. കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് വിശദീകരണം മാത്രമെ ചോദിച്ചിട്ടുള്ളൂവെന്നും അതിനുശേഷം നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

601. വിഷയത്തിൽ കോർപ്പറേഷൻ സ്വീകരിച്ച നടപടി ശരിയല്ലെന്ന് വിലയിരുത്തിയ സമിതി ഇതുവരെയുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനോട് വിശദീകരണം ആവശ്യപ്പെടാൻ തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

602. തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ വിഭാവനം ചെയ്ത തുകയ്ക്ക് മുകളിൽ ഉപകരണങ്ങൾ വാങ്ങി നൽകിയ ക്രമവിരുദ്ധ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അതുപോലെ സ്പോർട്സ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഉപകരണങ്ങൾ ക്ലബ്ബുകളുടെ ഏകോപന സമിതി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമല്ലാതെ വാങ്ങിയതാണെന്നും ക്ലബ്ബുകൾക്ക് സമാന സ്വഭാവമല്ലാത്ത കിറ്റുകളാണ് കോർപ്പറേഷൻ വിതരണം ചെയ്തതെന്നും സമിതി നിരീക്ഷിക്കുന്നു. ഇത്തരത്തിലെ തെറ്റായ നടപടികളിന്മേൽ കോർപ്പറേഷൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കോഴിക്കോട് കോർപ്പറേഷൻ

സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളിൽ സാങ്കേതിക തികവോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം

[ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 3-5]

ഫയൽ നം. എഫ് 6/109067/16

പദ്ധതിയുടെ പേര്, നം.	നഗരത്തിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (608/18-19)
നിർവഹണ ഉദ്യോഗസ്ഥൻ	നഗരസഭ ഹെൽത്ത് ഓഫീസർ
അടങ്കൽ	ധനകാര്യ കമ്മീഷൻ അവാർഡ് - 24,00,000/-
ചെലവ്	ബിൽ നം.171602470017013142 50 തീയതി 23.05.2018 - 14,25,000/-

കോർപ്പറേഷൻ പരിധിയിലെ സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ/ഹൈസ്കൂളുകളെ മാലിന്യ വിമുക്തമാക്കുന്നതിനും കുട്ടികളിൽ ആരോഗ്യപരമായ സംസ്കാരം വളർത്തിയെടുക്കുന്നതിനും ശുചിത്വത്തിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിയിൽ മുപ്പത് സ്കൂളുകൾക്ക് മുപ്പത് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നൽകുവാനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ബയോഗ്യാസ് പ്ലാന്റുകൾ പലതും സ്ഥാപിക്കുകയോ/ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല

14.11.2019 തീയതിയിൽ കോർപ്പറേഷൻ അധികൃതരോടൊപ്പം നാല് സ്കൂളുകളിൽ നടത്തിയ സ്ഥലപരിശോധനയുടെ വിശദാംശങ്ങൾ.

(a) ഗവ.എച്ച്.എസ്.എസ്., ആഴ്ചവട്ടം

റെയ്ഡ്കോയിൽ നിന്ന് ലഭിച്ച ബയോഗ്യാസ് പ്ലാന്റ് സ്കൂളിലെ സ്ഥലപരിമിതി മൂലം സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ സ്ഥലപരിമിതിയുണ്ടെന്നും ആയതിനാൽ കോർപ്പറേഷൻ അധികാരികൾ വന്ന് നോക്കിയിട്ട് പറ്റുമെങ്കിൽ പ്ലാന്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നും 17.11.2016-ന് സ്കൂൾ പ്രധാന അധ്യാപകൻ കോർപ്പറേഷൻ ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർമാന് കത്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ട്. സ്കൂളിലെ സ്ഥലപരിമിതി മൂലമാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാത്തതെന്ന് നിലവിലെ പ്രധാന അധ്യാപികയും സ്ഥലപരിശോധന വേളയിൽ രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പരിശോധിക്കാതെയാണ് ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ആരോഗ്യകാര്യ സ്ഥിരം സമിതിയും (തീരുമാനം നം.15/30.12.2016) ഭരണസമിതിയും (തീരുമാനം നം.54/27.01.2017) തീരുമാനമെടുത്തിട്ടുള്ളത്. ഇതിന് നിർവഹണോദ്യോഗസ്ഥൻ വിയോജന കുറിപ്പ് നൽകിയിട്ടില്ല മാത്രവുമല്ല സ്ഥലപരിശോധന നടത്താതെ, ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന സ്കൂൾ അധ്യാപകന്റെയും (കത്ത് തീയതി 22.01.2018) റെയ്ഡ്കോയുടെയും കത്തുകളുടെ അടിസ്ഥാനത്തിൽ (കത്ത് തീയതി 26.03.2018) മാത്രമാണ്, നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിന് 47,500/- രൂപ അനുവദിച്ചുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാതെ നിലത്ത് കിടക്കുന്നതാണ് കണ്ടത്.

(b) ഗവ. അച്യുതൻ ഗേൾസ് ഹൈസ്കൂൾ, കോഴിക്കോട്

റെയ്ഡ്കോയിൽ നിന്ന് ലഭിച്ച ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കാതെ, കാടുപിടിച്ച സ്ഥലത്ത് മഴവെള്ളം നിറഞ്ഞ് കിടക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടു. ബയോഗ്യാസ് പ്ലാന്റ് 2019 ആഗസ്റ്റ് മാസം വരെ ഉപയോഗിച്ചിരുന്നതായും കെട്ടിടം പൊളിച്ചു പണിയുന്നതിലേക്കായി പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നുവെന്നാണ് സ്കൂളിലെ അധ്യാപകൻ സ്ഥലപരിശോധന വേളയിൽ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഭാവിയിൽ ബയോഗ്യാസ് പ്ലാന്റ് ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(c) ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ, ചാലപ്പുറം

ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കാതെ മഴവെള്ളം നിറഞ്ഞ് കിടക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടു. ബയോഗ്യാസ് പ്ലാന്റിൽ നിന്നും അടുക്കളയിലേക്കുള്ള ദൂരം കൂടുതലായതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിനായി ഇതുവരെ ഗ്യാസ് ലഭ്യമായിട്ടില്ലെന്നും പ്രധാന അധ്യാപിക, ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. റെയ്ഡ്കോ, സാങ്കേതിക മികവോടെ പ്ലാന്റ് സ്ഥാപിച്ചുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുകയോ സ്കൂൾ അധികൃതർ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ സ്കൂൾ അധികൃതർ പ്ലാന്റ് ശരിയായ രീതിയിൽ പരിപാലിക്കുന്നുമില്ല.

(d) സി.എം.സി. ബോയ്സ് ഹൈസ്കൂൾ, എലത്തൂർ

മേൽ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കാതെ മഴവെള്ളം നിറഞ്ഞ് കിടക്കുകയാണ്. പ്ലാന്റിൽ നിന്ന് ദുർഗന്ധം വന്നതിനാലും ഗ്യാസ് ലഭിക്കാത്തതിനാലും തുടക്കം മുതലേ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് സ്കൂൾ അധികൃതർ സ്ഥലപരിശോധന വേളയിൽ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുള്ളത്. റെയ്ഡ്കോ, സാങ്കേതിക മികവോടെ പ്ലാന്റ് സ്ഥാപിച്ചുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുകയോ സ്കൂൾ അധികൃതർ ഇക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ സ്കൂൾ അധികൃതർ പ്ലാന്റ് ശരിയായ രീതിയിൽ പരിപാലിക്കുന്നുമില്ല.

പരാമർശിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 25.11.2019-ന് നൽകിയ 70/2018-19 നമ്പർ ഒ.എസ്.ന് മറുപടി ലഭ്യമാക്കിയില്ല. ആഴ്ചവട്ടം, ഗവ. എച്ച്.എസ്.എസ്.-ൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സ്ഥലമില്ലാതിരുന്നിട്ടും പ്ലാന്റ് നൽകിയതിനാലാണ് അത് സ്ഥാപിക്കാൻ കഴിയാതെ സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായി ഇടേണ്ട അവസ്ഥ വന്നത്. സ്കൂൾ അധികൃതർ ഇക്കാര്യം രേഖാമൂലം അറിയിച്ചിട്ടും കോർപ്പറേഷൻ അധികൃതർ അത് പരിഗണിക്കാതിരുന്നത് പൊതുപണത്തിന്റെ ദുർവ്യയത്തിന്

ഇടയാക്കി. കൂടാതെ സ്ഥലപരിശോധന നടത്താതെ, ഈ സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന സ്കൂൾ അധ്യാപകന്റെയും (കത്ത് തീയതി 22.01.2018) റെയ്ഡ്കോയുടെയും കത്തുകളുടെ അടിസ്ഥാനത്തിൽ (കത്ത് തീയതി 26.03.2018) മാത്രം, നിർവഹണ ഉദ്യോഗസ്ഥൻ റെയ്ഡ്കോ-ക്ക് 47,500/- രൂപ അനുവദിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ, ചാലപ്പുറം, സി.എം.സി. ബോയ്സ് ഹൈസ്കൂൾ, ഏലത്തൂർ എന്നീ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകൾ തുടക്കം മുതലേ ശരിയായ രീതിയിൽ പ്രവർത്തിച്ചിരുന്നില്ലായെന്നാണ് സ്കൂൾ അധികൃതർ സ്ഥലപരിശോധന വേളയിൽ ഓഡിറ്റിനെ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്. ഓഡിറ്റ് പരിശോധന വേളയിലും ഇവ ഉപയോഗശൂന്യമായി കിടക്കുന്നതായാണ് കണ്ടത്. എന്നാൽ ഇക്കാര്യം, നിർവഹണ ഏജൻസിക്ക് പണം നൽകുന്നതിന് മുമ്പ് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ സ്കൂൾ അധികൃതർ ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഈ വീഴ്ചയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാതെ സ്ഥാപിച്ചതായി റിപ്പോർട്ട് നൽകിയ റെയ്ഡ്കോയ്ക്കെതിരെ കോർപ്പറേഷൻ അവരുമായി 25.05.2017-ന് ഒപ്പുവച്ച കരാറിലെ 14 ഉം 15 ഉം വ്യവസ്ഥകൾ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ പരാമർശിച്ചവ കൂടാതെ ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ പ്ലാന്റുകളും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണ്ട് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും. പ്ലാന്റുകളുടെ കൃത്യമായ പരിപാലനത്തിന്, സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവരുമായി കരാറിലേർപ്പെടുന്നത് ഉചിതമായിരിക്കും.

മേൽ പരാമർശിച്ച സ്കൂളുകളിൽ സ്ഥലപരിശോധന വേളയിൽ ഓഡിറ്റിന് കാണിച്ചു തന്ന ബയോഗ്യാസ് പ്ലാന്റുകളിൽ റെയ്ഡ്കോയുടെ സ്റ്റിക്കർ ഒട്ടിച്ചിട്ടുണ്ടെങ്കിലും പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് യാതൊരു വിവരവും അതിൽ രേഖപ്പെടുത്തിയിട്ടില്ല. റെയ്ഡ്കോയുടെ ഇൻവോയ്സിലും സ്കൂൾ അധ്യാപകരുടെ സാക്ഷ്യപത്രത്തിലും മാത്രമാണ് പ്ലാന്റിന്റെ കപ്പാസിറ്റി 2 ക്യൂബിക് മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇതു സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല. സ്ഥല പരിശോധന വേളയിൽ സ്കൂൾ അധികൃതരും യാതൊരു രേഖയും ലഭ്യമാക്കിയില്ല. ആയതിനാൽ പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ, കപ്പാസിറ്റി, യൂണിറ്റ് കോസ്റ്റ്, വാറണ്ടി എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(2) ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചില്ല

(a) കോർപ്പറേഷന്റെ സ്വന്തം/വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

2018-19-ലെ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.) നം.22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018) ഖണ്ഡിക 6.8 (2)(എ) പ്രകാരം കോർപ്പറേഷന്റെ സ്വന്തം/വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരമാവധി 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കുന്നതാണ്. എന്നാൽ വിവിധ സർക്കാർ സ്കൂളുകളിൽ (19 എണ്ണം) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന് ഒരു പ്ലാന്റിന് 47,500/- രൂപ നിരക്കിൽ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാൻ നടപടിയെടുക്കാതെ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്ന് ചെലവഴിക്കുക വഴി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 4,51,250/- രൂപ പാഴാവുകയാണ് ചെയ്തത്.

(b) എയ്ഡഡ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

മേൽ ഉത്തരവ് ഖണ്ഡിക 6.8(2)(ബി) പ്രകാരം കോർപ്പറേഷന് വിട്ടുകിട്ടാത്ത സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ

പരമാവധി 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കേണ്ടതും 50% ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതുമാണ്. എന്നാൽ വിവിധ എയ്ഡഡ് സ്കൂളുകളിൽ (11 എണ്ണം) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന് ഒരു പ്ലാന്റിന് 47,500/- രൂപ നിരക്കിൽ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഒ.എസ്.നം. 70/2018-19 - തീയതി 25.11.2019 -ന് മറുപടി ലഭ്യമാക്കിയില്ല.

50% ഗുണഭോക്തൃ വിഹിതമായ 2,61,250/- രൂപ ഈടാക്കി പ്ലാൻ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓരോ സ്കൂളിൽ നിന്നും 23,750/- രൂപ വീതം 11 സ്കൂളുകളിൽ നിന്ന്). അല്ലാത്ത പക്ഷം ഈ തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 50% ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കാൻ നടപടിയെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.1(1) മുതൽ 1.6.1(2))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

603. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത വർഷം തെരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളിൽ റയിഡ്കോ മുഖാന്തരം ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചെങ്കിലും നാല് സ്കൂളുകളിൽ പ്ലാന്റ് സ്ഥാപിക്കാൻ സാധിച്ചിട്ടില്ലെന്നും പിന്നീട് പ്ലാന്റ് സ്ഥാപിക്കേണ്ട സ്കൂളുകളെ സംബന്ധിച്ച് കഴിഞ്ഞ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും കോഴിക്കോട് ഗവ. എച്ച്.എസ്.എസ്. ആഴ്ചവട്ടം സ്കൂളിൽ പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ കുണ്ടുപ്പറമ്പ് സ്കൂളിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു സ്ഥാപിച്ച പ്ലാന്റുകൾ പലതും പ്രവർത്തിക്കുന്നില്ലെന്ന മറ്റൊരു പരാമർശമുണ്ടായിരുന്നുവെന്നും കോവിഡ് കാലത്ത് സ്കൂളുകൾ അടഞ്ഞുകിടന്നതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായിരുന്നുവെന്നും ദീർഘനാൾ പ്രവർത്തിക്കാതിരുന്നതുമൂലം പ്ലാന്റിൽ സ്ലറി അടിഞ്ഞുകൂടിയതിനാൽ ആയത് വൃത്തിയാക്കിയാൽ മാത്രമേ പ്രവർത്തിപ്പിക്കാൻ

സാധിക്കുകയുള്ളൂവെന്നാണ് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചതെന്നും ടി വിഷയത്തിന്മേൽ റെയിഡ്കോയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ആയത് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കാനുള്ള നടപടി കോർപ്പറേഷന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു

604. സ്ലറി അടിഞ്ഞുകൂടിയതുകൊണ്ട് വൃത്തിയാക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും ആവശ്യമായ സഹായം റെയിഡ്കോ നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും ബയോഗ്യാസ് പ്ലാന്റിന്റെ മെയിന്റനൻസ് സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ട കാര്യമാണെന്നും സ്കൂളുകളിൽ പ്ലാന്റ് സ്ഥാപിച്ചുകൊടുക്കുന്ന ചുമതല മാത്രമാണ് കോർപ്പറേഷനുള്ളതെന്നും ആയത് കൃത്യമായി മെയിന്റയിൻ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസർ വിശദീകരിച്ചു പ്ലാന്റ് സ്ഥാപിക്കുന്നവർ മെയിന്റനൻസ് ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾകൂടി നിർവഹിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സ്കൂളുകളിലെ പി.ടി.എ. കൂടി വിചാരിച്ചാൽ മാത്രമേ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസർ വ്യക്തമാക്കി. പി.ടി.എ. അധികൃതരെക്കൊണ്ടൊന്നും പ്ലാന്റിന്റെ പരിപാലനം നടത്താൻ സാധിക്കില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു

605. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ വൃത്തിയാക്കി പ്രവർത്തനക്ഷമമാക്കിയതിന് ശേഷം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

606. 14.02.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷന്റെ സ്വന്തം/വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരമാവധി 50 ശതമാനം ശുചിത്വമിഷൻ വിഹിതം ലഭിക്കാൻ സാധ്യതയുണ്ടായിരുന്നിട്ടും അത് വേണ്ടെന്നുവച്ച് മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് ചെലവഴിച്ചതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് സമാന്തരമായി ശുചിത്വമിഷന്റെ ഫണ്ട് ഉണ്ടായിരുന്നിട്ടും ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാത്രമുപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയതെന്നും റിവ്യൂ മീറ്റിംഗുകളിൽ പരമാവധി കേന്ദ്ര വിഹിതം ചെലവഴിക്കണമെന്നും അടുത്ത ഘട്ടം തുക

ലഭിക്കുന്നതിനുവേണ്ടിയുള്ള ശതമാനത്തിൽ എത്തിക്കണമെന്നുമാണ് നഗരസഭ സെക്രട്ടറിമാരോടും പഞ്ചായത്ത് സെക്രട്ടറിമാരോടും ആവശ്യപ്പെടുന്നതെന്നും നിലവിൽ ആ രീതിയിൽ തന്നെയാണ് പ്രവൃത്തിക്കുന്നതെന്നും കേന്ദ്ര ഫണ്ടുള്ള ഏജൻസിയായ ശുചിത്വ മിഷൻ, അത്രയും ശക്തമായ സംവിധാനമല്ലാത്തത് കൊണ്ടുതന്നെ അവരുടെ ഫണ്ട് ചെലവഴിക്കണമെന്ന് നിർബന്ധിച്ച് പറയാൻ സാധിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. ഫിനാൻസ് കമ്മീഷൻ അനുവദിക്കുന്ന തുക ചെലവഴിച്ചില്ലെങ്കിൽ വരും വർഷം തുക കുറയുമെന്നും അതുകൊണ്ടുതന്നെ അത് ചെലവഴിക്കാൻ നിർബന്ധിതരാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. ശുചിത്വമിഷനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തരുന്ന ഫണ്ട് ചെലവഴിക്കാതിരുന്നാൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ലേയെന്ന് സമിതി ആരാഞ്ഞതിന് റിവ്യൂ മീറ്റിംഗുകളിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥരെ വളരെയധികം സമ്മർദ്ദം ചെലുത്തുമെന്നും എന്നാൽ ശുചിത്വമിഷന് അങ്ങനെയൊരു സംവിധാനമില്ലെന്നും ജില്ലയിലെ ഒരു ഏജൻസിയുമായാണ് റിവ്യൂ നടത്തുന്നതെന്നും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരോട് ഇന്ന രീതിയിൽ ചെയ്യണമെന്ന് സമ്മർദ്ദം ചെലുത്താൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡിഷണൽ ഡയറക്ടർ വ്യക്തമാക്കി.

607. മാലിന്യസംസ്കരണത്തിന് വേണ്ടിയുള്ള ഫണ്ട് കൃത്യമായി ചെലവഴിക്കുന്നില്ലെന്നത് പ്രശ്നം തന്നെയാണെന്നും ഫണ്ടിന്റെ അപര്യാപ്തതയല്ല പദ്ധതികൾ നടപ്പാക്കുന്നതിലുള്ള താൽപ്പര്യക്കുറവാണ് മാലിന്യസംസ്കരണം വിജയകരമായി നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്നും പല ഏജൻസികളും മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നുണ്ടെങ്കിലും അവർ തമ്മിൽ ഏകോപനക്കുറവുള്ളതുകൊണ്ട് അതിന്റെ ആത്യന്തികമായ ലക്ഷ്യത്തിലെത്തുന്നില്ലെന്നും സമിതി വിലയിരുത്തി. അതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

608. ഒരേ ആവശ്യത്തിന് ലഭിക്കുന്ന മറ്റ് ഫണ്ട് വേണ്ടെന്നുവച്ചതും അതിനുവേണ്ടി ഫിനാൻസ് കമ്മീഷന്റെ തുക ചെലവഴിച്ചതും ശരിയായ നടപടിക്രമമല്ലെന്ന് സമിതി നിരീക്ഷിച്ചു. ഫിനാൻസ് കമ്മീഷനിൽ നിന്നും രണ്ട് രീതിയിലുള്ള ഗ്രാന്റുകളാണ് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നതെന്നും അവ ടൈഡ് ഗ്രാന്റും അൺടൈഡ് ഗ്രാന്റുമാണെന്നും കോർപ്പറേഷന്റേത് 100 ശതമാനവും ടൈഡ് ഗ്രാന്റാണെന്നും കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ 100 ശതമാനവും ഖരമാലിന്യ സംസ്കരണം, മലിനജല സംസ്കരണം, കുടിവെള്ള വിതരണം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി മാത്രമേ ചെലവഴിക്കാൻ പാടുള്ളൂവെന്ന് ധനകാര്യ കമ്മീഷന്റെ മാർഗ്ഗരേഖ പറയുന്നുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു.

609. ടൈഡ് ഗ്രാന്റ് മാലിന്യസംസ്കരണം, ശുചിത്വം എന്നിവയ്ക്കുവേണ്ടി മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്നും അൺടൈഡ് ഗ്രാന്റാണെങ്കിൽ പല ആവശ്യങ്ങൾക്കുവേണ്ടിയും അനുവദിക്കാമെന്നും ടൈഡ് ഗ്രാന്റിൽ നിന്നാണ് തുക അനുവദിച്ചതെങ്കിൽ അത് സാധൂകരിക്കാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

610. മാലിന്യ സംസ്കരണത്തിനുള്ള ഫണ്ട് അനുവദിച്ചത് ടൈഡ് ഗ്രാന്റിൽ നിന്നാണോയെന്ന് പരിശോധിച്ച ശേഷം വിവരങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

611. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

612. കോർപ്പറേഷൻ പരിധിയിലുള്ള സ്കൂളുകളിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകൾ വൃത്തിയാക്കി പ്രവർത്തനക്ഷമമാക്കിയതിനുശേഷം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

613. മാലിന്യ സംസ്കരണത്തിന് വേണ്ടിയുള്ള ഫണ്ട് കൃത്യമായി കോർപ്പറേഷൻ ചെലവഴിക്കുന്നില്ലെന്നും ഫണ്ടിന്റെ അപര്യാപ്തതയും മറിച്ച് പദ്ധതികൾ നടപ്പാക്കാത്തതിലുള്ള താത്പര്യ കുറവുമാണ് മാലിന്യ സംസ്കരണം വിജയകരമായി നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്നും പല ഏജൻസികളും മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നുണ്ടെങ്കിലും അവർ തമ്മിലുള്ള ഏകോപന കുറവുമൂലം ഉദ്ദേശ്യ ലക്ഷ്യത്തിലെത്തുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ഒരേ ആവശ്യത്തിന് ലഭിക്കുന്ന മറ്റ് ഫണ്ടുകൾ വേണ്ടെന്നുവച്ചതും പദ്ധതി നടത്തിപ്പിന് ധനകാര്യ കമ്മീഷന്റെ തുക ചെലവഴിച്ചതും ശരിയായ നടപടിക്രമമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

614. മാലിന്യ സംസ്കരണത്തിനുള്ള ഫണ്ട് അനുവദിച്ചത് ടൈഡ് ഗ്രാന്റിൽ നിന്നാണോയെന്ന് പരിശോധിച്ചശേഷം വിവരങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

615. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കോർപ്പറേഷന്റെ പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളിൽ ഗുരുതര പാളിച്ചകൾ

[ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 3-14]

***ഫയൽ നം. എഫ് 1/58679/18, നം. എഫ് 1/58679/18(എ), നം. എഫ് 1/58679/18(ബി) (നഴ്സുമാരുടെയും ഡ്രൈവർമാരുടെയും ഓണറേറിയം, ഭക്ഷണച്ചെലവ്)**

പദ്ധതിയുടെ പേര്, നം.	**പാലിയേറ്റീവ് കെയർ 2019 (458/19)**	
നിർവഹണ ഉദ്യോഗസ്ഥൻ	**നഗരസഭ ഹെൽത്ത് ഓഫീസർ**	
അടങ്കൽ തുക	വികസന ഫണ്ട് പൊതു വിഭാഗം - 27,44,000/-	
ചെലവ് തുക	1)ബിൽ നം. 18160247001700310377, തീയതി 19.07.2018	2,40,000
	2)ബിൽ നം. 18160247001700414865,തീയതി 16.08.2018	60,000
	3) ബിൽ നം. 18160247001700611631, തീയതി 10.10.2018	60,000
	4)ബിൽ നം. 18160247001700762574, തീയതി 12.11.2018	60,000
	5)ബിൽ നം. 18160247001700917818, തീയതി 15.12.2018	1,07,750
	6)ബിൽ നം. 18160247001701060518, തീയതി 22.01.2019	60,000
	7)ബിൽ നം. 18160247001701183815, തീയതി 16.02.2019	71,750
	8)ബിൽ നം. 18160247001701352632, തീയതി 16.02.2019	65,750

	9)ബിൽ നം.18160247001700435502, തീയതി 21.08.2018	64,800
	10)ബിൽ നം.18160247001700618941, തീയതി 16.10.2018	1,63,030
	11)ബിൽ നം.18160247001700762576, തീയതി 12.11.2018	15,070
	12)ബിൽ നം.18160247001700917822, തീയതി 15.12.2018	17,495
	13)ബിൽ നം.18160247001701060523,തീയതി 22.01.2019	16,800
	14)ബിൽ നം. 18160247001701183812, തീയതി 16.02.2019	16,100
	15)ബിൽ നം. 18160247001701352605, തീയതി 18.03.2019	16,100
	ആകെ	**10,34,645**

*** ഫയൽ നം. എഫ് 1/66451/17 (ഉപകരണങ്ങൾ വാങ്ങൽ)**

പദ്ധതിയുടെ പേര്, നം.	പാലിയേറ്റീവ് കെയർ 2018 (613/19) (എസ്. 1458/17-18)
നിർവഹണ ഉദ്യോഗസ്ഥൻ	നഗരസഭ ഹെൽത്ത് ഓഫീസർ
അടങ്കൽ തുക	വികസന ഫണ്ട് പൊതു വിഭാഗം - 29,74,000/-
ചെലവ് തുക	ബിൽ നം. 17160247001701319866, തീയതി 18.05.2018 - 40,0000/-

*** ഫയൽ നം. എഫ് 1/21980/17**

പദ്ധതിയുടെ പേര്, നം.	പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ (609/19), (എസ് 1725/17, 582/18)
നിർവഹണ ഉദ്യോഗസ്ഥൻ	നഗരസഭ ഹെൽത്ത് ഓഫീസർ

അടങ്കൽ തുക	വികസന ഫണ്ട് പൊതു വിഭാഗം - 11,00,026/-
ചെലവ് തുക	ബിൽ നം. 1716024700170131985 2, തീയതി 18.05.2018, തുക 5,70,000/-

ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം, ബുദ്ധിമാന്ദ്യം, വൃക്കരോഗം, പ്രായാധിക്യം, ശാരീരിക വൈകല്യം തുടങ്ങിയവ മൂലം ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമായ രോഗികൾക്ക്, രോഗിയെയും കുടുംബത്തെയും സന്നദ്ധപ്രവർത്തകരെയും ബന്ധപ്പെടുത്തിക്കൊണ്ട് രോഗിയുടെ വീട്ടിൽ വച്ച് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകുക എന്നുള്ളതാണ് പാലിയേറ്റീവ് പരിചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭ പരിധിയിൽ നിലവിൽ പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളുടെ എണ്ണം 483 ആണ് (2019 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം). ആയതിൽ തുടർ പരിചരണം ആവശ്യമുള്ള രോഗികളുടെ എണ്ണം 404 ആണ്. 4 പാലിയേറ്റീവ് കെയർ നഴ്സുമാർ രണ്ട് ടീമായാണ് ഇവർക്ക് പരിചരണം നൽകി വരുന്നത്. 2018-19 കാലയളവിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു

ഒരേ ഉപകരണം വ്യത്യസ്ത നിരക്കിൽ വാങ്ങി - അധിക ചെലവ്

പ്രോജക്ട് നം. 609/19, പ്രോജക്ട് നം. 613/19 എന്നീ പദ്ധതികൾ പ്രകാരം കമ്മോഡ് ചെയർ എഫ് എസ് 894/ടി വീൽ എന്ന ഉപകരണം ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ ദിവസം തന്നെ വ്യത്യസ്ത നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു. വിതരണം നടത്തിയ സ്ഥാപനം - M/s Calicut Surgicals, Calicut

പെയിൻ & പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. 609/19)

ഉപകരണത്തിന്റെ പേര്, നിരക്ക്	പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം	ഇൻവോയ്സ് നം. തീയതി	എണ്ണം/ ആകെ തുക
കമ്മോഡ് ചെയർ എഫ് എസ് 894/ടി വീൽ (@2,000/-)	7/19.03.2018 6/20.03.2018	327/26.03.2018	25 എണ്ണം 50,000

പാലിയേറ്റീവ് കെയർ 2018 (പ്രോജക്ട് നം.613/19)

ഉപകരണത്തിന്റെ പേര്, നിരക്ക്	പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം/ കൗൺസിൽ തീരുമാനം	ഇൻവോയ്സ് നം. തീയതി	എണ്ണം/ ആകെ തുക
കമ്മോഡ് ചെയർ എഫ് എസ് 894/ടി വീൽ (@2,285.71/- രൂപ)	6/19.03.2018 7/20.03.2018	326/26.03.2018	20 എണ്ണം 45714.20

രണ്ട് പദ്ധതികളിലായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരേ സമയം രണ്ട് ടെണ്ടറുകൾ ക്ഷണിച്ച് ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് വഴി കോർപ്പറേഷൻ ഫണ്ടിന് 5,714/-രൂപ (285.71x20=) നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച ഒ.എസ്.നം. 81/2018-19 തീയതി 25.11.2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കോർപ്പറേഷൻ ഫണ്ടിനുണ്ടായ നഷ്ടം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി M/S Calicut Surgicals, Calicut എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഇൻവോയ്സ് നം, തീയതി	ഉപകരണത്തിന്റെ പേര്	റിമാർക്സ്
1	327/26.03.2018-	ടേബിൾ എം.എസ് വിത്ത് ചെയർ പിവിസി - 4 എണ്ണം	സ്റ്റോക്കിലെടുത്തിട്ടില്ല
2	327/26.03.2018-	ഗ്ലൂക്കോമീറ്റർ ഒ.ടി സെലക്ട് സിമ്പിൾ - 5 എണ്ണം	സ്റ്റോക്കിലെടുത്തിട്ടില്ല
3	327/26.03.2018-	മാസ്ക് ഡിസ്പോസിബിൾ - 100' s യൂണിഗ്രിപ്പ് - 100 എണ്ണം	സ്റ്റോക്കിലെടുത്തിട്ടില്ല
4	327/26.03.2018-	ഗ്ലൗസ് എക്സാമിനേഷൻ - 50 എണ്ണം	സ്റ്റോക്കിലെടുത്തിട്ടില്ല

എന്നാൽ മേൽ പരാമർശിച്ച ഉപകരണങ്ങൾ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ ഇവ സ്റ്റോക്കിലെടുത്ത് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ അശ്രദ്ധമായും അലക്ഷ്യമായും കൂട്ടിയിട്ടിരിക്കുന്നു

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ സെമിഫ്ളോവേഴ്സ് കട്ടിൽ, എൽബോ ക്രച്ചസ്സ്, വാക്കർ, വീൽച്ചെയറുകൾ, യൂറിനൽ പ്രോ പിവിസി ആൽഫ തുടങ്ങിയ പല ഉപകരണങ്ങളും കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി ശുചീകരണസാമഗ്രികളിൽ നിന്നുള്ള ദുർഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ഇടുങ്ങിയ മുറികളിൽ കൂട്ടിയിട്ടിരിക്കുന്നതായി 14.11.2019-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. അവ പലതും പൊട്ടിയും തുരുമ്പ് പിടിച്ച അവസ്ഥയിലുമാണുള്ളത്. പല സ്റ്റോർ മുറികളുടെയും പരിസരം കാട് പിടിച്ചതും ജനൽ ചില്ലുകൾ പൊട്ടിയ നിലയിലുമാണ്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ പല ഉപകരണങ്ങളും വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി കൂട്ടിയിട്ടിരിക്കുന്നതിനാൽ പലതിന്റെയും സ്റ്റോക്ക് പരിശോധന നടത്താൻ സാധിച്ചില്ല

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ പല ഉപകരണങ്ങളും പെട്ടി പൊട്ടിക്കാതെ കൂട്ടിയിട്ടിരിക്കുന്നു

കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ 14.11.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ ഒരു മുറിയിൽ പൊട്ടിക്കാത്ത പെട്ടികളിൽ 26.03.2018-ൽ വാങ്ങിയ 22 എണ്ണം 'കമ്മോഡ് ചെയറുകളും (മോഡൽ FS 894W) 75 എണ്ണം എൽബോ ക്രച്ചസ്സുകളും (മോഡൽ 933 L) സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് 399) 27.03.2017 ന് വാങ്ങിയ 20 എൽബോ ക്രച്ചസ്സുകളിൽ 17 എണ്ണം ബാക്കിയിരിക്കെയാണ് 26.03.2018 ന് 75 എണ്ണം വാങ്ങിയിട്ടുള്ളത്. ആയതിൽ 8 എണ്ണം മാത്രമാണ് 11.10.2019 വരെ വിതരണം ചെയ്തിട്ടുള്ളത്. രോഗികളിൽ നിന്ന് തിരിച്ച് വന്ന രണ്ടെണ്ണമടക്കം നിലവിൽ 86 എണ്ണം ഉപയോഗിക്കാതെ ബാക്കിയുണ്ട്. ഈ ഉപകരണം ഒരെണ്ണത്തിന് 523.80 രൂപ വില വരുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കമ്മോഡ് ചെയർ 73 എണ്ണം നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പൊട്ടിക്കാത്ത പെട്ടികളിലുള്ള 22 എണ്ണം ഉൾപ്പെടെ 35 കമ്മോഡ് ചെയറുകളാണ് മേൽ തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞത്. ഇതിനു പുറമെ വേറൊരു മുറിയിൽ 26.03.2018 ൽ വാങ്ങിയ യൂറിനൽ പ്രോ പിവിസി ആൽഫ എന്ന ഉപകരണം മൂന്ന് ചാക്ക് കെട്ടുകളിലായി കൂട്ടിയിട്ടതായും കണ്ടു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് 431) 26.03.2018 ന് വാങ്ങിയ 500 എണ്ണത്തിൽ 499 എണ്ണം 07.11.2019 ന് നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ഈ ഉപകരണം ഒരെണ്ണത്തിന് 31.25/- രൂപ വില വരുന്നുണ്ട്. 2018-19 ൽ ഇൻവോയ്സ് നം. 387 തീയതി 20.3.2019 പ്രകാരം കാലിക്കറ്റ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും (തുക നൽകിയിട്ടുള്ളത് 2019-20 ലാണ്) വീൽ ചെയർ, എയർബെഡ്, വാട്ടർബെഡ്, ക്രച്ചസ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ ആവശ്യമില്ലാതെ വാങ്ങുന്നതും യഥാസമയം അവ ആവശ്യമുള്ള രോഗികൾക്ക് വിതരണം ചെയ്യാത്തതും കാരണമാണ് അവ കെട്ടിക്കിടക്കുന്ന അവസ്ഥയിടയാക്കിയത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ ഭൂരിഭാഗം തുകയും ചെലവഴിക്കാതെ ലാപ്സാക്കുന്നു

മേൽ സൂചന പദ്ധതികൾ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്, നം.	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ലാപ്സായ തുക (67.5%)
പാലിയേറ്റീവ് കെയർ 2019 (458/19)	27,44,000	10,34,645	17,09,355
പാലിയേറ്റീവ് കെയർ 2018 (613/19), (എസ് 1458/17-18)	23,06,041	4,00,000	19,06,041
പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ (609/19)	11,00,026	5,70,000	5,30,026

പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നില്ല

ഓഡിറ്റിന് ഹാജരാക്കിയ ഫോളോ അപ്പ് ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

ക്രമ നം.	ഫോളോഅപ്പ് രജിസ്റ്ററിലെ ക്രമ നം.	രോഗിയുടെ പേര്, മേൽവിലാസം	ഹോംകെയർ ലഭിക്കാത്ത കാലയളവ്
1	334/2018 (രജിസ്റ്റർ -1)	ശ്രീമതി സീത, നന്ദനം, കുതിരവട്ടം.	3/2018 മുതൽ 12/2018 വരെ
2	335/2018 (രജിസ്റ്റർ -1)	ശ്രീ. ബാലൻ, നന്ദനം, കുതിരവട്ടം.	3/2018 മുതൽ 12/2018 വരെ
3	336/2018 (രജിസ്റ്റർ -1)	ശ്രീ. സജീവൻ, നന്ദനം, കുതിരവട്ടം.	3/2018 മുതൽ 12/2018 വരെ
4	338/2018 (രജിസ്റ്റർ -1)	ശ്രീമതി പാർവ്വതി, അമ്പലത്താഴം, കോട്ടൂളി.	3/2018 മുതൽ 12/2018 വരെ
5	13/2018 (രജിസ്റ്റർ -2)	ശ്രീമതി ആയിഷ, മണ്ണംകുളങ്ങര, കിണ്ണാശ്ശേരി.	4/2018 മുതൽ 12/2018 വരെ

6	8/2018 (രജിസ്റ്റർ -2)	ശ്രീ. ഗോപിനാഥൻ, ഉദയപുരി, കുതിരവട്ടം.	7/2018 മുതൽ 12/2018 വരെ
7	9/2018 (രജിസ്റ്റർ -2)	ശ്രീമതി പ്രേമലത, ഉദയപുരി, കുതിരവട്ടം.	7/2018 മുതൽ 12/2018 വരെ
8	79/2018 (രജിസ്റ്റർ -2)	ശ്രീമതി ദേവകി, ഞാറയ്ക്കൽ വയൽ, മാങ്കാവ്.	3/2018 മുതൽ 12/2018 വരെ
9	108/2018 (രജിസ്റ്റർ -2)	ശ്രീമതി ശാരദ, പുനത്തിൽ, കുതിരവട്ടം.	8/2018 മുതൽ 12/2018 വരെ
10	109/2018 (രജിസ്റ്റർ -2)	ശ്രീമതി ജാനു, ശ്രീനിവാസ്, കൊളക്കാട് താഴത്ത്.	5/2018 മുതൽ 12/2018 വരെ

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പല രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

സ.ഉ.(സാ.ധ)നം. 3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരമുള്ള നഗരസഭ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, നിർവഹണ കമ്മിറ്റി എന്നിവയുടെ ഹാജർ പുസ്തകം, മിനിട്സ്, സ്പെഷ്യൽ ഒ.പി. രജിസ്റ്റർ, സ്റ്റാഫ് & വോളണ്ടിയർ അറ്റൻഡൻസ് രജിസ്റ്റർ, പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി സംഭാവന സ്വീകരിക്കുന്നതിനുള്ള രസീത് ബുക്കുകളും അതിന്റെ സ്റ്റോക്ക് രജിസ്റ്ററും, ക്യാഷ് & അസ്സറ്റ്സ് ഡൊണേഷൻ രജിസ്റ്റർ, വരവ് - ചെലവ് കണക്ക് പുസ്തകം, ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ, സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങളോ മരുന്നോ നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രജിസ്റ്റർ എന്നീ സുപ്രധാന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ ഉത്തരവ് ഖണ്ഡിക 2.5.6. പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളുടെ വിവരം നഗരസഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത പക്ഷം

പദ്ധതിയിൽ നിന്ന് പണം ചെലവഴിക്കാൻ പാടില്ലെന്ന വ്യവസ്ഥയിരിക്കെയാണ് നഗരസഭ ചെലവ് നടത്തിയിട്ടുള്ളത്. മേൽ ഉത്തരവ് ഖണ്ഡിക 2.10.6 പ്രകാരം ഒരു വർഷം ഒന്നിലധികം പാലിയേറ്റീവ് കെയർ പദ്ധതികൾ നടപ്പാക്കാൻ പാടില്ലെങ്കിലും 2018-19 വർഷം മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2018-19 വർഷം പാലിയേറ്റീവ് രോഗികളുടെ പുനരുദ്ധാരണത്തിനായി കോർപ്പറേഷൻ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, 2018-19 വർഷം ആരോഗ്യ സ്ഥിരം സമിതി, ഭരണസമിതി, ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് എന്നിവ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ വിശദാംശം, കിടപ്പിലായ രോഗികളെ 2018-19 കാലയളവിൽ ഡോക്ടർമാർ സന്ദർശിച്ചതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല. കിടപ്പിലായ രോഗികളിൽ സ്ഥിരമായി മരുന്ന് കഴിക്കേണ്ടി വരുന്നവർക്ക് കോർപ്പറേഷൻ പരിധിയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ പരിശോധനയും മരുന്നും ലഭിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസമെങ്കിലും സ്പെഷ്യൽ ഒ.പി. സൗകര്യം ഒരുക്കേണ്ടതാണ്. 2018-19 വർഷം അപ്രകാരം സൗകര്യമൊരുക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

വിവിധ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവരുടെ ക്ഷേമത്തിനായി വാങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ കോർപ്പറേഷന്റെ ഇടിയങ്ങരയിലുള്ള പാലിയേറ്റീവ് കെയർ പരിചരണ കേന്ദ്രത്തിൽ വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടി ശുചീകരണസാമഗ്രികളിൽ നിന്നുള്ള ദുർഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ഇടുങ്ങിയ മുറികളിൽ പഴയതും തുരുമ്പ് പിടിച്ചതുമായ ഉപകരണങ്ങളുടെ കൂടെ കൂട്ടിയിട്ടിരിക്കുന്നത് അത് ഉപയോഗിക്കുന്ന രോഗികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് പുറമെ ഉപകരണങ്ങൾ നശിക്കുന്നതിനും ഇടവരുത്തും. ഇത് സമൂഹത്തിലെ ഏറ്റവും അനുകമ്പാർഹരായ രോഗികളോട് ചെയ്യുന്ന കടുത്ത അനീതി കൂടിയാണ്. ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി യഥാസമയം വിതരണം ചെയ്യാതിരിക്കുന്നത് പൊതുമുതലിന്റെ ദുർവ്യയമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി

ബന്ധപ്പെട്ട പല സുപ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കുകയോ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകൾ ചൂണ്ടികാണിച്ചു കൊണ്ടുള്ള ഒ.എസ്.നം.81/2018-19 തീയതി 25.11.2019-ന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്നത് ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുള്ള അലംഭാവമാണ് കാണിക്കുന്നത്. മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയിൽ നിരാകരിച്ച തുകയായ 5,714/- രൂപ കിഴിച്ച് 19,98,931/- രൂപയുടെ ചെലവ് (2004645 - 5714) തടസ്സത്തിൽ വയ്ക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1.6.2(1) മുതൽ 1.6.2(7)) വരെ.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

616. ഒരേ ദിവസം ഒരേ സ്ഥാപനത്തിൽ നിന്നും വ്യത്യസ്ത നിരക്കിൽ വീൽ ചെയറുകൾ വാങ്ങിയതുസംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് രണ്ടും രണ്ട് പ്രോജക്ടാണെന്നും രണ്ടിനും ഒരു ഏജൻസിയുമായാണ് എഗ്രിമെന്റ് വച്ചതെന്നും രണ്ട് പ്രോജക്ടിനും രണ്ട് ടെണ്ടർ വിളിച്ചതായും രണ്ടും പ്രൊക്യൂർ കമ്മിറ്റിയും കൗൺസിലും അംഗീകരിച്ചിട്ടുണ്ടെന്നും അധികമായി ഈടാക്കിയ തുക 09.6.2023-ന് ബന്ധപ്പെട്ട ഹെൽത്ത് ഓഫീസറിൽനിന്നും ഈടാക്കിയിട്ടുണ്ടെന്നും തുക അടച്ചതിൽ 566/- രൂപ കുറവായാണ് കാണുന്നതെന്നും ആ തുക ഇന്നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു. തുക പൂർണ്ണമായി ഈടാക്കി പ്രസ്തുത വിവരം ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു

617. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അധ്യായം 1.6.2(2), 1.6.2(3), 1.6.2(4) എന്നീ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു

618. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക ലാപ്സാകുന്നത് ഗുരുതരമായ വിഷയമാണെന്നും പാവപ്പെട്ടവർക്ക് ലഭിക്കേണ്ട സേവനമാണ് ഇതുവഴിയില്ലാതാകുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വകയിരുത്തിയ തുക കൂടുതലായതിനാൽ ആവശ്യത്തിനുള്ള തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളൂവെന്നും നിലവിൽ ഇത്തരം പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു മൂന്നുവർഷവും ഒരു കണക്ക് കൂട്ടലുമില്ലാതെയാണോ തുക വകയിരുത്തിയതെന്നും മുൻകാലങ്ങളിലെ ചെലവിന്റെ പശ്ചാത്തലത്തിലാണ് വരുംവർഷങ്ങളിൽ തുക വകയിരുത്തുന്നതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

619. വൃദ്ധർ, വികലാംഗർ, വനിതകൾ, പാലിയേറ്റീവ് കെയർ എന്നിങ്ങനെ നിശ്ചിത ശതമാനം തുക നീക്കിവയ്ക്കണമെന്ന നിബന്ധനയനുസരിച്ചായിരിക്കും ഇത്രയും തുക വച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു തുക വകയിരുത്തുമ്പോൾ ഓരോ വിഭാഗത്തിനും നിശ്ചിത ശതമാനം തുക നീക്കിവയ്ക്കണമെന്ന നിബന്ധനയുള്ളതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിയെന്ന അഭിപ്രായത്തിനോട് യോജിക്കാനാകില്ലെന്നും ഇത് ശരിയായ നടപടിക്രമമല്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു

620. നാല് കാറ്റഗറികൾക്ക് വേണ്ടിയാണ് തുക വകയിരുത്തുന്നതെന്നും പാലിയേറ്റീവ് അല്ലാതെ, മറ്റ് വിഭാഗങ്ങൾക്കുവേണ്ടിയും ടി തുക ചെലവഴിക്കാമായിരുന്നുവെന്നും ഒരു ആസൂത്രണവുമില്ലാതെയാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണെന്നും സമിതി വിലയിരുത്തി. 2019-20-ൽ വകയിരുത്തിയ 47 ലക്ഷം രൂപയിൽ 24 ലക്ഷം

രൂപയും 2020-21-ൽ വകയിരുത്തിയ 62 ലക്ഷം രൂപയിൽ 13 ലക്ഷം രൂപയുമാണ് ചെലവഴിച്ചിരിക്കുന്നതെന്നും ഈ രണ്ട് വർഷങ്ങളിലെയും അനുഭവത്തിന്റെ വെളിച്ചത്തിൽ 2021-22-ൽ വകയിരുത്തിയ 55 ലക്ഷം രൂപയിൽ 24 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചതെന്നും മുൻകാലങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടതെന്നും സമിതി നിരീക്ഷിച്ചു. തെറ്റായ ഇത്തരം നിലപാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നീക്കിവയ്ക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കണമെന്നും ഗവൺമെന്റ് അതനുസരിച്ചുള്ള മാനദണ്ഡം തീരുമാനിച്ച് മാർഗ്ഗനിർദ്ദേശം നൽകണമെന്നും പ്രസ്തുത മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു കൂടാതെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായുള്ള പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഒരു പ്രദേശത്ത് രണ്ട് കുടുംബങ്ങളും സമീപ പ്രദേശത്ത് 25 കുടുംബങ്ങളുമുണ്ടെങ്കിൽ ഈ രണ്ട് പ്രദേശത്തും ഒരുപോലെയാണ് പദ്ധതി തുക വയ്ക്കുന്നതെന്നും ഈ മാനദണ്ഡത്തിൽ മാറ്റം വരുത്തണമെന്നും 25 കുടുംബങ്ങളുള്ള പ്രദേശത്തെ വിഹിതം വർദ്ധിപ്പിക്കുന്ന തരത്തിൽ മാറ്റം വരുത്തണമെന്ന് സമിതി നേരത്തെ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് പരിശോധനാവിധേയമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

621. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പല രോഗികൾക്കും യഥാസമയം ഹോം കെയർ ലഭിക്കുന്നില്ലാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

622. നഗരസഭ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെയും നിർവഹണ കമ്മിറ്റിയുടെയും മിനിറ്റ്സ് ബുക്ക്, ഹാജർ പുസ്തകം എന്നിവയും മറ്റ് രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്കായി ഹാജരാക്കാമെന്നുമാണ്

അറിയിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. രേഖകൾ ഹാജരാക്കി അവ പരിശോധിച്ചശേഷം തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

623. കോർപ്പറേഷൻ ഫണ്ടുപയോഗിച്ച് പെയിൻ & പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് തുക പൂർണ്ണമായി ഈടാക്കി പ്രസ്തുത വിവരം ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

624. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അദ്ധ്യായം 1.6.2(2), 1.6.2(3), 1.6.2(4) എന്നീ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

625. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

626. നഗരസഭയുടെ പാലിയേറ്റീവ് കെയർ പ്രവൃത്തനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പാർക്കിംഗ് പ്ലാസ-കം-കൊമേഴ്യൽ ബിൽഡിംഗ് - ബി.ഒ.റ്റി. വ്യവസ്ഥയിലെ നിർമ്മാണം 10 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല- നഗരസഭയ്ക്ക് വൻ ധനനഷ്ടം

(ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 3-24)

ഫയൽ നം. ഇ.ജി.21/1365/ഇ.1/15/സി.ഡി.എ.

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിന് സമീപം ജയപ്രകാശ് നാരായണൻ റോഡിൽ സി.ഡി.എ.യുടെ ഉടമസ്ഥതയിലുള്ള 23 സെന്റ്

സ്ഥലത്ത് (നഗരം വില്ലേജ്, സർവ്വേ നം.ടി.എസ്/234/2) പി.പി.പി/ബി.ഒ.ടി. അടിസ്ഥാനത്തിൽ മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിനായി 15.09.2009-ന് നഗരസഭ കൗൺസിൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കുകയും, നിർമ്മിക്കുന്നതിനായി ലേഔട്ട് അംഗീകാരത്തോടെ യെന്നാറീസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അധികാരികളുമായി 04.10.2010 ന് നഗരസഭ സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ചെയ്തു. 2009-ലെ പ്രൈസ് ഷെഡ്യൂൾ പ്രകാരം 7 കോടി രൂപ ചെലവിൽ ബേസ്മെന്റ് ഫ്ലോർ ഉൾപ്പടെ 5 നില കെട്ടിടവും, തുടർന്ന് 10 നില സ്റ്റീൽ കൊണ്ടുള്ള 90 പാർക്കിംഗ് സ്ലോട്ടുകളും നിർമ്മിക്കും. കരാറിലെ ഖണ്ഡിക. 4(1) (ബി. ഐ.) പ്രകാരം പ്രവൃത്തി ആരംഭിക്കുന്ന തീയതി കണക്കാക്കേണ്ടത് പ്രോജക്ടിന് ലഭ്യമാകേണ്ട എല്ലാ പ്ലാനുകളും അംഗീകരിച്ചതിന് ശേഷമാണ്. കരാറിലെ ഖണ്ഡിക 14.2 ലെ വ്യവസ്ഥ പ്രകാരം നിർമ്മാണത്തിനുവേണ്ടി സൈറ്റ് വിട്ട് കൊടുത്ത് 24 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കുമെന്നും അഥവാ പൂർത്തിയായില്ലെങ്കിൽ 6 മാസം ഗ്രേസ് പീരിയഡ് അനുവദിക്കുമെന്നും വ്യക്തമാക്കുന്നു. പ്രസ്തുത സ്ഥലത്തോടുചേർന്ന് ശ്രീമതി. പാറക്കാടൻ സഫിയ എന്നയാളുടെ സ്വകാര്യ ഭൂമി ഉൾപ്പെട്ടതായിരുന്നു പദ്ധതി സൈറ്റ് (2 സെന്റ് സ്ഥലം). മേൽ ഭൂമിയിൽ കൈവശക്കാരായി 2 കച്ചവടക്കാർ ഉണ്ടായിരുന്നതിനാൽ ഭൂമി വിട്ടു കിട്ടുന്നതിന് താമസം നേരിട്ട ആയതിനാൽ നിർമ്മാണ പ്രവൃത്തി കമ്പനി നിർത്തിവെച്ചു.

19.12.2012-ലെ (എം.എസ്.)272/2012/ത.സ്വ.ഭ.വ. നം. ഉത്തരവിലൂടെ കോഴിക്കോട് വികസന അതോറിറ്റി സർക്കാർ പുനസ്ഥാപിച്ചു. 21.05.2013-ന് സി.ഡി.എ. തങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ തുടർന്ന് കാർപാർക്കിംഗ് പ്ലാസ നിർമ്മാണ സ്ഥലവും പദ്ധതി നടത്തിപ്പും വികസന അതോറിറ്റി ഏറ്റെടുത്തു. 31.12.2015-ലെ ഉടമ്പടിയിലൂടെ ശ്രീമതി. പാറക്കാടൻ സഫിയ ഉപാധികളോടെ തന്റെ പേരിലുള്ള സ്ഥലം വികസന അതോറിറ്റിക്ക് വിട്ടു നൽകി. 04.03.2016-ന് സി.ഡി.എ. സെക്രട്ടറിയുമായി കൺസഷണർ ചമച്ച സപ്ലിമെന്ററി കരാർ പ്രകാരം (ഖണ്ഡിക C - xx, ചാപ്റ്റർ.1) പ്രവൃത്തിയുടെ ഒന്നാം ഘട്ടം ആദ്യ വർഷവും (2017 മാർച്ച് 3 നകം) അടുത്തഘട്ടം രണ്ടാം വർഷവും പൂർത്തീകരിക്കും (2018 മാർച്ച് 3-നകം).

04.05.2016-ന് പദ്ധതിക്കാവശ്യമായ അധിക സ്ഥലം യെന്നാറീസ് വിഭാഗത്തിന് കൈമാറി. 04.10.2010-ലെ കരാർ വ്യവസ്ഥ (ഖണ്ഡിക.8-6), 04.03.2016 കരാർ വ്യവസ്ഥ എന്നിവ പ്രകാരം (ചാപ്റ്റർ 5.2) മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ അനുവാദ പത്രങ്ങളും, അംഗീകാരങ്ങളും കൺസഷണർ സ്വന്തം നിലയിൽ ലഭ്യമാക്കി അതോറിറ്റി എഞ്ചിനീയർമാരുടെ മേൽ നോട്ടത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കണം. ഇതിനായി വികസന അതോറിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തെ 07.05.2015-ലെ 1365/ഇ/15/സി.ഡി.എ. നം. ഉത്തരവിലൂടെ സി.ഡി.എ. സെക്രട്ടറി ചുമതലപ്പെടുത്തി. പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം 33 വർഷം (കൺസഷൺ പീരിയഡ്) പ്രസ്തുത കെട്ടിടം (3 -ാം നില ഒഴികെ) കൺസഷണർ ഉപയോഗിച്ച് സി.ഡി.എ.ക്ക് കൈമാറും. കൺസഷൺ പീരിയഡിൽ പാർക്കിംഗ് പ്ലാസയിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ 16% തുക എല്ലാ മാസവും 5-ാം തീയതിക്കകം സി.ഡി.എ.ക്ക് കൈമാറും. 2016 ജൂൺ മുതൽ പ്രവൃത്തി ആരംഭിച്ചു. മേൽ പദ്ധതിയുടെ പ്ലാനും എഗ്രിമെന്റും സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് സി.ഡി.എ. പ്ലാനിംഗ് വിഭാഗമാണ്.

ശ്രീമതി പാറക്കാടൻ സഫിയ എന്നയാളുടെ പേരിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് വന്ന കാലതാമസം, കാലവർഷം, നിർമ്മാണ സാമഗ്രികൾ ലഭ്യമല്ലാത്തത്, 2016 ലെ നോട്ട് നിരോധനം തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രവൃത്തിയുടെ കാലാവധി 30.10.2017 വരെ ദീർഘിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ട് കൺസഷണർ 23.02.2017-ന് അപേക്ഷ നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 25.03.2017-ന് അതോറിറ്റി സെക്രട്ടറി പൂർത്തീകരണ കാലാവധി 30.10.2017 വരെ ദീർഘിപ്പിച്ച് നൽകി. 10.03.2017-ലെ (കൈ) നം. 54/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയുടെ പ്രവർത്തനം 31.03.2017-ന് നിർത്തലാക്കുവാനും ആസ്തി ബാദ്ധ്യതകൾ കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമാക്കാനും സർക്കാർ നിർദ്ദേശിച്ചു

20.10.2017-ന് നഗരസഭയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നത് 31.03.2018 വരെ

ദീർഘിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. 03.08.2017-ന് ഫയർ എൻ.ഒ.സി. ലഭ്യമായതിനെ തുടർന്ന് 20.12.2017-ന് നഗരസഭയിൽ നിന്നും 4 നില സിവിൽ സ്ട്രക്ചർ, 7 നില സ്റ്റീൽ സ്ട്രക്ചർ എന്നിവ നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു നൽകി. (T.P.5/ 91147/16). 24.11.2017 ന് ബഹു. മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ പ്രവൃത്തികൾ 31.03.2018-നകം പൂർത്തീകരിക്കുന്നതിന് കൗൺസിൽ അനുവാദത്തോടെ തീരുമാനിച്ചു. 09.03.2018-ന് പാർക്കിംഗ് പ്ലാസ നിർമ്മാണത്തിന്റെ ടെക്നോളജി ഏജൻസി കൂടുതൽ സമയം ആവശ്യപ്പെട്ടതിനാൽ 31.03.2018-നകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ലെന്നും പാർക്കിംഗ് പ്ലാസയുടെ ബാക്കി 3 നിലയുടെ സ്റ്റീൽ സ്ട്രക്ചർ നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കി വരികയാണെന്നും ആയതിനാൽ 04.10.2010-ലെ കരാറിൽ വ്യവസ്ഥ ചെയ്ത പ്രകാരം (ഖണ്ഡിക 14.2) ബിൽഡിംഗ് പെർമിറ്റ് ലഭിച്ച തീയതി മുതൽ ഒരു വർഷ സമയ പരിധി കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുവദിച്ച് തരണമെന്നും അപേക്ഷിച്ചു. 12.06.2018-ന് ബഹു. മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ മേൽ അപേക്ഷ പരിഗണിച്ച് താഴെ പറയുന്ന തരത്തിൽ തീരുമാനങ്ങളെടുത്തു.

- പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിനുള്ള പ്ലാൻ എത്രയും വേഗം തയ്യാറാക്കി നഗരസഭയിൽ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.
- കൺസഷണർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.പി.രമേഷ്, ടൗൺ പ്ലാനർ ശ്രീ. എ.എം.ജയൻ എന്നിവരോടൊപ്പം പൂനെയിലുള്ള നിർമ്മാണ ശാലയിൽ പോയി ഓട്ടോമാറ്റിക് പാർക്കിംഗ് ചെയ്യുന്നതിനുള്ള റോബോട്ടിക് പാർട്സിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടം ഉൾപ്പടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തീയതി അറിയിക്കണം. മേൽ തീയതിയിൽ നിന്ന് പിന്നീട് കാലാവധി നീട്ടി നൽകേണ്ടതില്ല.

പൂനെയിലുള്ള നിർമ്മാണശാല സന്ദർശിച്ച നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടൗൺ പ്ലാനർ എന്നിവർ നൽകിയ റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തീകരിക്കാൻ 4 മാസം സമയം വേണ്ടി വരുമെന്നും എഗ്രിമെന്റ് പ്രകാരം പ്ലാൻ അനുമതി കൊടുത്ത 20.12.2017-ന് ശേഷം 2 വർഷ സമയ പരിധി (19.12.2019 വരെ) ദീർഘിപ്പിച്ചു നൽകാവുന്നതാണെന്നും ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചു. മേൽ ശിപാർശ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, കൗൺസിലോ ചർച്ച ചെയ്ത് അനുമതി നൽകിയിട്ടില്ല. 31.03.2018-ന് ശേഷം പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കൗൺസിലിന്റെ അനുമതിയും ലഭ്യമാക്കിയിട്ടില്ല. പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ തലത്തിലും ശിപാർശകളില്ല.

04.03.2016-ന് സി.ഡി.എ. സെക്രട്ടറിയുമായി കൺസഷണർ ചമച്ച സപ്ലിമെന്ററി കരാർ പ്രകാരം (ഖണ്ഡിക C.xx, ചാപ്റ്റർ. 1) പ്രവൃത്തി, 04.10.2010-ൽ ചമച്ച കരാർ വ്യവസ്ഥകളിൽ (ഖണ്ഡിക - 14.2) വ്യക്തമാക്കിയ തരത്തിൽ പറഞ്ഞ 24 മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കും. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ കൺസഷണർക്ക് കഴിയാത്ത സാഹചര്യം വരുകയാണെങ്കിൽ ഖണ്ഡിക- 143 (i, ii, iii) പ്രകാരം തുടർന്നുള്ള ആദ്യത്തെ 120 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.01% നിരക്കിലും, 120 ദിവസം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ തുടർന്നുള്ള 60 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.02% നിരക്കിലും, 180 ദിവസം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ തുടർന്നുള്ള 185 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.05% നിരക്കിലും പ്രതിദിന പിഴ നഗരസഭയിൽ അടവാക്കും. ഖണ്ഡിക 14.4 പ്രകാരം നിർമ്മാണ പൂർത്തീകരണ കാലയളവ് കഴിഞ്ഞ് 18 മാസത്തിന് ശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കോഴിക്കോട് നഗരസഭയും കൺസഷണറും തമ്മിലുള്ള കരാർ അവസാനിക്കുന്നതുമാണ്. കൺസഷണർ കരാർ പ്രകാരമുള്ള നിർമ്മാണകാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നഗരസഭയ്ക്ക് താഴെ

പറയുന്ന തരത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഈടാക്കേണ്ട പിഴയുടെ വിവരം താഴെ ചേർക്കുന്നു.

കരാർ തീയതി	04.03.2016
പ്രവൃത്തി പൂർത്തീകരണ തീയതി	03.03.2018
ആകെ പ്രോജക്ട് കോസ്റ്റ്	7,00,00,000/- രൂപ (ഏഴ് കോടി രൂപ)
പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ആദ്യത്തെ 120 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.01%നിരക്കിൽ പ്രതിദിന പിഴ (04.03.2018 മുതൽ 01.07.2018 വരെ)	7,00,00,000 x0.01x120/100 =8,40,000.
120 ദിവസം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ തുടർന്നുള്ള 60 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.02% നിരക്കിൽ പ്രതിദിന പിഴ (02.07.2018 മുതൽ 30.08.2018 വരെ)	7,00,00,000 x0.02x60/100 =8,40,000
180 ദിവസം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ തുടർന്നുള്ള 185 ദിവസം പ്രോജക്ട് കോസ്റ്റിന്റെ 0.05% നിരക്കിൽ പ്രതിദിന പിഴ(31.08.2018 മുതൽ 03.03.2019 വരെ)	7,00,00,000x0.05x185/100 = 64,75,000
ആകെ ഒടുക്കേണ്ട തുക 8,40,000+8,40,000+64,75,000=81,55,000/- രൂപ	

മേൽ വിവരിച്ച നഷ്ടം കൂടാതെ ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തിയതിൽ നഗരസഭ ഫണ്ടിന് 2017 മുതൽ ലഭ്യമാകേണ്ട റവന്യൂ വരവും നഷ്ടപ്പെടുത്തി. (കൺസഷൺ പീരിയഡിൽ പാർക്കിംഗ് പ്ലാസയിൽ നിന്നും ലഭ്യമാകുന്ന വരുമാനം). പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുത്ത് പൂർത്തീകരിക്കേണ്ടതും നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക കൺസഷണറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

627. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിനുസമീപത്തായി ബി.ഒ.ടി. അടിസ്ഥാനത്തിൽ മൾട്ടി ലെവൽ പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിനുവേണ്ടി 04.10.2010-ന് NRE's ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി നഗരസഭാ സെക്രട്ടറി കരാറിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതായും 19.12.2012-ൽ കോഴിക്കോട് വികസന അതോറിറ്റി പുനഃസ്ഥാപിച്ചപ്പോൾ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കോഴിക്കോട് വികസന അതോറിറ്റി ഏറ്റെടുക്കുകയും 10.03.2017-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം 31.03.2017-ന് കോഴിക്കോട് വികസന അതോറിറ്റി നിർത്തലാക്കിയപ്പോൾ കോർപ്പറേഷനെ തിരിച്ചേൽപ്പിക്കുകയും ചെയ്യുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആദ്യം പറഞ്ഞ പ്രോജക്ട് പ്രകാരം മൂന്ന് നില കോൺക്രീറ്റ് സ്ട്രക്ചറും അതിനുമുകളിൽ നാല് നില സ്റ്റീൽ സ്ട്രക്ചറോടുകൂടിയ പാർക്കിംഗ് ഏരിയയാണ് വിഭാവനം ചെയ്തിരുന്നതെന്നും കഴിഞ്ഞവർഷം 5 നില കോൺക്രീറ്റ് സ്ട്രക്ചറും അതിനുമുകളിൽ 5 നില സ്റ്റീൽ സ്ട്രക്ചറോടുകൂടിയ പാർക്കിംഗ് ഏരിയയുമായി അത് മാറ്റംവരുത്തിയതായും അഞ്ചുനിലകളോടുകൂടിയ കോൺക്രീറ്റ് സ്ട്രക്ചറിന്റെ പണി പൂർത്തിയാക്കിയെന്നും പാർക്കിംഗ് പ്ലാസയിൽനിന്നും വരുന്ന വരുമാനത്തിന്റെ 16 ശതമാനവും ഒരു ഫ്ലോർ പൂർണ്ണമായി ഉപയോഗിക്കാനുള്ള അനുവാദവുമാണ് കോർപ്പറേഷനുള്ളതെന്നും അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു. നിലവിൽ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിന്റെ എൻ.ഒ.സി. ലഭിച്ചിട്ടില്ലെന്നും ഏതെങ്കിലും സാഹചര്യത്തിൽ കെട്ടിടത്തിന്റെ മുകളിലകപ്പെടുന്നവരെ രക്ഷിക്കാനുതകുന്ന രക്ഷാമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി പ്ലാൻ റിവൈസ് ചെയ്തുനൽകിയാൽ മാത്രമെ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ നിന്നും എൻ.ഒ.സി. ലഭിക്കുകയുള്ളൂവെന്നാണ് അറിയാൻ കഴിഞ്ഞതെന്നും NRE's ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയും കോർപ്പറേഷനുമായി മേയറുടെ ചേമ്പറിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് മൂന്ന് മാസം കൂടി സമയം ദീർഘിപ്പിച്ച്

നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു

628. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയ ശേഷം പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

നിഗമനങ്ങളും ശിപാർശകളും

629. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിന് സമീപമുള്ള മൾട്ടിലെവൽ പാർക്കിംഗ് പ്ലാസ നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രസ്തുത വിവരങ്ങളുൾപ്പെടുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കണ്ണൂർ കോർപ്പറേഷൻ 2017-18

ദേശീയ നഗര ഉപജീവന മിഷൻപദ്ധതി : എ.എൽ.എഫുകൾക്ക് റിവോൾവിംഗ് ഫണ്ട് 12,00,000/- രൂപ അധികം ഇക അനുവദിച്ചത് സംബന്ധിച്ച്

[ഓഡിറ്റ് റിപ്പോർട്ട് 2017-18, ഖണ്ഡിക 1-42]

ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയാ യോജനാ - ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ഏരിയാ ലെവൽ ഫെഡറേഷനും (എ.എൽ.എഫ്.) 50,000/- രൂപ വീതം (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4.07.2015-ലെ 6701/F/2013/KSHO നമ്പർ സർക്കുലർ) റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22-06-2015-ലെ 16701/F/2013/KSHO ഉത്തരവ് പ്രകാരം കേരളത്തിലെ കുടുംബശ്രീ എ.ഡി.എസുകളെ എൽ.യു.എൽ.എം ആവശ്യങ്ങൾക്ക് മാത്രമായി എ.എൽ.എഫ്. എന്നു പുനർ നാമകരണം ചെയ്തിരുന്നു. കണ്ണൂർ നഗരസഭ രൂപീകരിച്ച സമയത്ത് കുടുംബശ്രീയിൽ പുനഃസംഘടന നടത്താതെ മുനിസിപ്പാലിറ്റിയിലെ സോണൽ ഓഫീസുകളായി മാറിയ

പഞ്ചായത്തുകളിലെയും എ.ഡി.എസുകളെ പ്രത്യേകം നിലനിർത്തി റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. ഇപ്രകാരം 90 എ.ഡി.എസുകൾക്ക് 50,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരുന്നു. 2015-16-ൽ 65 എ.ഡി.എസുകൾക്കും (53+12) 2017-18-ൽ 25 എ.ഡി.എസുകൾക്കും തുക അനുവദിച്ചു. ആകെ 45,00,000/- രൂപ ഇപ്രകാരം കൈമാറിയിട്ടുണ്ട്.

- സ്വയം സഹായ സംഘങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കുകയും കൂടുതൽ തുക ആന്തരിക വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യാവുന്ന അവസ്ഥയിലേക്ക് സ്ഥാപനത്തിന്റെ ശാക്തീകരണം ലക്ഷ്യമിട്ടാണ് റിവോൾവിംഗ് ഫണ്ടുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.
- കണ്ണൂർ നഗരസഭയിൽ 55 ഡിവിഷനുകളാണുള്ളത്. ഇതനുസരിച്ച് 55 എ.ഡി.എസുകളാണ് നഗരസഭയിൽ ഉണ്ടാകാവുന്നത്. പിന്നീട് നഗരസഭാ വാർഡ് അടിസ്ഥാനത്തിൽ എ.ഡി.എസുകൾ പുനഃക്രമീകരിക്കപ്പെട്ട് 55 എ.ഡി.എസു.കളായി ചുരുങ്ങിയപ്പോൾ മേൽ പരാമർശിച്ച പരിധിയിൽ കൂടുതൽ റിവോൾവിംഗ് ഫണ്ട് ലഭിച്ച എ.ഡി.എസുകളും തുകയൊന്നും ലഭിക്കാത്ത എ.ഡി.എസുകളും എന്ന അവസ്ഥയാണുണ്ടായത്. അധിക തുക ലഭിച്ച എ.ഡി.എസുകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	എ.ഡി.എസ്.	ലഭിക്കേണ്ട തുക	ലഭിച്ച തുക	അധികം ലഭ്യമായ തുക
1	പള്ളിയാംമൂല	50,000	1,00,000	50,000
2	കുന്നാവ്	50,000	1,00,000	50,000
3	തളാപ്പ്	50,000	1,00,000	50,000
4	വാരം	50,000	1,00,000	50,000
5	വലിയന്നൂർ	50,000	1,00,000	50,000
6	ചേലോറ	50,000	1,50,000	1,00,000
7	കാപ്പാട്	50,000	1,50,000	1,00,000
8	മേലേ ചൊവ്വ	50,000	1,00,000	50,000
9	ആറ്റടപ്പ	50,000	1,00,000	50,000

10	എടക്കാട്	50,000	1,00,000	50,000
11	കിഴുന്ന	50,000	1,00,000	50,000
12	തോട്ടട	50,000	1,00,000	50,000
13	കുറുവ	50,000	1,00,000	50,000
14	പടന്ന	50,000	1,00,000	50,000
15	നീർച്ചാൽ	50,000	1,00,000	50,000
16	ടെമ്പിൾ	50,000	1,50,000	1,00,000
17	തായത്തെരു	50,000	1,00,000	50,000
18	ആയിക്കര	50,000	1,00,000	50,000
19	ചാലാട്	50,000	1,00,000	50,000
20	വെത്തിലപള്ളി	50,000	1,50,000	1,00,000

പഴയ അക്കൗണ്ടുകളിൽ നിക്ഷിയമായി തുക നിലനിൽക്കുന്നു

നഗരസഭ ലഭ്യമാക്കിയ വിവരം അനുസരിച്ച് താഴെ ചേർക്കുന്ന എ.ഡി.എസുകൾ അധികം ലഭിച്ച തുകകൾ പൂർണ്ണമായും പുതിയ എ.ഡി.എസുകൾക്ക് കൈമാറ്റം ചെയ്യപ്പെടാതെ പഴയ എ.ഡി.എസ് അക്കൗണ്ടുകളിൽ തന്നെ ഇപ്പോഴും നില നിൽക്കുകയാണ്.

ക്രമ നമ്പർ	ഇപ്പോഴത്തെ എ.ഡി.എസ്.	ഔദ്യോഗിക അക്കൗണ്ടിൽ ഉള്ള തുക	എ.ഡി.എസിന് കൈമാറ്റം ചെയ്യപ്പെടാതെ പഴയ അക്കൗണ്ടിലുള്ള തുക	അക്കൗണ്ട് നിലനിർത്തിയിരിക്കുന്ന പഴയ എ.ഡി.എസ്
1	കിഴുന്ന	50,000	50,000	തോട്ടട
2	തോട്ടട	50,000	50,000	കക്കറ
3	ആയിക്കര	50,000	50,000	താവക്കര ഈസ്റ്റ്
4	വെത്തിലപ്പള്ളി	50,000	1,00,000*	* വെത്തിലപ്പള്ളി ഈസ്റ്റ്-50,000 വെത്തില പ്പള്ളി വെസ്റ്റ്-50,000

നഗരസഭ രൂപീകരിക്കപ്പെട്ടിട്ട് അഞ്ചു വർഷത്തിലേറെ ആയിട്ടും മേൽ പരാമർശിച്ചതു പ്രകാരം അനധികൃത അക്കൗണ്ടുകളിൽ സൂക്ഷിച്ചു വരുന്ന 2,50,000/- രൂപ എ.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റാൻ സാധിക്കാതിരുന്നത് അതീവ ഗൗരവതരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത എ.ഡി.എസു.കൾ

മേൽ പരാമർശിച്ചതു പ്രകാരം ഒട്ടേറെ എ.ഡി.എസുകൾ അനർഹമായി അധിക തുകകൾ സൂക്ഷിക്കുകയും പഴയ ചില എ.ഡി.എസ്. അക്കൗണ്ടുകളിൽ തുക നിഷ്ക്രിയമായി സൂക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുമ്പോൾ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ തുകയൊന്നും ലഭിക്കാത്ത എ.ഡി.എസു.കളും നഗരസഭയിലുണ്ട്. അവയുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	എ.ഡി.എസ്.
1	ഉദയം കുന്ന്
2	പൊടിക്കുണ്ട്
3	കൊറ്റാളി
4	അത്താഴക്കുന്ന്
5	കക്കാട്
6	തളിച്ചേരി
7	കക്കാട് നോർത്ത്
8	ശാദുലിപ്പള്ളി
9	പള്ളിപ്രം
10	എളയാവൂർ നോർത്ത്
11	എളയാവൂർ സൗത്ത്
12	മുണ്ടയാട്
13	അതിരകം
14	കാപ്പിച്ചേരി
15	താഴെ ചൊവ്വ

16	കിഴത്തള്ളി
17	ആദി കടലായി
18	പടന്ന

റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നഗരസഭ വിശദമായ പരിശോധനകൾ ഒന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല അനധികൃതമായി സൃക്ഷിച്ചിരിക്കുന്ന രണ്ടര ലക്ഷം രൂപയും അധികം കൈപ്പറ്റിയ തുകകളും തിരികെ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് വിനിയോഗം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് റിപ്പോട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

630. എ.ഡി.എസ്. അധികമായി വാങ്ങിയ തുകയിൽനിന്നും ബാക്കി തുകയായ 20,812 രൂപ തിരികെ ഒടുക്കിയോയെന്ന് സമിതി ആരാഞ്ഞതിന് ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു സമയബന്ധിതമായി അടച്ചില്ലെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കില്ലെന്ന് സമിതി അറിയിച്ചു. ബാക്കി തുക സമയബന്ധിതമായി അടയ്ക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകി

<u>പഴയ അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുക നിലനിൽക്കുന്നു</u>

631. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു

റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത എ.ഡി.എസ്.-കൾ

632. അനധികൃതമായി സൂക്ഷിച്ച രണ്ടര ലക്ഷം രൂപയും അധികം കൈപ്പറ്റിയ തുകകളും തിരികെ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെന്ന് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് വിശദമായ അന്വേഷണം നടത്തണമെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളതെന്ന് സമിതി അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

633. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ കണ്ണൂർ കോർപ്പറേഷനിൽ ALF കൾക്ക് റിവോൾവിംഗ് ഫണ്ടിൽ അധിക തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.

634. റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത ADS-കൾ എന്ന വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രത്യേക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കെട്ടിടങ്ങളുടെ വസ്തു നികുതി വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല. 5,75,043/- രൂപ വരുമാന നഷ്ടം

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2017-18, ഖണ്ഡിക 2-1)

(a) റിസോർട്ടുകളിൽ നിന്നും യഥാവിധി വസ്തുനികുതി ഈടാക്കുന്നില്ല- 4,64,422/- രൂപ നഷ്ടം

കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങൾക്ക് 01.04.2016 മുതൽ പ്രാബല്യത്തിൽ വസ്തു നികുതി നിരക്ക് പരിഷ്കരിക്കുന്നതിന് 14.03.2017 ലെ 38-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം 2016-17 വർഷം മുതൽ കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് 24.04.2017-ലെ വിജ്ഞാപന പ്രകാരം പരിഷ്കരിച്ചിട്ടുമുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 1 ചതുരശ്രമീറ്ററിന് 85/- രൂപ

നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചത്. എന്നാൽ നഗരസഭ പരിധിയിലെ 5 റിസോർട്ടുകളിൽ നിന്നും മേൽ നിശ്ചയിച്ച നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കിയതിന്റെയും സാംഖ്യ/സഞ്ചയ സോഫ്റ്റ്വെയറുകളിലെ അസസ്സ്മെന്റ് ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ റിസോർട്ടുകളുടെ വസ്തു നികുതി യോഗ്യമായ നിരക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാത്തതിനാൽ 4,64,422/- രൂപ ഈടാക്കാൻ ബാക്കി വന്നതായി കാണുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിടത്തിന്റെ തരം	വാർഡ് നം. (പുതിയത്/ പഴയത്)	വിജ്ഞാപനം പ്രകാരം ഈടാക്കേണ്ട തുക	വിസ്തീർണ്ണം (ച.മീ)	അടിസ്ഥാന നികുതി	20% വർദ്ധനവ്	ആകെ നികുതി	SC + LC + Cess	അടവാക്കേണ്ട വാർഷിക നികുതി	2017-18 വർഷത്തെ നികുതി	അടവാക്കിയ നികുതി (തുക രശീതി നമ്പർ/ തീയതി)	ബാക്കി കുറവ്
1	2	3	4	5	6	7 (5x 6)	8	9(7+8)	10	11 (9+10)	12	13	14 (12-13)
1(എ)	സി.വി. രവീന്ദ്രനാഥ്, പ്രേമസുധ മുതൽ പേർ	റിസോർട്ട്	(1/1345/17253)	85	93.6	7956	1591	9547	1624	11171	11171	4418 5954- 02.05.17	6753
(ബി)	-ടി-	-ടി-	(1/1347/17255)	85	167.64	14250	2850	17100	2907	20007	20007	7896 5956- 02.05.17	12111
(സി)	-ടി-	-ടി-	(1/1348/17/256)	85	151.64	12889	2578	15467	2629	18096	18096	7144 5957- 02.05.17	10952
(ഡി)	-ടി-	-ടി-	(1/1349/17/257)	85	151.64	12889	2578	15467	2629	18096	10896	7144 5958- 02.05.17	10952
(ഇ)	-ടി-	-ടി-	(1/1350/17/258)	85	88.64	7534	1507	9041	1537	10578	10578	4183 5959- 02.05.17	6395
(എഫ്)	സി.വി. രവീന്ദ്രനാഥ്, പ്രേമസുധ മുതൽ പേർ	റിസോർട്ട്	(1/357/17/226)	85	124.86	10613	2122	12735	2165	14900	14900	8 5936- 02.05.17	14892

(ജി)	-ടി-	-ടി-	(1/1358/17/227)	85	85.2	7242	1448	8690	1477	10167	10167	4042 5937-02.05.17	6125
(എച്ച്)	-ടി-	-ടി-	(1/1359/17/228)	85	86	7310	1462	8772	1491	10263	10263	407 2938-02.05.17	9856
(ഐ)	-ടി-	-ടി-	(1/1360/17/229)	85	86	7310	1462	8772	1491	10263	10263	407 5939-02.05.17	9856
(ജെ)	-ടി-	-ടി-	(1/1361/17/230)	85	86	7310	1462	8772	1491	10263	10263	1016 5940-02.05.17	9247
എൽ)	-ടി-	-ടി-	(1/1363/17/232)	85	86	7310	1462	8772	1491	10263	10263	1016 5972-02.05.17	9247
(എം)	-ടി-	-ടി-	(1/1364/17/233)	85	86	7310	1462	8772	1491	10263	10263	1016 5943-02.05.17	9247
(എൻ)	-ടി-	-ടി-	(1/1365/17/234)	85	2083	177055	*61969	239024	40634	279658	279658	183564 5944-02.05.17	96094
(ഒ)	സി.വി. രവീന്ദ്രനാഥ്, പ്രേമസുധ മുതൽ പേർ	റിസോർട്ട്	(1/1366/17/235)	85	2083	177055	35411	212466	36119	248585	248585	183564 5945-02.05.17	65021
(പി)	-ടി-	-ടി-	(1/1367/17/236)	85	2083	177055	35411	212466	36119	248585	248558	183564 5946-02.05.17	65021
(ക്യു)	-ടി-	-ടി-	(1/1368/17/237)	85	740	62900	12580	75480	12832	88312	88312	34780 5947-02.05.17	53532
(ആർ)	-ടി-	-ടി-	(1/1369/17/238)	85	97.92	8323	1665	9988	1698	11686	11686	4606 5948-02.05.17	7080
(എസ്)	-ടി-	-ടി-	(1/1370/17/239)	85	307.98	26178	5236	31414	5340	36754	36754	14476 5949-02.05.17	22278

2	നവീൻ പവിത്രൻ അശോകം ബീച്ച് റിസോർട്ട്, പയ്യാമ്പലം	റിസോർട്ട്	(1/1301/17/173)	85	300	25500	*8925	34425	5852	40277	40277	39546 11020-05.02.18	731
3	നവ്യ ജയപാൽ അറേബ്യൽ ബീച്ച് റിസോർട്ട്	റിസോർട്ട്	(1/1129/17/299)	85	98	8330	1666	9996	1700	11696	11696	77 41671-15.02.18	11619
4	ജിജു മൊട്ടമ്മൽ	-ടി-	(55/1329/17/39)	85	36	3060	612	3672	624	4296	4296	11 31472-04.01.18	4285
5	കണിയാങ്കണ്ടി സുകുമാരൻ മർമറ ബീച്ച് റിസോർട്ട്	-ടി-	(1/258/17/304)	85	117	9945	1989	11934	2029	13963	13963	82 41423-15.02.8	13881
									ആകെ		1148405	683983	464422

*വഴി സൗകര്യം - 20%
തറ നിർമ്മാണം - 15%
ആകെ 35%

കുറവ് വന്ന 4,64,422/- രൂപ പട്ടികയിൽ പറഞ്ഞ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റിസോർട്ടുകളുടെയും യഥാർത്ഥ അസസ്സ്മെന്റ് നടത്തി യോഗ്യമായ നിരക്കിൽ വസ്തു നികുതി ചുമത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(b) കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്മേൽ നികുതി നിർണ്ണയിക്കാത്തതിനാൽ 1,10,621/- രൂപ വരുമാന നഷ്ടം

2017 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കണ്ണൂർ കോർപ്പറേഷനിലെ കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിരക്ക് ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. യഥാർത്ഥ തറവിസ്തീർണ്ണം രേഖപ്പെടുത്തി അതിനനുസൃതമായ നിരക്ക് കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	കെട്ടിട ഉടമയുടെ വിവരം	കെട്ടിടത്തിന്റെ തരം വാർഡ്/കെട്ടിട നമ്പർ	യഥാർത്ഥ തറവിസ്തീർണ്ണം (ച.മീ)	ബാധകമായ നിരക്ക്	അടിസ്ഥാന വസ്തുനികുതി	20% വർദ്ധനവ് ഉൾപ്പെടെ നികുതി	ഈടാക്കിയ ഉപനികുതികൾ			2017-18 വർഷത്തിൽ ഈടാക്കേണ്ട നികുതി	2017-18 വർഷത്തിൽ ഈടാക്കിയ വസ്തുനികുതി/ രസീതി നം.	2017-18 ൽ കുറവ് വന്ന തുക
							സേവന നികുതി	ലൈബ്രറി സെസ്സ്	സെസ്സ്			
1	2	3	4	5	6 (4x5)	7 (6+20/100)	8 (7x10/100)	9 (7x10)5/100	10 (7x2/100)	11 (7+8+9+10)	12	13(11-12)
1	സി.വി. രവീന്ദ്രനാഥ്, പ്രേമസുധ, സുനിത, മറ്റുള്ളവർ	പാർപ്പിടാവശ്യം (17/2521/1344)	559.3	12	6712	*8054	805	403	161	9,423	457 5950-02.05.17	8966
2	റെഡ് സൺപയ്യാമ്പലം ബീച്ച് റോഡ്, പള്ളിയാംമൂല	ശിവോഹം സെന്റർ (17/2201/1351)	248.25	70	17378	20854	2085	1043	417	24,399	305 5930-02.05.17	24094
3	-ടി-	കോർപറേറ്റ് ഓഫീസ് (17/2211/1352)	227.12	70	15898	19078	1908	954	382	22,322	51 5931-02.05.17	22271
4	-ടി-	ഓഫീസ് (17/2221/353)	202.34	70	14164	16997	1700	850	340	19,887	72 5932-02.05.17	19815
5	-ടി-	ശിവോഹം സെന്റർ (17/2231/1354)	30.8	70	2156	2587	259	129	52	3,027	18 5933-02.05.17	3009
6	-ടി-	ശിവോഹം സെന്റർ (17/2241/1355)	85.56	70	5989	7187	719	359	144	8,409	11 5934-02.05.17	8398

7	റെഡ് സൺപയ്യാമ്പലം ബീച്ച് റോഡ്, പള്ളിയാംമൂല	ശിവോഹം സെന്റർ (17/2251/1355)	245.16	70	17161	20593	2059	1030	412	24,094	26 5935-02.05.17	24068
								ആകെ		1,11,561	**940**	**1,10,621**

*വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്.

- വസ്തു നികുതി ഈടാക്കുന്നതിൽ കുറവ് വന്ന 1,10,621/- രൂപ പട്ടികയിൽ രേഖപ്പെടുത്തിയ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ AE.33/2017-18/CM2/KNM-KSA തീയതി 02.11.2020 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
- വസ്തു നികുതി പരിഷ്കരണത്തിന് 01.04.2016 മുതൽ പ്രാബല്യമുള്ളതിനാൽ മേൽ പറഞ്ഞ റിസോർട്ടുകളുടെയും, കെട്ടിടങ്ങളുടെയും വസ്തുനികുതി 2016-17 വർഷത്തിൽ കൂടി കണക്കാക്കി കുടിശിക പിഴ പലിശയോടുകൂടി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
- കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി അവയുടെ വസ്തു നികുതി യഥാവിധി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.
- റിസോർട്ടുകളിൽ നിന്നും ഈടാക്കുന്നതിൽ കുറവ് വന്ന 4,64,422/- രൂപയും കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം കണക്കാക്കി നികുതി ഈടാക്കിയതിൽ കുറവ് വന്ന 1,10,621/- രൂപയും അടക്കം 5,75,043/- രൂപ ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

635. കണ്ണൂർ പള്ളിക്കുന്ന്, പഞ്ചായത്തായിരുന്ന സമയത്ത് കണക്കാക്കിയ നികുതിയാണിതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇത് 5 വർഷം മുമ്പുള്ള കേസല്ലേയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി 5 വർഷം മുൻപുള്ളതാണെന്നും 2015-ൽ കണ്ണൂർ നഗരസഭ കോർപ്പറേഷനായി ഉയർത്തപ്പെട്ടുവെന്നും 5 ഗ്രാമപഞ്ചായത്തുകളും കൂടി മുനിസിപ്പാലിറ്റിയോട് ചേർത്താണ് കോർപ്പറേഷനാക്കിയതെന്നും കോർപ്പറേഷനായി കഴിഞ്ഞാൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അടിസ്ഥാന നികുതി നിരക്ക് വ്യത്യസ്തമാണെന്നും ആയത് കൗൺസിലാണ് തീരുമാനിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു. ബേസ് റേറ്റ് സർക്കാർ നിശ്ചയിച്ചിട്ടുണ്ടെന്നും ഈ രണ്ട് റേറ്റിനിടയിൽ ഏത് റേറ്റും കൗൺസിലിന് തീരുമാനിക്കാമെന്നും കോർപ്പറേഷന്റെ ഭാഗമാകുന്നതോടുകൂടി കോർപ്പറേഷൻ നിരക്കാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമാകുന്നതെന്നും അത് അസെസ്സ് ചെയ്തിട്ടില്ലാത്തതുകൊണ്ട് നിലവിൽ കുടിശികയുണ്ടെന്നും അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു

636. ഓഡിറ്റ് പരാമർശത്തിൽ 4,64,422/- രൂപയുടെ നഷ്ടമുണ്ടായിയെന്ന് പറഞ്ഞിരിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കെട്ടിട നികുതി കുടിശിക ഈടാക്കുന്നതിനായി കാലാകാലങ്ങളിൽ സർക്കാർ തന്നെ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും ഒറ്റത്തവണയായി കുടിശിക അടയ്ക്കുകയാണെങ്കിൽ പലിശ പോലും ഒഴിവാക്കി കൊടുക്കുന്നുണ്ടെന്നും ആ സാഹചര്യം ഉപയോഗിച്ചുകൊണ്ട് പരമാവധി തുകയാണ് എല്ലാ നഗരസഭകളും ഇപ്പോൾ ഈടാക്കി വരുന്നതെന്നും അങ്ങനെ ലഭിക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

637. കോർപ്പറേഷൻ ധാരാളം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ഇത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അവസാനിപ്പിക്കാമായിരുന്നുവെന്നും അതിന് സർക്കാർ അനുവാദം നൽകിയിട്ടും നടപടി സ്വീകരിച്ചില്ലെന്നും റവന്യൂ റിക്കവറി

നടപടിയിലേയ്ക്ക് പോകാത്തതെന്താണെന്നും ഇതെല്ലാം റിസോർട്ടുകളല്ലേയെന്നും സമിതി ആരാഞ്ഞതിന്, ടിബ്യൂണലിൽ കേസ്സുകൾ നിലനിൽക്കുന്നുവെന്ന് റിപ്പോർട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച് കൃത്യമായ മറുപടി നൽകണമെന്നും കൃത്യമായി ഫയൽ പരിശോധിക്കാതെ വന്നതുകൊണ്ടാണ് അവ്യക്തമായിട്ട് പറയുന്നതെന്നും സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

638. കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയെ വിളിച്ച് റിവ്യൂ മീറ്റിംഗ് നടത്തിയശേഷം റിപ്പോർട്ട് ചെയ്യാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രൊമോഷനായി ജില്ലാ ഹെഡ്ഡായവരാണെന്നും ഫയലുകൾ പരിശോധിച്ച് വ്യക്തമായ ധാരണയോടുകൂടിയല്ല വന്നിരിക്കുന്നതെന്നും അതിന്റെ പ്രശ്നമുണ്ടെന്നും. നഗരസഭയുടെ സ്കീമുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും വന്നിട്ടില്ലെന്നും ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ മതിയെന്ന് പറഞ്ഞതിന്റെ ആശയക്കുഴപ്പമാണിതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

639. അങ്ങനെയെങ്കിൽ ആ തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ഹാജരാക്കണമെന്നും സർക്കാർ നിലവിൽ രണ്ട് സംവിധാനങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ടെന്നും 2015-ലാണ് 5 പഞ്ചായത്തുകൾ കൂട്ടി ചേർത്തതെന്നും അന്നത്തെ റേറ്റും നഗരസഭയുടെ റേറ്റും തമ്മിൽ വ്യത്യാസമുണ്ടെന്നും ആ റേറ്റിനകത്തുണ്ടായ വ്യത്യാസമനുസരിച്ച് റിസോർട്ട് അളന്നു തിട്ടപ്പെടുത്തി പണം വാങ്ങിക്കുകയെന്നുള്ളതാണ് ആകെ ചെയ്യാവുന്ന കാര്യമെന്നും അല്ലെങ്കിൽ റവന്യൂ റിക്കവറി നടപടിയിലേയ്ക്ക് പോകണമെന്നും സമിതി നിർദ്ദേശിച്ചു

നിഗമനങ്ങളും ശിപാർശകളും

640. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം/ഈടാക്കൽ എന്നിവ സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ - നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645/- രൂപ നഷ്ടം
(ഓഡിറ്റ് റിപ്പോർട്ട് വർഷം2017-18, ഖണ്ഡിക 2-2)

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നികുതി ചുമത്തുമ്പോൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പനുസരിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തുന്നതായി കാണുന്നില്ല. ഈ വകുപ്പ് പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് അത് നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്.

കണ്ണൂർ നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി നിന്നിരുന്ന കാലത്തേക്ക് മേൽ പറഞ്ഞ രീതിയിൽ നികുതി ചുമത്താതെ അത്തരം കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിച്ചതായി കണക്കാക്കി സാധാരണ നികുതി മാത്രമാണ് ചുമത്തിവരുന്നത്. ഇപ്രകാരം നികുതി ചുമത്തുന്നതിനാൽ നിയമാനുസൃതമായി നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുന്നതായി കാണുന്നു.

കണ്ണൂർ നഗരസഭയിലെ 35-ാം വാർഡിലെ ശ്രീ. പ്രഫുൽ ധ്രുവ്, ചെയർമാൻ, ഗുജറാത്തി മഹാജൻ അസോസിയേഷൻ ബോർഡ് ഓഫ് ട്രസ്റ്റിയുടെ ഉടമസ്ഥതയിലുള്ള 35/3038 നമ്പർ കെട്ടിടം അനധികൃതമായി നിർമ്മിച്ചതായി

കണ്ടെത്തിയതിനെ തുടർന്ന് ടി കെട്ടിടത്തിന് അനധികൃത നിർമ്മാണ നമ്പർ നൽകി 31.10.2017 ന് ക്രമവൽക്കരിച്ചിട്ടുണ്ട്. എന്നാൽ 242-ാം വകുപ്പ് അനുസരിച്ച് ടി കെട്ടിടത്തിന് നിയമാനുസൃത ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	ഉടമസ്ഥന്റെ പേര് ഫയൽ നം.	വാർഡ് കെട്ടിട നമ്പർ (പഴയത്/ പുതിയത്)		അനധികൃത നിർമ്മാണം പൂർത്തിയായ അർദ്ധവർഷം	ക്രമവൽകരിച്ച തീയതി/ വർഷം/ അസസ്മെന്റ് രജിസ്റ്റർ പേജ്/ക്രമ നമ്പർ	ചുമത്തേണ്ട നികുതി തറവിസ്തീർണ്ണം 110m2 നികുതി നിരക്ക് @ 100m2 അടിസ്ഥാനവസ്തു നികുതി = 11,000 (ഇളവുകൾക്കും വർദ്ധനവുകൾക്കും വിധേയമായി	സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ്	അടവാക്കിയ ഇകവി വരം രശീതിനമ്പർ & തീയതി	ബാക്കി /കുറവ്	റിമാർക്സ്
		വാർഡ് നം.	കെട്ടിട നം. UAC							
1	2	3		4	5	6	7	8	9	10
1	ട്രസ്റ്റി, കണ്ണൂർ ഗുജറാത്തി മഹാജൻ R4/27 527/16	35 40 52 (ഷോപ്പിംഗ് കെട്ടിടം)	303 8 3180 5517	2013-14	31.10.2017 2017-18 UAC രജിസ്റ്റർ 18/29	(2013-14 to 2017-18) 14157. X3 = 42471	12742 12742 12742 12742	12742 / 2405 8 12.10.17 12742 / 2405 8 12.10.17 12742 / 2405 8 12.10.17	29729 29729 29729 29729 29729	*അടിസ്ഥാന വസ്തു നികുതി = 110 X 100 = 11000 20% ഇളവ് =(-) 2200 30% വർദ്ധനവ് = (+) 3300 വാർഷിക വസ്തു നികുതി = 12100 LC5%= 605 SC

							12742/2405/8 12.10.17 12742/5447/8 26.02.18		10% = 1210 cess 2% = 2420 ആകെ വാർഷിക വസ്തു നികുതി = 14157
				ആകെ	212355		63710	148645	

മേൽ നിയമം പാലിക്കാതെ നികുതി ചുമത്തിയതിനാൽ നഗരസഭയ്ക്ക് ഈ ഇനത്തിൽ 1,48,645 രൂപ നഷ്ടം ഉണ്ടായതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ AE-35/2017-18/CM2/KNM-KSA തീയതി 05.11.2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ അനധികൃത നിർമ്മാണമായി അസസ്സ് ചെയ്തതും നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതുമായ ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി അവയിൽ നിന്നും നിയമാനുസൃതം ഫീസ് ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അധ്യായം 1.6.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

641. 27.04.2023-ന് ഒരു മറുപടി കൊടുത്തിട്ടുള്ളതായി ഫയലിൽ കാണുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു പഞ്ചായത്തുകളുടെ കെട്ടിടനിർമ്മാണത്തിന്റെ നിയമത്തിന് നഗരസഭയുടേതിൽ നിന്നും വ്യത്യാസമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വ്യത്യാസമുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി അന്നത്തെ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള രീതിയിൽ കെട്ടിടങ്ങൾ പണിത ശേഷം ന്ഗരസഭയിലേയ്ക്ക് വന്നതുമായി ബന്ധപ്പെട്ടാണോ കേസുള്ളതെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം കേസില്ലെന്നും കെട്ടിടം അനധികൃതമായി നിലനിൽക്കുകയോ അല്ലെങ്കിൽ നിയമപ്രകാരം നിർമ്മിച്ച ഒരു കെട്ടിടത്തിന് അനധികൃതമായി കൂട്ടിച്ചേർക്കലോ നടത്തുന്ന സാഹചര്യം വരാമെന്നും അതുപോലെ തന്നെ ഒരു അനുവാദവും വാങ്ങാതെ കെട്ടിടം നിർമ്മിക്കുകയെന്നുള്ള സാഹചര്യവും വരാമെന്നും അങ്ങനെ വന്നുകഴിഞ്ഞാൽ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ഒരു കെട്ടിടത്തിനെ നികുതിക്ക് ആദ്യം വിധേയമാക്കണമെന്നും സാധാരണ ഗതിയിൽ അപ്രകാരം വിസ്തീർണ്ണമുള്ള അത്തരമൊരു കെട്ടിടത്തിന് 500 രൂപയാണ് നികുതിയെങ്കിൽ അനധികൃത കെട്ടിടത്തിന് 1500 രൂപ ഈടാക്കണമെന്നാണ് നിയമത്തിൽ പറയുന്നതെന്നും എന്നിട്ട് മാത്രമേ അത് ക്രമവത്ക്കരിക്കാൻ കഴിയുകയുള്ളുവെന്നും ക്രമവത്ക്കരിക്കുമ്പോൾ ചട്ട ലംഘനങ്ങൾ ഗുരുതരമാണെങ്കിൽ അധികം നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചുകളയുകയേ നിവൃത്തിയുള്ളുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു

642. കെട്ടിട ഉടമ ട്രിബ്യൂണലിൽ നൽകിയ വ്യവഹാരത്തിന്റെ വിശദാംശം ലഭ്യമാക്കാൻ കോർപ്പറേഷൻ സെക്രട്ടറി കെട്ടിട ഉടമയോട് ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ തുടർനടപടികളൊന്നും ഓഡിറ്റിനെ അറിയിച്ചിട്ടില്ലെന്നും സമിതി അറിയിച്ചു. കോർപ്പറേഷൻ സെക്രട്ടറിയുമായി ആലോചിച്ച് എല്ലാ കേസ്സിലും ഒന്നിച്ച് റിപ്പോർട്ട് ഹാജരാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

643. റിപ്പോർട്ട് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം വീണ്ടും പരിഗണിക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

644. കണ്ണൂർ മുനിസിപ്പാലിറ്റിയിലെ അനധികൃത കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് തുടർനടപടി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

വാർഡ് 15 ന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ടെണ്ടർ നടപടികളിലെ അപാകം - 1.25 ലക്ഷം രൂപയുടെ അധിക ചെലവ് [ഓഡിറ്റ് റിപ്പോർട്ട് 2018-19, ഖണ്ഡിക 1-44]

നഗരസഭയുടെ വാർഡ് 15 ന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2018-19 ൽ രണ്ടു പദ്ധതികൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	അടങ്കൽ	ചെലവ്	ബിൽ നമ്പർ / തീയതി	ഫയൽ നം.
164/18-19	2,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	1,96,800	G4/64/18/18.05.18	G4-64/18
169/18-19	1,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	98,400	G4-7634/17/18.05.18	G4-7634/17

രണ്ടു പദ്ധതികളും 2017-18-ൽ അംഗീകാരം ലഭിച്ച് 2018-19 ൽ പൂർത്തീകരിച്ചവയാണ്. 25W എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കലാണ് രണ്ടു പദ്ധതികളിലും നടത്തിയിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് G4 330/17/ 03-01-18 നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ ഷെഡ്യൂളിൽ 15W LED, 25W LED, 30W LED, 45W LED എന്നീ ഇനം ലൈറ്റുകളുടെ നിരക്കാണ് ആവശ്യപ്പെട്ടിരുന്നത്. വാറന്റി കാലയളവ് പരാമർശിച്ചിട്ടില്ല.

രണ്ടു പദ്ധതികൾക്കും 5 ടെണ്ടറുകൾ വീതം ലഭിക്കുകയുണ്ടായി. ടെണ്ടർ ഷെഡ്യൂളിൽ അഞ്ച് ഇനം ലൈറ്റുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നതെങ്കിലും വാങ്ങിയത് 25W എൽ.ഇ.ഡി ലൈറ്റുകൾ മാത്രമാണ്. 25W LED ലൈറ്റുകൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Century Electronics & Electricals എന്ന സ്ഥാപനം രണ്ടു വർഷ വാറന്റി മാത്രം പരാമർശിച്ചു എന്ന കാരണം ചൂണ്ടിക്കാട്ടി ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചു. 1,949/- രൂപയാണ് ഒരു ലൈറ്റിനു ടി സ്ഥാപനം ക്വാട്ട് ചെയ്തിരുന്നത്. 25W LED ലൈറ്റൊന്നിനു 4,100/- രൂപയും, 3 വർഷ വാറന്റിയും ഓഫർ ചെയ്ത ശ്രീകുമാരൻ തമ്പി, SK ലൈറ്റ്സ് എന്ന വ്യക്തിയുടെ ടെണ്ടർ 09.03.18 ൽ കൂടിയ നഗരസഭ കൗൺസിൽ അംഗീകരിച്ചു (തീരുമാനം 2). എന്നാൽ 25W LED ലൈറ്റൊന്നിന് 2,363/- രൂപയും, 3 വർഷ വാറന്റിയും, ISI സ്പെസിഫിക്കേഷനും ഓഫർ ചെയ്ത ഗ്രീൻ എനർജി ടെക്നിക്കൽ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചുകൊണ്ടാണ് പ്രസ്തുത വാങ്ങൽ നടത്തിയത്. ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച നാല് ഇനങ്ങളിൽ 25W, 30W എന്നീ രണ്ട് ഇനങ്ങളുടെ വില മാത്രം ക്വാട്ട് ചെയ്തതിനാലാണ് ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതെന്ന് ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതികളിൽ ഉൾപ്പെടുത്തി 25W LED ലൈറ്റുകൾ മാത്രമാണ് നഗരസഭ വാങ്ങിയിട്ടുള്ളത്. പദ്ധതി രൂപീകരണ ഫാറത്തിൽ സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പെടെ ഒരു ലൈറ്റിന് 2,500/- രൂപയാണ് വകയിരുത്തിയിരുന്നതും. ആവശ്യമില്ലാതിരുന്ന ഇനങ്ങൾ ടെണ്ടറിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത ഇനങ്ങളുടെ വില ക്വാട്ട് ചെയ്തില്ല എന്ന കാരണത്താൽ കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കുകയും ചെയ്തത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കി. രണ്ടു പദ്ധതികളിലുമായി ആകെ 72 ലൈറ്റുകളാണ് വാങ്ങിയത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗ്രീൻ എനർജി ടെക്നിക്കൽ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതിനാൽ ഒരു ലൈറ്റിനു 1,737/- രൂപ (4100-2363) ക്രമത്തിൽ അധിക ചെലവ് ഉണ്ടായി. 72 ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ നഗരസഭയ്ക്കുണ്ടായ ആകെ നഷ്ടം 1,25,064/- രൂപയാണ് (72x1737). രണ്ടു പ്രോജക്ടുകളിൽപെടുത്തി ഒരേ ഇനം

സാധനങ്ങൾക്കായി ഒരേ സമയം രണ്ടു ടെണ്ടറുകൾ ക്ഷണിച്ചതിനുള്ള കാരണം വ്യക്തമല്ല. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചിട്ടില്ല. കൂടാതെ വാങ്ങിയ ലൈറ്റുകൾ ഏതു പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നതിന്റെ വിവരവും ലഭ്യമല്ല. ലൈറ്റുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായുള്ള വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 1/19-11-20) ലഭ്യമാക്കിയ മറുപടിയിൽ, ടെണ്ടറുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൗൺസിലിൽ സമർപ്പിക്കുകയും വിശദമായ ചർച്ചയിൽ ബ്രാൻഡഡ് ലൈറ്റുകളും, കൂടുതൽ കാലം വാറന്റിയും നൽകുന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചതായും പരാമർശിച്ചിരിക്കുന്നു. കരാറുകാരൻ KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് നേരിട്ട് അടവാക്കിയിട്ടുള്ളതാണെന്നും, പോസ്റ്റുകളുടെ നമ്പർ ലഭ്യമല്ലാതിരുന്നതിനാലാണ് എവിടെ സ്ഥാപിച്ചു എന്നു രേഖപ്പെടുത്താതിരുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലുകൾ, മിനിട്ട്സ് എന്നിവ പരിശോധിച്ചതിൽ 3 വർഷ വാറന്റി രേഖപ്പെടുത്തിയ SK ലൈറ്റ്സ്, രണ്ടു വർഷ വാറന്റി രേഖപ്പെടുത്തിയ Century Electronics & Electricals എന്നിവയുടെ വിവരം മാത്രമാണ് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. മൂന്നു വർഷ വാറന്റിയോടുകൂടി കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ ഗ്രീൻ എനർജി ടെക്നിക്കൽ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ വിവരം കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആകയാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ സൂപ്പർവിഷൻ ചാർജ്ജ് സംബന്ധിച്ച് ടെണ്ടർ വ്യവസ്ഥകളിലോ കരാറിലോ പരാമർശിച്ചിട്ടില്ലാത്തതിനാൽ ആയതു നഗരസഭയുടെ ചുമതലയിൽപ്പെട്ടതാണ്. പോസ്റ്റുകളുടെ നമ്പർ ലഭ്യമല്ലാതിരുന്നു എന്നുള്ള മറുപടിയും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിനെ ഒഴിവാക്കിയതുകാരണം നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്, 17.01.2018 ൽ ഇപ്രകാരം തിരുമാനം എടുത്ത സെക്രട്ടറി ഉത്തരവാദിയാണ്. മേൽക്കാരണത്താൽ ഈ ഇനത്തിൽ

അധികച്ചെലവായ 1,25,064/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുണ്ട്. ഈ തുക ഇക്കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

രണ്ട് വ്യത്യസ്ത പ്രോജക്ടുകളിൽപ്പെടുത്തി ഒരു ദിവസത്തെ കൗൺസിൽ തീരുമാനപ്രകാരം ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങിയ 25W എൽ.ഇ.ഡി. ലൈറ്റുകൾക്ക് വ്യത്യസ്ത വില – നഗരസഭയ്ക്ക് 1,66,650/-രൂപ നഷ്ടമായി.
(ഓഡിറ്റ് റിപ്പോർട്ട് വർഷം 2018-19, ഖണ്ഡിക 1-41)

പ്രോജക്ടിന്റെ പേര്	നഗരസഭയിലെ 27 വാർഡുകളിലും പഴയ ട്യൂബ് സെറ്റുകൾ മാറ്റി എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
പ്രോജക്ട് നം.	133/19
അടങ്കൽ	25,00,000/-
കരാറുകാരൻ	ഉഷസ് എനർജി സിസ്റ്റം, അടൂർ
എഗ്രിമന്റ് നം./തീയതി	23/18-19/08-11-18
ചെലവഴിച്ച തുക	24,99,750/-
ഫയൽ നം.	E1/5766/18
ട്രഷറി ബിൽ നം. /തീയതി	50/15-03-19; 64/27-03-19
നിർവഹണ ഉദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ

2018-19 വാർഷിക പദ്ധതി പ്രകാരം നഗരസഭാ പ്രദേശങ്ങളിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിന്റെ ഭാഗമായി 24W/25W എൽ.ഇ.ഡി. ലൈറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുവാൻ താത്പര്യമുള്ളവരിൽ നിന്നും ടെണ്ടർ ക്ഷണിച്ചുകൊണ്ട് 01.08.2018 ൽ ഇ-ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം അവസാന തീയതിയായിരുന്ന 09.08.2018 ൽ ലഭിച്ച 6 ടെണ്ടറുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന ഉഷസ് എനർജി സിസ്റ്റം, അടൂർ എന്ന സ്ഥപനത്തിന്റെ ടെണ്ടർ 29.09.2018 കൗൺസിൽ അംഗീകരിക്കുകയും (തീരുമാനം നം.21), അവരിൽ നിന്നും 1515 LED ലൈറ്റുകൾ 1,650/-രൂപ നിരക്കിൽ വാങ്ങൽ

നടത്തുകയുമാണുണ്ടായത്. പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- എല്ലാ വാർഡുകളിലും എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള ഈ പൊതു പ്രോജക്ടിനു പുറമേ 11, 25 എന്നീ രണ്ടു വാർഡുകളിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആകെ 9 ലക്ഷം അടങ്കലുള്ള മറ്റു രണ്ട് പദ്ധതികൾ മുനിസിപ്പൽ എഞ്ചിനീയർ ഇതേ കാലയളവിൽ പ്രത്യേകം തയ്യാറാക്കി നിർവഹണം നടത്തിയിരുന്നു. എന്നാൽ സമാന കാലയളവിൽ നടപ്പാക്കിയ ഈ പദ്ധതികൾക്കായി പ്രത്യേകം ടെണ്ടർ ക്ഷണിച്ച് വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തിയതായാണ് രേഖ. ക്രമവിരുദ്ധമായ ഈ നടപടി മൂലം നഗരസഭയ്ക്ക് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.
- 11-ാം വാർഡിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം: 147/19) 15W, 25W, 30W, 45W എന്നീ എൽ.ഇ.ഡി. ലൈറ്റുകൾക്കായി 25.07.2018 ൽ ടെണ്ടർ ക്ഷണിച്ച് പ്രസ്തുത പദ്ധതിയുടെ നിർവഹണം ഉഷസ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തെ തന്നെ ഏൽപ്പിക്കുകയും, അവരിൽ നിന്നും 45W എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങിയതായുമാണ് രേഖ. 27 വാർഡുകളിലും എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, 11-ാം വാർഡിൽ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ രണ്ടു പദ്ധതികളുടേയും നിർവഹണ ഏജൻസിയായി ടി സ്ഥാപനത്തെ തെരഞ്ഞെടുത്തത് 29.09.2018 ലെ കൗൺസിൽ തീരുമാന പ്രകാരമാണ്. കൂടാതെ രണ്ടു പദ്ധതികൾക്കും പ്രസ്തുത സ്ഥാപനം കരാർ ചമച്ചിരിക്കുന്നതും ഒരേ തീയതിയിൽ തന്നെയാണ് (08.11.2018). എന്നാൽ 147/19-ാം നമ്പർ പ്രോജക്ടിന്റെ ടെണ്ടറിൽ 24W/25W LED ലൈറ്റുകൾക്ക് സ്ഥാപന ചാർജ്ജുൾപ്പടെ പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയിരുന്ന നിരക്ക് 1,540/- രൂപയായിരുന്നു. എന്നാൽ ഈ പദ്ധതിയുടെ ടെണ്ടറിലാകട്ടെ ഇതേ ഇനത്തിന് രേഖപ്പെടുത്തിയ നിരക്ക് 1,650/-രൂപയാണ്. ഈ നിരക്കിലാണ് വാങ്ങൽ നടത്തിയതും. മേൽ പദ്ധതികൾക്കായി ഹാജരാക്കിയ ലൈറ്റുകളുടെ

ടെസ്റ്റ് റിപ്പോർട്ടും ഒന്നു തന്നെയാണ്. രണ്ടു പദ്ധതികളുടേയും ടെണ്ടർ ഒരേ തീയതിയിൽ അംഗീകരിച്ച് ഒരേ സ്ഥാപനത്തിന് തന്നെ നിർവഹണച്ചുമതല കൈമാറിയിരിക്കെ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്. ഈ നടപടി മൂലം 1515 ലൈറ്റുകളുടെ വാങ്ങലിനായി 1,66,650/- രൂപയാണ് നഗരസഭയ്ക്ക് അധികം ചെലവഴിക്കേണ്ടി വന്നത് (1,650-1,540 = 110, 110x1,515 = 1,66,650/-). രണ്ടു പദ്ധതികളുടേയും നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ ആയിരുന്നിട്ടും ഒരേ ഇനം ലൈറ്റിന് രണ്ടു വ്യത്യസ്ത നിരക്കാണ് പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്തിട്ടുള്ളതെന്ന വിവരം ടിയാൻ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായും രേഖയില്ല.

- ലൈറ്റുകൾ സ്ഥാപിക്കുന്നതിലേക്കായി ഇലക്ട്രിസിറ്റി ബോർഡിൽ സൂപ്പർവിഷൻ ചാർജിനത്തിൽ ഏതെങ്കിലും തുക അടച്ചതായി രേഖയില്ല.
- വാങ്ങിയ ലൈറ്റുകൾ വാർഡിലെ ഏതെല്ലാം പോസ്റ്റുകളിൽ സ്ഥാപിക്കപ്പെട്ടുവെന്നതിന് രേഖയില്ല. ലൈറ്റുകൾ സ്ഥാപിച്ചതായി അറിയിച്ചുകൊണ്ട് വാർഡ് കൗൺസിലർമാരുടെ കത്ത് ഫയലിലുണ്ടെങ്കിലും ഇതു സംബന്ധമായി ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും. രേഖകൾ ഉള്ളപക്ഷം ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/23-11-2020) ലൈറ്റുകൾ വാങ്ങിയത് ഒരേ സ്ഥാപനത്തിൽ നിന്നാണെങ്കിലും പ്രത്യേകം ടെണ്ടർ ക്ഷണിച്ചത് മൂലമാണ് വ്യത്യസ്ത വില അനുവദിച്ചതെന്നാണ് നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി. LED ലൈറ്റുകൾ സ്ഥാപിക്കുന്നതിന് KSEB ഡിമാന്റ് ചെയ്യാതിരുന്നതു മൂലം സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈ മറുപടി മുകളിൽ വിവരിച്ച അപാകതകളെ സാധൂകരിക്കുന്നില്ല. രണ്ടു പദ്ധതികളുടേയും ടെണ്ടർ ഒരേ തീയതിയിൽ അംഗീകരിച്ച് ഒരേ സ്ഥാപനത്തിന് തന്നെ നിർവഹണച്ചുമതല കൈമാറിയിരിക്കെ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും കൂടിയ നിരക്കിൽ ലൈറ്റുകൾ വാങ്ങിയ നടപടി ക്രമവിരുദ്ധമായതിനാലും, കൂടാതെ ഇപ്രകാരം വാങ്ങിയ ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിക്കപ്പെട്ടുവെന്നതിന് വ്യക്തമായ രേഖയില്ലാത്തതിനാലും ഈ ഇനത്തിൽ ഉണ്ടായ 1,66,650/- രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക അധികച്ചെലവിന് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1.6.1, 1.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

645. കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് നടത്തിയ ടെണ്ടറാണിതെന്നും കരാറുകാർ നെഗോഷിയേറ്റ് ചെയ്തപ്പോൾ ഒന്നാമത് പ്രവൃത്തിയെടുത്ത കരാറുകാരന് മൂന്നുവർഷത്തെ വാറന്റിയോടുകൂടി റേറ്റ് നിശ്ചയിച്ചാണ് കൊടുത്തതെന്നും അന്നത്തെ കൗൺസിലിന്റെ അവസാന കാലഘട്ടത്തിലാണ് ടെണ്ടർ നടന്നതെന്നും അതിനിടയിൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞപ്പോൾ മൂന്നുവർഷം വാറന്റി എന്നത് രണ്ട് വർഷമാക്കിയെന്നും അതിന്റെ നിരക്ക് നെഗോഷിയേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ മൂന്നുവർഷത്തെ കൂട്ടിയ നിരക്ക് രണ്ട് വർഷത്തിനേക്കാൾ അധികമാണെന്നും അതുകൊണ്ട് ഒന്നാമത്തെ കരാറുകാരന് അത് ചെയ്യാൻ സാധിക്കില്ലെന്ന് മുനിസിപ്പൽ ചെയർമാനെ അറിയിക്കുകയും ചെയ്തുവെന്നും അങ്ങനെ നെഗോഷിയേറ്റ് ചെയ്ത രണ്ടാമത്തെ കരാറുകാരനാണ് നിലവിൽ കൗൺസിൽ നിശ്ചയിച്ച് ടെണ്ടർ എടുത്തതെന്നും അന്ന് ആ കൗൺസിലിന്റെ കാലഘട്ടത്തിൽത്തന്നെ വാറന്റി നിലനിർത്തണം എന്നൊരു

നിർദ്ദേശവുമുണ്ടായിരുന്നുവെന്നും ചെങ്ങന്നൂർ മുനിസിപ്പാലിറ്റി സെക്രട്ടറി ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചു.

646. ലൈറ്റിന്റെ വാറണ്ടിയും കൗൺസിലിന്റെ കാലാവധിയുമായി എന്താണ് ബന്ധമെന്നും ഒരാൾ മൂന്നുവർഷത്തെ ഗ്യാരന്റി തരുമ്പോൾ അയാളുടെ ഗ്യാരന്റി വേണ്ട രണ്ട് വർഷം മതിയെന്ന് തർക്കം പറഞ്ഞതിന്റെ പിന്നിലുള്ള യുക്തി എന്താണെന്നും സമിതി ആരാഞ്ഞതിന് അന്നത്തെ കൗൺസിൽ അങ്ങനെയാണ് തീരുമാനമെടുത്തതെന്ന് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി സെക്രട്ടറി ഇൻ-ചാർജ്ജ് മറുപടി നൽകി. മുനിസിപ്പാലിറ്റിക്ക് അതുകൊണ്ടുള്ള ലാഭം എന്തായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് മൂന്ന് വർഷം എന്നത് രണ്ട് വർഷമാക്കുകയാണെങ്കിൽ കോട്ട് ചെയ്ത നിരക്കിനെക്കാളും അധികതുക കൊടുക്കേണ്ടി വരുമെന്ന് പറഞ്ഞതായും പ്രസ്തുത തുക സ്വീകരിക്കാൻ കഴിയില്ലെന്ന് കൗൺസിൽ തീരുമാനമെടുത്തുവെന്നും സെക്രട്ടറി ഇൻ-ചാർജ്ജ് വ്യക്തമാക്കി. വാറന്റി പീരിയഡ് കുറയുമ്പോൾ സാധനത്തിന്റെ വില കൂടുമെന്ന് പറയുന്നതെങ്ങനെയെന്നും തിരിച്ചല്ലേ സംഭവിക്കേണ്ടതെന്നും സമിതി ആരാഞ്ഞതിന് അന്നത്തെ കൗൺസിലിന്റെ പീരിയഡിൽ തന്നെ നിൽക്കട്ടെ എന്ന ധാരണയിൽ മൂന്ന് വർഷത്തെ വാറന്റി പീരിയഡിൽ തീരുമാനമെടുക്കുകയും അപ്രകാരം നിജപ്പെടുത്തുകയും ചെയ്തതായും രണ്ട് വർഷത്തെ വാറന്റിയിൽ ചെയ്യാൻ കഴിയില്ലെന്നാണ് ഒന്നാമത്തെ കക്ഷി പറഞ്ഞതെന്നും ആയത് മുനിസിപ്പൽ ചെയർമാൻ ശരി വച്ചിട്ടുണ്ടെന്നും ചെങ്ങന്നൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

647. വാറന്റി പീരിയഡ് കുറച്ചതിനെ സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി വാറന്റി പീരിയഡ് കുറച്ചതുകൊണ്ട് ഇതിലെന്താണ് സംഭവിച്ചിട്ടുള്ളതെന്ന് രണ്ട് സ്ഥാപനങ്ങൾ 3 വർഷത്തേയ്ക്കും ബാക്കി ഒരെണ്ണം 2 വർഷത്തേയ്ക്കുമാണ് ടെണ്ടർ നൽകിയതെന്നും എന്നാൽ 2 വർഷത്തേത് അംഗീകരിച്ചിട്ടില്ലെന്നും ഏറ്റവും കുറഞ്ഞത് 2 വർഷത്തേതാണെന്നും ഈ മൂന്ന് വർഷത്തിനിടയിൽ രണ്ടെണ്ണത്തിൽ 15W, 25W, 30W, 45W തുടങ്ങിയ 4 ഇനങ്ങളാണ് ടെണ്ടറിൽ ക്ഷണിച്ചിരുന്നതെന്നും കുറഞ്ഞനിരക്ക് കോട്ട് ചെയ്തതിൽ

ഇരുപതും മുപ്പതും ഇരുപത്തിയഞ്ച് വാട്ടും മാത്രമേ കോട്ട് ചെയ്തിരുന്നുള്ളൂ എന്ന കാരണത്താൽ അവർ അംഗീകരിക്കാതെ വിടുകയായിരുന്നുവെന്നും പക്ഷേ വകുപ്പ് 25 വാട്ടിന്റേതാണ് വാങ്ങിയതെന്നും നാലെണ്ണത്തിൽ രണ്ടെണ്ണത്തിന് മാത്രമേ കോട്ട് ചെയ്തിരുന്നുള്ളുവെന്നും രണ്ടെണ്ണത്തിന്റേത് കോട്ട് ചെയ്തിരുന്നില്ലെന്നും 25 വാട്ടിന്റേത് വാങ്ങിയതിൽ 1200 രൂപയുടെ വ്യത്യാസമുള്ളതിനാൽ ഇതൊരിക്കലും അംഗീകരിക്കാൻ കഴിയുന്ന നടപടിയല്ലെന്നും ആലപ്പുഴ ജില്ലാ ഓഡിറ്റ് ഓഫീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. 25 വാട്ടിനേക്കാൾ 50 വാട്ടിന്റേത് വാങ്ങിയിരുന്നെങ്കിൽ അക്കാര്യം മനസ്സിലാക്കാമെന്നും കാരണം ആദ്യത്തേത് നിരസിച്ചതിന് കാരണം 25, 30 വാട്ടെന്ന് പറഞ്ഞാണെന്നും അതിനുശേഷം 25 വാട്ടിന്റേത് കൂടിയ വിലയ്ക്ക് വാറന്റി പീരിയഡ് കുറച്ച് വാങ്ങിയതിനാൽ കാര്യങ്ങൾ സമിതിക്ക് വ്യക്തമായിയെന്നും ആയത് കുറ്റകരമായ നടപടിയാണെന്നും സമിതി വിലയിരുത്തി. ഇപ്രകാരം ക്രമക്കേട് നടത്തിയ നിർവഹണ ഉദ്യോഗസ്ഥൻ ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന നിർവഹണ ഉദ്യോഗസ്ഥനെന്ന് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഓഡിറ്റർ പറഞ്ഞതനുസരിച്ച് കാര്യങ്ങൾ വ്യക്തമായതിനാൽ ഉണ്ടായ ധനനഷ്ടം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നതാണ് തീരുമാനമെന്ന് സമിതി അറിയിച്ചു.

648. അക്കാലയളവിൽ നിർവഹണ ഉദ്യോഗസ്ഥൻ യോഗത്തിൽ പങ്കെടുത്ത എഞ്ചിനീയർ ആയിരുന്നില്ലെന്നും മുനിസിപ്പാലിറ്റിക്ക് ധനനഷ്ടം ഉണ്ടായിട്ടുണ്ടെന്നും ചെങ്ങന്നൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു ധനനഷ്ടം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ സമിതി നിർദ്ദേശിച്ചു.

649. പദ്ധതി വർഷത്തിൽ രണ്ട് പ്രോജക്ടുകളാണുണ്ടായിരുന്നതെന്നും അതിൽ ആകെ 27 വാർഡുള്ളതിൽ 25 വാർഡുകൾക്കായി, വാർഡ് 11, വാർഡ് 25 രണ്ട് പ്രോജക്ടുകളായിരുന്ന വച്ചിരുന്നതെന്നും രണ്ട് പ്രോജക്ടും രണ്ട് സമയങ്ങളിൽ ടെണ്ടർ ചെയ്തതാണെന്നും ആഗസ്റ്റ് മാസം ആദ്യ ആഴ്ച ഒരു ടെണ്ടറും തുടർന്നുള്ള ഒരാഴ്ച

വ്യത്യാസത്തിലാണ് അടുത്തത് ടെണ്ടർ ചെയ്യുന്നതതെന്നും ഈ രണ്ട് ടെണ്ടറിന്റെയും തീരുമാനം വന്നത് 9-ാം മാസത്തിലെ ഒറ്റ കൗൺസിലിലായിരുന്നുവെന്നും പ്രളയത്തിൽ ഓഫീസിൽ വെള്ളം കയറിയതിനാൽ ഓൺലൈനായാണ് 9-ാം മാസത്തിലെ കൗൺസിൽ കൂടിയതെന്നും പ്രോജക്ടുമായി ബന്ധപ്പെട്ട രണ്ട് നഗരത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളും ഇരുട്ടിലായതിനാൽ അടിയന്തരമായി ഓൺലൈൻ മീറ്റിംഗ് കൂടി രണ്ട് പ്രോജക്ടും ഒരേദിവസം പരിഗണിച്ച് പാസാക്കിവിടുകയാണുണ്ടായതെന്നും റേറ്റ് ടേബിളിൽ വന്ന് പരിശോധിക്കാൻ പറ്റുന്ന ഒരു സാഹചര്യമല്ലാത്തതിനാൽ ഓൺലൈൻ മീറ്റിംഗ് കൂടി തീരുമാനമെടുത്ത് രണ്ട് പ്രോജക്ടുകളും അംഗീകരിക്കുകയാണുണ്ടായതെന്നും ചെങ്ങന്നൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

650. രണ്ട് വാർഡിൽ മാത്രം വെളിച്ചം കൂടിയ ലൈറ്റും ബാക്കിയുള്ളിടത്തെല്ലാം വെളിച്ചം കുറഞ്ഞ ലൈറ്റുമാണ് ഇട്ടിരിക്കുന്നതെന്നും ഒരുപോലെയുള്ള പ്രോജക്ട് സ്പിറ്റ് ചെയ്ത് വാർഡടിസ്ഥാനത്തിൽ നടപ്പിലാക്കുമ്പോൾ വോൾട്ടേജ് കൂട്ടിയും കുറച്ചും ഇട്ടിരിക്കുന്നതിൽ എന്ത് ന്യായമാണുള്ളതെന്നും സമിതി ആരാഞ്ഞതിന് നാല് വാർഡുകളുള്ളതിൽ രണ്ട് വാർഡുകൾ ടൗൺ വാർഡുകളാണെന്നും അവ സിറ്റിയിലാണുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

651. നഗരസഭയെടുത്ത ചില തീരുമാനങ്ങൾ സമിതിക്ക് മനസ്സിലാകുന്നില്ലെന്നും നഗരസഭ പ്രദേശത്ത് മാത്രം പ്രകാശം കൂടിയതും ഗ്രാമത്തിലുള്ളവർക്ക് പ്രകാശം കുറഞ്ഞതും എന്നുപറയുന്നതിലെ നിജസ്ഥിതിയെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് നഗരത്തിൽ ധാരാളം വണ്ടി ഓടുകയും ഗ്രാമപ്രദേശത്ത് തിരക്കുകുറവാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഏതെങ്കിലുമൊരു ആവശ്യത്തിനുവേണ്ടി ഒരു പ്രോജക്ട് വയ്ക്കുമ്പോൾ പ്രോജക്ടിനെ സ്പിറ്റ് ചെയ്യാമോയെന്ന് സമിതി ആരാഞ്ഞതിന് പൊതുവായിട്ടുള്ള കാര്യമായതിനാൽ പൊതുവായ രീതിയിലാണ് വയ്ക്കേണ്ടതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി. ഒരേ പദ്ധതി ഒരു പഞ്ചായത്തിന്റെ നാലുഭാഗത്തും നാല് രീതിയിൽ എങ്ങനെയാണ്

നടപ്പിലാക്കുന്നതെന്നും 1,66,000/- രൂപയുടെ അധിക ചെലവാണ് ഇക്കാര്യത്തിൽ വന്നിരിക്കുന്നതെന്നും ആയത് നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കണമെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിരിക്കുന്നതിനാൽ ടി തുക തിരികെപ്പിടിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയാണെന്നും സമിതി അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

652. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ വിവിധ ഭാഗങ്ങളിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെണ്ടർ വിളിച്ചതിൽ, കരാറുകാരനെ നിശ്ചയിച്ചതിൽ, ബൾബുകളുടെ പവർ, നിലവാരം നിശ്ചയിച്ചതിൽ എന്നിവയിലെല്ലാം ഗുരുതര ക്രമക്കേട് നടന്നതായി സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവഹണത്തിൽ വന്ന അധിക ചെലവായി ₹1,66,000/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 ഫെബ്രുവരി 18

അനുബന്ധം 1

പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	203	തദ്ദേശസ്വയം ഭരണ വകുപ്പ്	മാണിക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട 1-49, 1-49(1), 1-49(2) എന്നീ ഖണ്ഡികകളിലെ ഓഡിറ്റ് പരാമർശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
2.	204	തദ്ദേശസ്വയം ഭരണ വകുപ്പ്	അരുവിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-12 ലെ ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
3.	205	തദ്ദേശസ്വയം ഭരണ വകുപ്പ്	അരുവിക്കര ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ക്യാൻസർ ബോധവത്കരണ ക്യാമ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 1-13 ലെ പരാമർശത്തിൻമേൽ ബന്ധപ്പെട്ട രേഖകൾ മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുണ്ടെന്ന് അരുവിക്കര ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.
4.	206	തദ്ദേശസ്വയം ഭരണ വകുപ്പ്	അരുവിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1.14 മുതൽ 1.16 വരെയുള്ള പരാമർശങ്ങളിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത്

			പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
5.	207	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വെട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1.32, 1.34 എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
6.	208	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഒറ്റൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-21 ലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
7.	209	തദ്ദേശസ്വയം ഭരണ വകുപ്പ്	ഒറ്റൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-22 ലെ പരാമർശത്തിൽമേൽ ഓഡിറ്റ് പരിശോധനക്ക് ശേഷം പി.എച്ച്.സി.യിലെ വാഹന ഇന്ധന ലോഗ് ബുക്കിൽ രേഖപെടുത്തലുകൾ വരുത്തിയത് തെറ്റായ നടപടിയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
8.	210	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ HMC അക്കൗണ്ടുമായി ബന്ധപ്പെട്ട ഖണ്ഡിക 1.23 ലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

9.	211	തദ്ദേശസ്വയം ഭരണ വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-25 ലെ പരാമർശം പരിഗണിക്കവേ പ്രസ്തുത പരാമർശത്തിന്മേൽ വിശദീകരണം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പനവൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് വകയിരുത്തിയ ₹15 ലക്ഷത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ആയത് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
10.	212	തദ്ദേശസ്വയം ഭരണ വകുപ്പ്	പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക 1-26(1)-നെ സംബന്ധിച്ച മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
11.	213	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പനവൂർ___ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-26(2), 1-28(1), 1-28(2) 1-31, 1-32 എന്നീ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
12.	214	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പളളിച്ചൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-17-ലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
13.	215	തദ്ദേശസ്വയം ഭരണ വകുപ്പ്	കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ (ഖണ്ഡിക 1-24, 1-14, 1-23) മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടും നിർവഹണ

		ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ രേഖകൾ സമർപ്പിക്കാത്തതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
14.	216	തദ്ദേശസ്വയം ഭരണ വകുപ്പ്	മണമ്പൂർ സി.എച്ച്.സി.-ൽ മരുന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഖണ്ഡിക 1-28-ലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
15.	217	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ മണമ്പൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം 1-34 ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
16.	218	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൂവാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-27(1), 1-27(2) എന്നിവയിലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
17.	219	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂവ്വർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-29-ലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
18.	220	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് വിതരണം സംബന്ധിച്ച ഖണ്ഡിക 1-24-ലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

19.	221	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചെറുന്നിയൂർ_ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-29-ലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
20.	222	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-17-ലെ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
21.	223	തദ്ദേശസ്വയം ഭരണ വകുപ്പ്	ആനാട് ഗ്രാമപഞ്ചായത്തിലെ (ഖണ്ഡിക 1-23) ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് വിതരണം പൂർത്തിയാക്കിയതിന് ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
22.	224	തദ്ദേശസ്വയം ഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 1-17-ലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
					അറിയിപ്പ് 18/1/2023 നൽകിയിട്ടുണ്ട്. ഇക ഒടുക്കുവരുത്താത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്. മൈലം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളിൽ പെൻഷണറുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നുണ്ട്. മറ്റ് സ്ഥാപനങ്ങളിലെ മരണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അറിയുവാൻ കഴിയുന്നില്ല. ആയതിനാലാണ് മരണതീയതിയിക്ക് ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഇക ട്രാൻസ്ഫർ ആകുന്നത്. പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനായി മരണശേഷം ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന അപേക്ഷകളിലും യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്.
	17		പെരിനാട്	മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യ.	രത്നമ്മയമ്മ, ബാഹുലേയൻ ബി എന്നിവർ മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട ഇക കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ശാഖയിലെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി യഥാക്രമം സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ, എസ്.ബി.ഐ, കേരളപുരം എന്നിവയ്ക്ക് കത്ത് നൽകിയിട്ടുള്ളതും തുടർനടപടി സ്വീകരിച്ചു വരുകയുമാണ്. പെൻഷൻ സസ്പെന്റ് ചെയ്യാൻ കാലതാമസം ഉണ്ടായത് മൂലം മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക്

					ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ അടവാക്കുന്നതിന് അതാത് ബാങ്കുകൾക്കും കത്ത് നൽകിയിട്ടുള്ളതാണ്. പെൻഷൻ നേരിട്ട് വീട്ടിൽ എത്തുന്ന രീതിയിൽ ലഭ്യമാകുന്നവർ മരണപ്പെട്ടാൽ ഈ വിവരം അതാത് മാസം തന്നെ പഞ്ചായത്തിൽ അറിയിപ്പ് നൽകുന്നതിന് സഹകരണ ബാങ്കിന് കത്ത് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരുടെ ലിസ്റ്റ് പ്രാദേശിക തലത്തിൽ അന്വേഷണം നടത്തി സേവന പെൻഷൻ സൈറ്റിൽ പെൻഷൻ റദ്ദ് ചെയ്യു വരികയും ആണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
	18		ചാത്തന്നൂർ	മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു.	ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട 15 ഗുണഭോക്താക്കളുടേയും അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ആയിട്ടുള്ള തുക തിരികെ അടവാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും 4 പേരുടെ തുക തിരികെ അടച്ചിട്ടുള്ളതുമാണ്. ബാക്കി യുള്ള തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
	19		ചവറ	മരണശേഷവും പെൻഷൻ ബാങ്ക്	മരണപ്പെട്ട സാമൂഹ്യസുരക്ഷാ പെൻഷൻ

				അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യ.	ഗ്രണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അധികമായി തുക കൈമാറിയത് സംബന്ധിച്ച്- ആഡിറ്റ് പരാമർശം 1.7(1) പ്രകാരം അനർഹമായി തുക കൈമാറിയതായി കണ്ടെത്തിയ 6 ഗ്രണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക തിരികെ ഈടാക്കി കേരള ലോക്കൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കൈമാറാൻ സാധിച്ചിട്ടില്ലാത്തതും, തുക തിരികെ ഈടാക്കാൻ സാധിച്ചിട്ടില്ലാത്തതുമായ അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ച് അനന്തരാവകാശിയിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
	20		എഴുകോൺ	മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യ.	എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വെച്ച് മരണപ്പെടുകയും മറ്റ് പഞ്ചായത്തുകളിൽനിന്നും പെൻഷൻ ലഭിച്ചുകൊണ്ടിരുന്നതുമായ ഗ്രണഭോക്താക്കളുടെ പെൻഷൻ തടഞ്ഞുവെക്കുന്നതിലേക്കായി അതാത് ഗ്രാമപഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. കൂടാതെ എഴുകോൺ ഗ്രാമപഞ്ചായത്തിൽനിന്നും പെൻഷൻ നൽകിയിരുന്ന രണ്ട് ഗ്രണഭോക്താക്കളുടെ ഉൾപ്പെടെയുള്ള എല്ലാ ഗ്രണഭോക്താക്കളുടേയും പെൻഷൻ നിർത്തലാക്കിയിട്ടുള്ളതായി സവന പെൻഷൻ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു
4		1.1.3		ഗ്രണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷം പെൻഷൻ നേരിട്ട നൽകിയതായി	

				കാണിച്ചിരിക്കുന്നു - സാമ്പത്തിക ക്രമക്കേട്	
	1		കിഴക്കേകല്ലട	ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ ഗുണഭോക്താവായ ശ്രീമതി. തങ്കമ്മ എന്നയാൾ 31.03.2020 ൽ മരണപ്പെട്ടിട്ടുള്ളതാണ്. ടിയാരി ഈസ്റ്റ് കല്ലട തെക്ക് സർവ്വീസ് സഹകരണ ബാങ്ക് - നം. 187 ൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങികൊണ്ടിരുന്നയാളാണ്. ഈ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ഡിസംബർ 2019 മുതൽ ജൂൺ 2020 വരെയുള്ള പെൻഷൻ നൽകിയിട്ടില്ല. എന്നാൽ ജൂലൈ 20, ആഗസ്റ്റ് 20 മാസങ്ങളിലെ പെൻഷൻ 2,600/- രൂപ ഗുണഭോക്താവ് കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ നൽകിയിട്ടുമില്ല. ശ്രീമതി സെലീന 27.05.2018 ൽ മരണപ്പെട്ടു എങ്കിലും അദ്ദേഹത്തിന് ഏപ്രിൽ 2018 മുതൽ ജൂലൈ 2018 വരെയുള്ള പെൻഷൻ 2,400/- രൂപ മരണശേഷം നേരിട്ട് വിതരണം നടത്തിയതായി കാണിച്ചിരിക്കുന്നു.	ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി പരാമർശിത പെൻഷനുകൾ വിതരണം നടത്തിയ കിഴക്കേകല്ലട (സൗത്ത്) സർവ്വീസ് സഹകരണ ബാങ്ക് കൃ. 187 സെക്രട്ടറിക്ക് 20.07.2021 ൽ കെ6.2851/21 നമ്പർ കത്ത് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പരാമർശിത പെൻഷൻ ഗുണഭോക്താവായ ശ്രീമതി.തങ്കമ്മ (പെൻഷൻ ഐ.ഡി. - 103450600669) പള്ളിയാടിയിൽ, കൊട്ടുവിള എന്നയാൾക്ക് 31.03.2020 ൽ മരിച്ചതിന് ശേഷം ജൂലൈ 20, ആഗസ്റ്റ് 20 മാസങ്ങളിലെ പെൻഷൻ 2600/- രൂപ നൽകിയത് ബാങ്കിൽ നിന്നും ക്ലറിക്കൽ പിശക് മൂലം തെറ്റായി രേഖപ്പെടുത്തിയതാണെന്നും DBT സെല്ലിന് ഫോം നമ്പർ - 3 ൽ തെറ്റ് തിരുത്തുന്നതിന് അപേക്ഷിച്ചതായും വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ ശ്രീമതി.സെലീന (ഐ.ഡി.നം. - 103450200933) 27.05.2018 ൽ മരണപ്പെട്ടു എങ്കിലും എപ്രിൽ 2018 മുതൽ ജൂലൈ 2018 വരെയുള്ള പെൻഷൻ 2400/- രൂപ മരണ ശേഷം നേരിട്ട് വിതരണം ചെയ്തതായി പരാമർശം ഉണ്ട്. ടിയാൾ മരണപ്പെട്ട വിവരം കളഷൻ ഏജന്റ് ശ്രീമതി.ലിസിമോളെ ബന്ധുക്കൾ അറിയിച്ചിരുന്നില്ല.ടി ഉക സെലീനയുടെ ചെറുമകൻ അഖിലിനെയാണ് ഏൽപ്പിച്ചിരുന്നത്. അറിവില്ലായ്മ മൂലമാണ് ഇങ്ങനെ സംഭവിച്ചത്. ഇങ്ങനെ സംഭവിച്ചതെന്ന് ലിസിമോളും അഖിലും നൽകിയ

					സ്റ്റേറ്റ്മെന്റുകളിൽ വ്യക്തമാകുന്നു. ശ്രീമതി.സെലീന - 2400/- രൂപ, ശ്രീമതി.തങ്കമ്മ -2600/- രൂപ, ശ്രീമതി.കുഞ്ഞമ്മ - 3600/- ഉൾപ്പെടെ 8600/- രൂപയും 18% പലിശ ഉകയായ 3228/- രൂപയും കൂടി സോഷ്യൽ സെക്യൂരിറ്റി പെൻഷനിൽ തിരികെ അടച്ചതായി കിഴക്കേകല്ലട സൗത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരാമർശത്തിലുള്ള ഉകകൾ പലിശ സഹിതം തിരിച്ചടച്ചതായി സർവ്വീസ് സഹകരണ ബാങ്ക് റിപ്പോർട്ട് ചെയ്തതിനാൽ പോലീസ് കേസ് നൽകിയിട്ടില്ല. പ്രസ്തുത ബാങ്ക് വഴിയുള്ള പെൻഷൻ വിതരണത്തിൽ വിശദമായ പരിശോധന നടത്തിയതിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള എല്ലാ നടപടികളും പാലിച്ചാണ് നിലവിൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിവരുന്നതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വിവരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമായി അംഗീകരിച്ച് 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമ മറുപടിയായി സ്റ്റേറ്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	2		ചെപ്പരപടവ്	ജോസഫ് വലിയവീട്ടിൽ എന്ന ഗുണഭോക്താവിന് മരണശേഷവും ഡയറക്ട് ടു ഹോം സംവിധാനം വഴി	ഗുണഭോക്താവിൻറെമരണശേഷം നൽകിയ പെൻഷൻ ഉക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് പെൻഷൻ വിതരണം ചെയ്ത തടിക്കടവ് സർവ്വീസ് കോ- ഓപ്പറേറ്റീവ്

				പെൻഷൻ നൽകിയിട്ടുള്ളതായി കാണുന്നു.	ബാങ്ക്സെക്രട്ടറിയോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഉക 7500/- രൂപ തിരിച്ചടവാക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	3		കുണ്ടറ	കുണ്ടറ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ മരിച്ചുപോയ 24 ഗുണഭോക്താക്കളുടെയും സർക്കാർ ജോലി ലഭിച്ചതു കാരണം അർഹത നഷ്ടപ്പെട്ട ഒരു ഗുണഭോക്താവിന്റെയും ചേർത്ത് ആകെ 25 ഗുണഭോക്താക്കൾക്ക് അർഹത ഇല്ലാത്ത കാലഘട്ടത്തിൽ പെൻഷൻ വിതരണം നടത്തിയതായി കണ്ടെത്തി.	കുണ്ടറ ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1, 14 എന്നീ വാർഡുകളിൽ മരണപ്പെട്ട പോയ 24 പേർക്കും, ജോലി ലഭിച്ച ഒരാൾക്കും (ആകെ 25 പേർക്ക്) പെൻഷൻ വിതരണം ചെയ്തതായി കണ്ടെത്തി. ആകെ ഉക 446800/- രൂപ. ടി ഉക 07.12.2021-ൽ 320700/- രൂപ, 126100/- രൂപ (RTGS ചെയ്തത്) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ IFS Code KSBK0000101, A/c 001101023000269 പ്രകാരം ഒടുക്കു വരുത്തിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് 18.12.2019-ലെ 1.1 പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കുണ്ടറ പോലീസ് സ്റ്റേഷനിൽ 09.01.2020-ൽ പരാതി നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

5		1.1.4		സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല. അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത	
	1		പെരിനാട്	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	രത്നമ്മയമ്മ, ബാഹുലേയൻ ബി എന്നിവർ മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ശാഖയിലെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി യഥാക്രമം സിൻഡിക്കേറ്റ് ബാങ്ക്, കണ്ടറ, എസ്.ബി.ഐ, കേരളപുരം എന്നിവയ്ക്ക് കത്ത് നൽകിയിട്ടുള്ളതും തുടർനടപടി സ്വീകരിച്ചു വരുകയുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	2		മൈലം	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	നിലവിൽ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ അപേക്ഷ സ്വീകരിച്ച് ഫയൽ പ്രകാരമാണ് പെൻഷൻ സസ്പെൻഡ് ചെയ്തുവരുന്നത്. പെൻഷൻ സസ്പെൻഡ് ചെയ്യുന്നവരുടെ വിവരങ്ങൾ ഫയലായി സൂക്ഷിക്കുന്നതും മരണ തീയതിയ്ക്ക് ശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കു വരുത്തതിന് ബാങ്കുകൾക്ക് കത്ത് നൽകി

					വരുന്നതുമാണ്. സർവ്വീസ് സഹകരണ ബാങ്ക് വഴി പെൻഷൻ വാങ്ങുന്ന മരണപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളിൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	3		ഈസ്റ്റ് കല്ലട	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	നിലവിൽ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ അപേക്ഷ സ്വീകരിച്ച് ഫയൽ പ്രകാരമാണ് പെൻഷൻ സസ്പെൻഡ് ചെയ്യുവരുന്നത്. പെൻഷൻ സസ്പെൻഡ് ചെയ്യുന്നവരുടെ വിവരങ്ങൾ ഫയലായി സൂക്ഷിക്കുന്നതും മരണ തീയതിയ്ക്ക് ശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കു വരുത്തതിന് ബാങ്കുകൾക്ക് കത്ത് നൽകി വരുന്നതുമാണ്. പഞ്ചായത്ത് ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളിൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ടെന്നുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	4		വടവുകോട്	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ	ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സർക്കുലർ നം

			പുത്തൻകുരിശ്	തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	ബി2/53/2017/ ധന തീയതി 22.01.2018 പ്രകാരം ഗുണഭോക്താവ് മരണപ്പെട്ട/പുനർവിവാഹം ചെയ്ത എന്ന് വ്യക്തമായാൽ ടി വിവരം അറിയിക്കണമെന്ന് കാണിച്ച് വടവുകോട് ഫാർമേഴ്സ് കോ- ഓപ്പറേറ്റീവ് ബാങ്കിന് 15.07.2021 ന് കത്ത് നൽകിയിട്ടുള്ളതാണ്. സർക്കുലർ നമ്പർ 109/2018/ധന തീയതി 23.11.2018 പ്രകാരം സേവനയിൽ ലഭ്യമായ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡേറ്റാ ബേസിൽ നിന്നും യഥാസമയം സസ്പെൻറ് ചെയ്യുന്നുണ്ട്. പുനർവിവഹാം ചെയ്തതിനു ശേഷവും / മരണപ്പെട്ടതിന് ശേഷവും ആരും പെൻഷൻ തുക കൈപ്പറ്റുന്നതായി കണ്ടെത്തിയിട്ടില്ല. കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ **11** പേരെ മരണപ്പെട്ടിട്ടുള്ളതിനാൽ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ടി ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതല്ല. വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ **31** പേരെ മരണപ്പെട്ടിട്ടുള്ളതിനാലും **2** പേരെ ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നതിനാലും ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതല്ല. വികലാംഗ പെൻഷൻ ഇനത്തിൽ 3 പേർ മരണപ്പെട്ടിട്ടുള്ളതിനാൽ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം പെൻഷൻ

					തുക കൈപ്പറ്റിയിട്ടുള്ളതല്ല. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ ഒരാൾ മരണപ്പെട്ടിട്ടുള്ളതിനാൽ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതല്ല. വിധവാ പെൻഷൻ ഇനത്തിൽ **16** പേർ മരണപ്പെട്ടിട്ടുള്ളതിനാലും ഒരാൾ പുനർവിവാഹം ചെയ്തിട്ടുള്ളതിനാലും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
	5		കണ്ടറ	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	2020-21 വർഷം മുതൽ മരണപ്പെട്ട് പോകുന്ന ഗുണഭോക്താക്കളെ മരണ രജിസ്ട്രേഷൻ പ്രകാരവും പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ പ്രകാരവും ബിൽ ഡിസ്ക്രിപൻസി പ്രകാരവും പെൻഷൻ ലിസ്റ്റിൽ നിന്ന് സസ്പെന്റ് ചെയ്യുകയും ആയതിന്റെ ഫയൽ സൂക്ഷിച്ച് വരികയും ചെയ്യുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

	6		കണ്ണപുരം	സസ്പെൻഷൻ ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല/ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല.	04/2019 മാസത്തെ പെൻഷൻ മുൻകൂറായി 03/2019 മാസം തന്നെ അനുവദിച്ചിട്ടുള്ളതാണ് എന്ന് ബന്ധപ്പെട്ട സൈറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടു.മൊട്ടാടൻ രാധ, പാറു, ഗംഗാധരൻ വി സി, ചന്ദ്രൻ.എം.കെ, നാണി, മീത്തൽ മാധവിഎന്നവർ മരണപ്പെട്ട ശേഷം പെൻഷൻ വിതരണം ചെയ്തിട്ടില്ല. കെ.ഇബ്രാഹിംകുട്ടി ഹാജി എന്നവർക്ക് 05/19, 6/19, 7/19 മാസങ്ങളിൽ കൈമാറിയ പെൻഷൻ തുക 4500 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് തിരികെ 15/07/2022 തീയ്യതി N 196222039935995 നമ്പർ പ്രകാരം (NEFT) അടവാക്കിയിട്ടുണ്ട്. മരണമടഞ്ഞ എല്ലാ ഗുണഭോക്തക്കളുടെയും പെൻഷൻ നിലവിൽ സസ്പെന്റ് ചെയ്തിട്ടുണ്ട്. നിലവിൽ മരണം രജിസ്റ്റർ ചെയ്യുന്ന വേളയിൽ തന്നെ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് പെൻഷൻ സസ്പൻറ് ചെയ്ത് വരുന്നുണ്ട്. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ പെൻഷൻ സസ്പെൻറ് ചെയ്ത് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
				<u>ശിപാർശകൾ</u> 1) ലഭ്യമാകുന്ന അപേക്ഷകൾ	1. സേവന പെൻഷൻ സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ

				തീർപ്പാക്കുന്നതിലെ കാലതാമസം അവസാനിപ്പിക്കുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനും അപേക്ഷകളുടെ അർഹതാ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് സമയ പരിധി അനുവദിച്ച് നൽകുന്നതിനും സർക്കാരിന്റെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. 2) ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യുന്ന ഘട്ടങ്ങളിൽ ഗുണഭോക്താവിന്റെ മരണ വിവരം പെൻഷൻ വിതരണം ചെയ്യുന്ന പ്രാദേശിക സർക്കാർ അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. അതേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ളിൽ തന്നെ മരണം സംഭവിക്കുന്ന ഘട്ടങ്ങളിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി ഏതെങ്കിലും സാമൂഹ്യ സുരക്ഷ പെൻഷൻ / ക്ഷേമനിധിപെൻഷൻ / കർഷക പെൻഷൻ കൈപ്പറ്റുന്ന ആളാണോയെന്നറിയുന്നതിന് മാർഗ്ഗങ്ങളില്ല. മരണ രജിസ്ട്രേഷന് ആധാർ നിർബന്ധമല്ലാതെയാക്കി സർക്കാർ ഉത്തരവുള്ളതിനാൽ സാമൂഹ്യ	സൗകര്യമുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ILGMS സോഫ്റ്റ് വെയർ മുഖേന അപേക്ഷകൾ സ്വീകരിച്ച് നടപടി പൂർത്തീകരിക്കുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാകുന്നുണ്ട്. 2. ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ മരണ രജിസ്ട്രേഷനിൽ ആധാർ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് മുഖേന സ്വീകരിച്ച് വരുന്നു. 3, സർക്കാരിന്റെ 02/08/2021 ലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതിങ്കിലും പ്രാദേശിക സർക്കാരുകളിൽ സ്ഥിരതാമസമാക്കിയ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അടുത്ത മാസം 10-ാം തീയതിക്കകം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും അത് പ്രകാരം പ്രാദേശിക സർക്കാരുകൾ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. 4. സർക്കാരിന്റെ 02/08/2021 ലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അതിൻ പ്രകാരം പ്രാദേശിക

				സുരക്ഷ പെൻഷൻ കൈപ്പറ്റുന്നവരുടെ മരണ രജിസ്ട്രേഷന് ആധാർ ലഭ്യമാക്കാത്ത പക്ഷം പെൻഷൻ ഐ.ഡി. നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. 3) മരണം ഏത് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവാണെന്ന് പരിശോധിക്കേണ്ടതും പെൻഷൻ അനുവദിച്ചിട്ടുള്ള തദ്ദേശസ്ഥാപനത്തിൽ ടിയാന്റെ പെൻഷൻ അതേ ദിവസം തന്നെ സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ വിവരമറിയിക്കുന്നതിന് കാലതാമസം വരുത്തുന്ന പക്ഷം അതിനെ തുടർന്ന് അധികമായി പെൻഷൻ അനുവദിക്കപ്പെട്ടാൽ ആയത് മരണം രജിസ്റ്റർ ചെയ്ത തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കാവുന്നതാണ്.	സർക്കാരുകൾ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അംഗനവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരവും ഗ്രാമസഭകൾ മുഖാന്തിരവും അറിയിപ്പ് നൽകുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് 5. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തുന്ന മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാത് പ്രാദേശിക സർക്കാരുകൾക്ക് സേവന സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്നതിനുള്ള അപ് ഡേഷൻ വരുത്തിയിട്ടുള്ളതും ആയത് പ്രകാരം നിലവിൽ അന്വേഷണം നടത്തി ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്ത് വരുന്നതുമാണ്. 6. ഓഡിറ്റ് ശുപാർശയുടെ അടിസ്ഥാനത്തിൽ മരണ തീയതി രേഖപ്പെടുത്തുന്നതിനും പ്രസ്തുത വിവരം റിപ്പോർട്ടിൽ ലഭ്യമാക്കുന്നതിനും ഐ കെ എം ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 7. C&AG ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ഗുണഭോക്താവിന്റെ തുക അനർഹമായി കൈപ്പറ്റുന്ന വ്യക്തികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിച്ചു വരുന്നതുമാണ്. 8. സർക്കാരിന്റെ 27/07/2013 ലെ ജി.ഒ. (പി) 363/2013/ഫിൻ ഉത്തരവിലെ ഖണ്ഡിക 12 പ്രകാരം ലോക്കൽ ഫണ്ട്

				4) മരണം ഒരു പ്രാദേശിക സർക്കാരിലും രജിസ്റ്റർ ചെയ്യപ്പെടാത്ത സാഹചര്യ മുണ്ടാകാനിടയുണ്ട്. ആശ/ അംഗൻവാടി വർക്കർമാർ ഓരോ വാർഡിലും നടക്കുന്ന മരണങ്ങൾ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം. എസ്സ്)97/20/ധന/ 23.09.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടാതിരിക്കുന്നതാണ് മേൽപ്രകാരമുള്ള അപാകതകൾക്ക് കാരണമായിട്ടുള്ളത്. ആയതിനാൽ ഓരോ വാർഡിലും നടന്ന മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ആശ അംഗൻ വാടി വർക്കർമാരുടെ പ്രവർത്തനം അതാത് വാർഡ് മെമ്പർമാരും കൗൺസിലർമാരും മോണിട്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. 5) സഹകരണ സംഘം വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവർക്ക് മരണം സംഭവിക്കുമ്പോൾ അതാത് മാസം തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ അറിയിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. തദ്ദേശ സ്വയംഭരണ	ഓഡിറ്റ് വിഭാഗത്തിന് സേവന സോഫ്റ്റ് വെയറിൽ ആക്സസ് നൽകുന്നതിന് ഐ കെ എം ന് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

				സ്ഥാപനത്തിന് സഹകരണ സംഘത്തിൽ നിന്ന് അറിയിപ്പ് കിട്ടിയാലുടൻ തന്നെ മരണം നടന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ യഥാസമയം സഹകരണ സംഘം അറിയിക്കാത്തതു മൂലമോ സെക്രട്ടറി പെൻഷൻ സസ്പെൻഡ് ചെയ്യാത്തതു മൂലമോ ഉടൻതന്നെ മരിച്ചവരുടെ പേരിലുള്ള പെൻഷൻ സഹകരണ സംഘങ്ങൾക്ക് വിതരണം നടത്തുന്നതിനായി ലഭിക്കുന്നു. ഇത് ക്രമരഹിതമായ ധനവിനിയോഗത്തിന് ഇടയാക്കുന്നു. ആയതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷണറുടെ മരണം യഥാസമയം റിപ്പോർട്ട് ചെയ്യാത്ത സംഘത്തിനും മരണ വിവരം സംഘത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കാവുന്നതുമാണ്. "ഡയറക്ട് റ്റു ഹോം" സംവിധാനം വഴി ക്ഷേമപെൻഷൻ വിതരണം ചെയ്യുന	

				ധനകാര്യ സ്ഥാപനത്തിലെ ഏജന്റ്/ ജീവനക്കാരന് ഗുണഭോക്താവിന്റെ അർഹത സ്ഥാപനത്തിൽ നേരിട്ട് റിപ്പോർട്ട് ചെയ്യാനുള്ള വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. 6) സേവന സോഫ്റ്റ്വെയറിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് റിക്വസ്റ്റ് നൽകുമ്പോൾ ഫയൽ നമ്പർ നിർബന്ധമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പെൻഷൻ സസ്പെൻഷന് ഫയൽ സൂക്ഷിക്കാത്തതിനാൽ തെറ്റായ/ ഇല്ലാത്ത ഫയൽ നമ്പർ നൽകിയാണ് പെൻഷൻ സസ്പെൻഷന് നടപടി പൂർത്തിയാകുന്നത്. പെൻഷൻ സപസ്പെൻഷൻ ലിസ്റ്റ് സേവന സോഫ്റ്റ്വെയറിൽ നിന്നും എടുക്കുമ്പോൾ പെൻഷൻ ഐ.ഡി. / സസ്പെൻഡ് ചെയ്ത തീയതി എന്നിവ മാത്രമാണ് ലഭിക്കുന്നത്. മരണപ്പെട്ട/പെൻഷൻ അർഹത നഷ്ട്ടപ്പെട്ട തീയതി മനസ്സിലാക്കുന്നതിന് ഫയൽ മാത്രമാണ് ആശ്രയിക്കാവുന്ന രേഖ. നിലവിൽ സേവന സോഫ്റ്റ്വെയറിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന് തന്നെ പെൻഷൻ	

				സസ്പെൻഷൻ റിക്വസ്റ്റ് നൽകുമ്പോൾ മരണപ്പെട്ട/അർഹത നഷ്ടപ്പെടുന്ന തീയതി കൂടി സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതും സേവനയിൽ നിന്നും ലഭിക്കുന്ന പെൻഷൻ സസ്പെൻഷൻ ലിസ്റ്റിൽ ആയതുകൂടി ഉൾപ്പെട്ട് വരുന്ന രീതിയിൽ സോഫ്റ്റ്വെയർ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്നും ശുപാർശ ചെയ്യുന്നു. 7) പെൻഷണർ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട പെൻഷൻ തുക/ അനർഹമായ കാലയളവിൽ കൈപ്പറ്റിയ പെൻഷൻ തുക ആയത് കൈപ്പറ്റിയിട്ടുള്ള വ്യക്തികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുന്നതിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡുകൾ/വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനും തുക തിരികെ ഒടുക്കാത്ത പക്ഷം ഇത്തരം ആളുകൾക്ക് പ്രാദേശിക സർക്കാരുകളിൽ നിന്നും അനുവദിക്കുന്ന ക്ഷേമ ആനുകൂല്യങ്ങൾ തടഞ്ഞു വയ്ക്കുന്നതിനുമുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നു.	

				8) ജി.ഒ(പി)363/2013/ഫിൻ തീയതി 27.7.2013 ഖണ്ഡിക (12) പ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗത്തെ DBT മുഖേന വിതരണം ചെയ്യുന്ന ഫണ്ടിന്റെ വിതരണവും വിനിയോഗവും പരിശോധിച്ചുറപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട "സേവന സോഫ്റ്റ്വെയറിൽ വകുപ്പിന് ആക്സസ് " ഇല്ലാത്തതാണ്. ഈ വിഷയത്തിൽ തുടർ നിർദ്ദേശമുണ്ടാകേണ്ടതാണ്. ആയതിനാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.	
6		1.2		പാലിയേറ്റീവ് (മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായുള്ള പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ	
7		1.2.1	മാണിക്കൽ	പാലിയേറ്റീവ്കെയർ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.	സർക്കാർ ഉത്തരവ് പ്രകാരം ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡ് അടിസ്ഥാനത്തിൽ കണ്ടെത്തി പ്രസ്തുത വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിന് വേണ്ടി വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടുള്ളതാണ്
8		1.2.2	തൃക്കോവിൽവട്ടം	മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല	തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ 2019-20 കാലയളവിൽ മെഡിക്കൽ ആഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന നടപടികൾ

					പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്:- 1. കാരുണ്യയിൽ നിന്നും 2019-20 കാലയളവിൽ 450000/- രൂപയുടെ മരുന്നുകൾ 12.09.2020 മുതൽ 09.06.2021 വരെയുള്ള കാലയളവിൽ ലഭ്യമായിട്ടുള്ളതും സ്റ്റോക്ക് എടുത്ത് വിതരണം ചെയ്തിട്ടുള്ളതുമാണ്. 2. വീൽ ചെയർ 2 എണ്ണം 9147/- രൂപയ്ക്ക് 04.06.2020-ൽ ലഭ്യമായിട്ടുള്ളതും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുകയുമാണ്. 59,405/- രൂപയുടെ പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ 05.08.2021-ൽ പി.എച്ച്.സിയിൽ ലഭ്യമാക്കിയിട്ടുള്ളതും നിലവിൽ സ്റ്റോക്കെടുത്ത് പി.എച്ച്.സി ആഫീസിൽ ഉപയോഗിച്ച് വരുകയും ചെയ്യുന്നുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
9		1.2.3	ഏനാദിമംഗലം	പാലിയേറ്റിവ് കെയർ പദ്ധതി - മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാൻ അവശേഷിക്കുന്നു.	മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെന്നും സ്റ്റോക്കിൽ ചേർത്ത് കണക്കു സൂക്ഷിച്ചിട്ടുണ്ടെന്നും മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം ആയത് പഞ്ചായത്ത് ഭരണസമിതി വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ 12.08.2022 ൽ കൂടിയ

					പഞ്ചായത്ത് ഭരണസമിതി 11/1-ാം നമ്പർ തീരുമാനമെടുത്ത് ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. കേരള സംസ്ഥാന ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
10		1.2.4	കാഞ്ചിയർ	പാലിയേറ്റീവ് പദ്ധതി - ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല.	ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കി അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
11		1.2.5	അമ്പലപ്പുഴ സൗത്ത്	പാലിയേറ്റീവ് കെയർ പ്രോജക്ട് - മുൻകൂർ തുക നൽകിയിട്ടും മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല.	സ.ഉ.(സാധാ)നം.876/2013/ത.സ്വ.ഭ.വ തീയതി 30/03/2013 സർക്കാർ ഉത്തരവ് പ്രകാരം മുൻകൂർ പണം അടച്ച് സാധനങ്ങൾ വാങ്ങാവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 280000/- രൂപ

					30/3/2020 ൽ ചെക്ക് നമ്പർ 1858449 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിരുന്നു. 98794/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് അന്വേഷിച്ചതിൽ സാധനങ്ങളുടെ താൽക്കാലിക ദൌർലഭ്യം മൂലമാണ് സപ്ലൈ വൈകിയത്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് സ്ഥാപനവുമായി ബന്ധപ്പെട്ടപ്പോൾ കോവിഡ് പ്രതിസന്ധി മൂലമാണ് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2021 ഓഗസ്റ്റ് മാസത്തിൽ സാധനങ്ങൾ ലഭ്യമാകുകയും, ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളതുമായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ സാധനങ്ങളുടെ ലഭ്യത കുറവ് മൂലമാണ് യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്നസ്ഥാപനത്തിന്റെ മറുപടിയും, സാധനങ്ങൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുവെന്ന മെഡിക്കൽ ഓഫീസറുടെ മറുപടിയും അംഗീകരിച്ച് പരാമർശത്തിൻ മേലുള്ള തുടർ നടപടി ഒഴിവാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
12		1.2.6	ഞീഴൂർ	പാലിയേറ്റീവ് കെയർ – വാഹനം വാടകയ്ക്ക് എടുത്തതിൽ അപാകത	കാട്ടാമ്പാക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ

					പാലിയേറ്റിവ് പ്രവർത്തനങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്ന ആംബുലൻസിന്റെ ഫിറ്റ്നസ് കാലാവധി പുതുക്കുന്നതിനായി സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ എസ്റ്റിമേറ്റ് എടുക്കുന്നതിന് 29.05.2019 ലെ കോട്ടയത്ത് കൊണ്ടുപോയിരുന്നെങ്കിലും ആയതിന്റെ അംഗീകാരം ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടിരുന്നു. 27.06.2019 ലാണ് ഉഴവൂർ RTO വാഹനത്തിന്റെ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത്. ഇതുമൂലം പാലിയേറ്റിവ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിന് വേണ്ടിയാണ് 29.05.2019 തീയതി മുതൽ 27.06.2019 വരെ പകരം വാഹനം വാടകയ്ക്ക് എടുക്കേണ്ടി വന്നതെന്ന സാഹചര്യം പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
13		1.2.7	കുന്നത്തുനാട്	പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ	പ്രൊജക്ട് നമ്പർ 173/20 ആയി നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി പാലിയേറ്റീവ് ഹോം കെയറിന് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ചെലവാക്കിയ 65447/-രൂപയിൽ ബാലൻസ് തുകയായ 21329/-രൂപ ഇൻവോയിസ് പ്രകാരം ഇൻവോയിസ് നമ്പർ 421/kmcl തീയതി 24/04/2021, ഇൻവോയ്സ് നമ്പർ 2266/kmcl തീയതി 11/06/2021 ലഭിച്ചിട്ടുള്ളതാണ്. നിലവിൽ

					പാലിയേറ്റീവ് കെയർ കമ്മിറ്റി യോഗം രണ്ട് മാസത്തിൽ ഒരിക്കൽ കൂടുന്നുണ്ട്.മൈലേജ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മൈലേജ് സാക്ഷ്യപ്പെടുത്തുന്നതാണ്. ഓരോ യാത്രയിലും പൂർത്തീകരിച്ച ദൂരം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
14		1.2.8	ശ്രീനാരായണപുരം	പെയിൻ & പാലിയേറ്റീവ് - മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം	2019-20 സാമ്പത്തിക വർഷത്തെ പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരം മെഡിസിൻ വാങ്ങുന്നതിന് KMSCL നൽകിയ വൗച്ചർ നമ്പർ 21900981/04.12.2019 പ്രകാരമുള്ള 200000/- രൂപയുടെ മരുന്നുകൾ 19.10.2021-ന് ലഭ്യമായി. വൗച്ചർ നമ്പർ 21900982/04.12.2019 പ്രകാരമുള്ള 100000/- രൂപയുടെ മരുന്നുകൾ 23.08.2021-ന് ലഭ്യമായതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
15		1.2.9	മൊറയൂർ	ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തിയത് - പ്രൊക്യുർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം	ഓഡിറ്റ് പരാമർശത്തിൻമേൽ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ മറുപടിയിൽ G.O.(P) No: 03/2013/SPD Dtd 21/06/2013 , G.O.(Rt). No: 2487/2016/LSGD തീയതി 20/08/2016 എന്നീ ഉത്തരവുകൾ പ്രകാരമുള്ള പ്രോക്യുവർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക്

					വിധേയമായി ആണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നമ്പർ 165/20 പകർച്ച വ്യാധി നിയന്ത്രണം എന്ന പദ്ധതി പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണത്തിനും കുഷ്ഠരോഗ നിയന്ത്രണം(അശ്വമേധം) എന്നിവക്കും വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ജൂൺ അവസാനത്തോടെ പഞ്ചായത്തിലെ ചില ഇടങ്ങളിൽ കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി അടിയന്തിരമായി മൈക്ക് അനൌൺസ്മെൻറ്, നോട്ടീസ് വിതരണം എന്നിവ വഴി ബോധവൽക്കരണം നടത്തേണ്ടിവന്നിട്ടുള്ളതുമാണ്. അതോടൊപ്പം ലഹരി വിരുദ്ധ ബോധ വൽക്കരണവും കുഷ്ഠരോഗ നിയന്ത്രണ പ്രവർത്തനങ്ങളും ഘട്ടം ഘട്ടമായി നടത്തുകയുണ്ടായി. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് മേൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. അടിയന്തിര പ്രാധാന്യമുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തിയതിലൂടെ പൊതുജനാരോഗ്യ രംഗത്ത് കൃത്യമായ ഇടപെടലുകൾ നടത്തുവാൻ ഈ പദ്ധതിയിലൂടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പ്രിൻറിങ് ചാർജ് ഇനത്തിൽ 30000 രൂപയും അനൌൺസ്മെന്റ് ചെലവിനത്തിൽ 30000 രൂപയും ഘട്ടം ഘട്ടമായി ആണ് തുക ചെലവഴിക്കേണ്ടിവന്നത് . ഓരോ ബില്ലും 15000 രൂപയിൽ താഴെയുള്ളതാണ്. പ്രാദേശിക മായി കുറഞ്ഞ നിരക്കിലാണ് സാധനങ്ങളും സേവന ങ്ങളും

					ലഭ്യമാക്കിയിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.വീണ്ടും വീണ്ടും അനൌൺസ്മെൻറ് നടത്തേണ്ടിവരുമെന്നോ നോട്ടീസ് തയ്യാറാക്കേണ്ടിവരുമെന്നോ മുൻകൂട്ടി കാണുവാൻ സാധിച്ചില്ല. പ്രവൃത്തികൾ അടിയന്തിരമായി നടപ്പാക്കേണ്ടി വന്നതിനാലും ആകെ ചെലവ് 15000 രൂപയ്ക്ക് മകളിൽ വരുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കാത്തതിനാലുമാണ് ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് നടപ്പാക്കിയത്. പൊതുജനാരോഗ്യസംബന്ധിയായ അടിയന്തിര സാഹചര്യം മുൻനിർത്തി നടപ്പാക്കിയ പ്രവൃത്തി മൂലം പഞ്ചായത്തിന് ധനനഷ്ടം വന്നതായി ഭരണസമിതി കണക്കാക്കിയിട്ടില്ലെന്നും അറിയിക്കുന്നു. തുടർ വർഷങ്ങളിൽ ഈ അപാകത ഒഴിവാക്കുവാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
16		1.2.10	വേളം	പാലിയേറ്റീവ് പരിചരണം-മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല	2019/2020 വർഷത്തിൽ സർക്കാർ സ്ഥാപനമായ കെ എം എസ് എൽ 31/3/2020 ൽ 68000 രൂപ അടവാക്കിയിട്ടുണ്ടെന്നും പ്രസ്തുത തുകയ്ക്ക് മുഴുവനായും മെഡിസിൻ ഉപകരണങ്ങളും സ്ഥാപനത്തിൽ വന്നിട്ടുള്ളതും 54746 രൂപയുടെ സ്റ്റോക്ക് എൻട്രി രേഖപ്പെത്തിയ ഇഷ്യുനോട്ട് കൂടാതെ അടവാക്കിയ തുകയ്ക്ക് അനുവദിച്ച ഉപകരണങ്ങളുടെ ബില്ലുകളുടെ പകർപ്പ്

					സഹിതം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
17		1.2.11	വെള്ളമുണ്ട	പി.എച്ച്. സി - യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	മേൽ വിഷയവുമായി ബന്ധപ്പെട്ട് കൊറോണ രൂക്ഷമായ സാഹചര്യത്തിൽ മരുന്നിന്റെ ലഭ്യതക്കുറവ്കൊണ്ടാണ് മരുന്ന് വിതരണത്തിൽ കാലതാമസം നേരിട്ടത് എന്ന് കാണിച്ച് മാനന്തവാടി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനം മറുപടി നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്. മേൽ ഓഡിറ്റ് പരാമർശത്തിലെ തടസ്സവാദം 17/04/2023 തിയ്യതിവരെ പരിഹരിച്ചിട്ടില്ല ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
18		1.2.12	വെങ്ങാട്	പെയിൻ & പാലിയേറ്റീവ് പരിചരണം - മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.	പെയിൻ&പാലിയേറ്റീവ് (സാന്ത്വന പരിചരണം) പദ്ധതിക്ക്മരുന്ന് വാങ്ങിക്കുന്നതിന് 100000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ടായിരുന്നു. ഓഡിറ്റ് പരിശോധന സമയത്ത് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരുന്നില്ല

					എങ്കിലും 28.07.2021 ലെ 4113 നമ്പർ ഇൻവോയ്സ് പ്രകാരം അവസാന ഗഡു മരുന്നും ലഭ്യമായിട്ടുണ്ടെന്നും ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
19		1.2.13	കാറഡുക്ക	പി.എച്ച്. സി - യിലേക്ക് ഹെമറ്റോളജി അനലൈസർ വാങ്ങിയത് - നിർവ്വഹണത്തിലെ അപാകതകൾ	പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സമർപ്പിച്ച മറുപടിയിൽ ഹെമറ്റോളജി അനലൈസർ വാങ്ങിയത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന ഗവ അംഗീകൃത ഏജൻസി മുഖാന്തിരമാണ് പി.എച്ച്.സി വാങ്ങിയിട്ടുള്ളതെന്നും ഇതിൽ പർച്ചെസർ എന്നത് പി.എച്ച്.സി അല്ല മറിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനാണ്. റണ്ണിംഗ് കോൺടാക്ട് പ്രകാരം 11894/- രൂപ സർവ്വീസ് ചാർജ്ജ്+ജി.എസ്.ടി) ഇനത്തിൽ കൂടുതൽ നൽകിയാണ്. പി.എച്ച്.സി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാണ് ഉപകരണം വാങ്ങിയിട്ടുള്ളത് . ലാബ് എക്സ് എന്ന കമ്പനി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും തമ്മിലാണ് കരാർ വെച്ചിട്ടുള്ളത് സെക്യൂരിറ്റി തുക 5 ശതമാനം ലാബ് എക്സ് എന്ന സപ്ലൈയർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് റണ്ണിംഗ്

					കോൺട്രാക്ടിലെ other items & condition 1 &2 -ൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് ഫയലിൽ വെക്കാൻ വിട്ട് പോയത് ഹാജരാക്കി പ്രിവൻറീവ് മെയിൻറനൻസ് ക്യത്യമായി നടത്തിയതിൻറെ റിപ്പോർട്ടുകൾ നിലവിൽ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കി നൽകുന്നതിന് 30/12/2021 തീയതിയിൽ ബഹു. കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
21		1.2.14	വടവന്നൂർ	പാലിയേറ്റീവ് കെയർ - അവലോകനം	1. 2019-20 സാമ്പത്തിക വർഷത്തിൽ കോവിഡ് സാഹചര്യമായതിനാലും ഫണ്ടിൻറെ ലഭ്യത കുറവുമൂലവും ഒത്തുചേരലുകൾ നടത്താൻസാധിച്ചിരുന്നില്ല. 2.വാർഡ് തലത്തിൽ ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളുടെ ലിസ്റ്റ് തയ്യാറാക്കിട്ടുണ്ട്. വാർഡ് സമിതികളിലും അവലോകന യോഗങ്ങളിലും പാലിയേറ്റിവ് രോഗികളെക്കുറിച്ചും അവർക്ക് അവർക്ക് നൽകേണ്ട സേവനങ്ങളെക്കുറിച്ചും മെഡിക്കൽ ഓഫീസറുടെയും മെമ്പർമാരുടെയും നേതൃത്വത്തിൽ ചർച്ച ചെയ്യ വരുന്നുണ്ട്.
				a) പഞ്ചായത്ത് തല പ്രവർത്തനങ്ങൾ	
				b) വാർഡ്/സബ്സെൻറർ തല പ്രവർത്തനങ്ങൾ	
				c) പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി	
				d) ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ	
				e) വിഭവ സമാഹരണം	
				f) മോണിട്ടറിംഗ്	

					3. പാലിയേറ്റീവ് യോഗം കൂടി വരുന്നുണ്ട്. അക്കൌണ്ട് തുടങ്ങിയിട്ടില്ല. 4. ആരോഗ്യപ്രവർത്തമങ്ങളുടെ അവലോകന യോഗം, പാലിയേറ്റീവ് അവലോകന യോഗം എന്നിവ പഞ്ചായത്ത് തലത്തിലും എഫ് എച്ച് സി തലത്തിലും നടത്തി വരുന്നുണ്ട്. 5.വിഭവ സമാഹരണം, ബാങ്ക് അക്കൌണ്ട് എന്നിവ തുടങ്ങാനുള്ള നടപടികൾ മെഡിക്കൽ ഓഫീസർ ആരംഭിച്ചിട്ടുണ്ട്. 6. മോണിറ്ററിംഗ് മീറ്റീങ് പഞ്ചായത്തിൽ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ ഓഫീസർ പഞ്ചായത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
				ശിപാർശകൾ	ആരോഗ്യ വകുപ്പ് നേരിട്ട് മറുപടി സമർപ്പിക്കുന്നതാണ്.
21		1.3		നിക്ഷേപ പ്രവൃത്തികൾ	
22		1.3.1		നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം	

23		1.3.1.1	ചിങ്ങോലി	വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 51.65 ലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നു.	**(പ്രോജക്ട് നം.89/2017)** പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിനായി **2016/17** വർഷം ആകെ കേരള വാട്ടർ അതോറട്ടറിയിലേക്ക് **64,37,579/-** രൂപ എൻ റ്റി പിസി ഫണ്ടിൽനിന്നും നിക്ഷേപിച്ചിരുന്നു ആയതിൻറെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ **2019-20** ൽ ബാക്കിയുള്ള തുകയാണ് **7,01,811/-** ആയതിൻറെ വിനിയോഗ സാക്ഷ്യപത്രം **04.02.2022** ൽ ലഭിച്ചിട്ടുള്ളതാണ്. **(പ്രോജക്ട് നം.98/2017)** പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ട് പൂർത്തികരിച്ചിട്ടുണ്ട് വിനിയോഗ സാക്ഷ്യപത്രത്തിനായി കേരള വാട്ടർ അതോറട്ടറിയിലേക്ക് കത്ത് നൽകിയിട്ടുണ്ടന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **(പ്രോജക്ട് നം.107/2018)** ആർ.ഒ.പ്ലാൻറ് നിർമ്മാണം എന്ന പ്രോജക്ടിനായി **2017-18** വർഷം ആകെ കേരള വാട്ടർ അതോറട്ടറിയിലേക്ക് **1875000** രൂപ എൻറ്റി പിസി ഫണ്ടിൽനിന്നും നിക്ഷേപിച്ചിരുന്നു ടിതുകയിൽ നിന്നും **651840** രൂപ ഭൂജല വകുപ്പിന് കൈമാറി കുഴൽകിണർ സ്ഥാപിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം നൽകണമെന്ന്

					9.02.2022 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി **5/1** തീരുമാനപ്രകാരം കേരള വാട്ടർ അതോറട്ടറി യോട് നിർദ്ദേശിച്ചിട്ടുണ്ട് ടി പ്രോജക്ട് നാളിതുവരെ പൂർത്തീകിച്ചിട്ടില്ല **പ്രോജക്ട്ന** 39/2018) പൈപ്പ് ലൈൻ എക്സ്റ്റ്റൻഷൻ എന്ന പ്രോജക്ടിനായി **2017-18** വർഷം ആകെ കേരള വാട്ടർ അതോറട്ടറിയിലേക്ക് **13,66,000/-** രൂപ സി.എഫ്.സി ഗ്രാൻറ് ഫണ്ടിൽനിന്നും നിക്ഷേപിച്ചിരുന്ന ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം **04.02.2022** ൽ ലഭിച്ചിട്ടുണ്ട്. **(പ്രോജക്ട്നം**133/19) സ്ട്രീറ്റ് മെയിൻ എക്സ്റ്റ്റൻഷൻ എന്ന പ്രോജക്ടിനായി **2018-19** വർഷം ആകെ കെ.എസ്.ഇ.ബി.കാർത്തികപ്പള്ളി യിലേക്ക് **2,39,086/-** രൂപ സി.എഫ്.സി ഗ്രാൻറ് ഫണ്ടിൽനിന്നും നിക്ഷേപിച്ചിരുന്ന ആയതിൻറെ വിനിയോഗ സാക്ഷ്യപത്രം **22.07.2022** ൽ ലഭിച്ചിട്ടുണ്ട്. **പ്രോജക്ട്നം**133/19) സ്ട്രീറ്റ് മെയിൻ എക്സ്റ്റ്റൻഷൻ എന്ന പ്രോജക്ടിനായി **2018-19** വർഷം ആകെ കെ.എസ്.ഇ.ബി.മുതുകുളം യിലേക്ക് **45,066/-** രൂപ സി.എഫ്.സി ഗ്രാൻറ് ഫണ്ടിൽനിന്നും നിക്ഷേപിച്ചിരുന്ന ആയതിൻറെ വിനിയോഗ സാക്ഷ്യപത്രം **06.07.2022** ൽ ലഭിച്ചിട്ടുണ്ട്. **(പ്രോജക്ട്നം**133/19) സ്ട്രീറ്റ് മെയിൻ എക്സ്റ്റ്റൻഷൻ എന്ന പ്രോജക്ടിനായി **2018-19**

					വർഷം ആകെ കെ.എസ്.ഇ.ബി.ചേപ്പാട് യിലേക്ക് **98412/-** രൂപ പ്ലാൻ ഫണ്ട് സി.എഫ്.സി ഗ്രാൻറ് തനതു ഫണ്ട് എന്നിവയിൽ നിന്നും നിക്ഷേപിച്ചിരുന്ന ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം **08.07.2022** ൽ ലഭിച്ചിട്ടുണ്ട് **(പ്രോജക്ട്നം**91/18) അംഗനവാടി നവീകരണം എന്ന പ്രോജക്ട് പൂർത്തികരിച്ചിട്ടുണ്ട് ടി**64-**ാം നമ്പർ അംഗന വാടിയിലേക്കുള്ള വഴി സംബന്ധിച്ച തർക്കം മൂലമാണ് പ്രവർത്തി വൈകുവാൻ ഇടയായത്.വിനിയോഗ സാക്ഷ്യപത്രത്തിനായി പി ഡബ്ലു ഡി ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
24		1.3.1.2	പള്ളിക്കര	പാക്കം കുടിവെള്ള പദ്ധതി - നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല-പുതുക്കിയ കരാർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല.	ഗ്രാമപഞ്ചായത്തിലെകുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2016-17 വർഷത്തിൽ പാക്കം കുടിവെള്ള പദ്ധതിരൂപീകരിക്കുകയും ആയതിനായി 2016-17, 2018-19, 2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം 700000/-, 360000/-, 1000000/-രൂപ കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപിക്കുകയും ആയത് പ്രകാരം പദ്ധതി ഇതിനകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽഗ്രാമപഞ്ചായത്തിന്റെ ആ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമായിവരുന്നുണ്ട്.പ്രസ്തുത പ്രവൃത്തിപൂർത്തീകരിച്ചിട്ടുള്ളതും കേരള വാട്ടർ അതോറിറ്റിധനവിനിയോഗ സാക്ഷ്യപത്രം

					11.08.20222 ന്ഗ്രാമപഞ്ചായത്തി കൈമാറിയിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിയിൽ ബാക്കി വന്ന തുകയായ 2,03,657/- രൂപഗ്രാമപഞ്ചായത്തിൽ ഇതിനകം അടവാക്കിയിട്ടുമുണ്ട്. വാട്ടർ അതോറിറ്റിയുടെ കത്തുംവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
25		1.3.1.3	ചെമ്പിലോട്	അർബൻ ഫണ്ട് - കരാറിലേർപ്പെടാതെ വൻ തുക ഡപ്പോസിറ്റ് നൽകി - പ്രവൃത്തി പൂർത്തീകരിച്ചില്ല	അർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ അടിയന്തരമായി ചെലവ് വരുത്തണമെന്ന് ഭരണസമിതിയുടെയും റർബൻ മിഷന്റെയും അടിയന്തര നിർദേശങ്ങൾ പാലിച്ചു കൊണ്ടാണ് സർക്കാർ അംഗീകൃത ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് ഉടമ്പടി വയ്ക്കാതെ തന്നെ അടിയന്തരമായി തുക കൈമാറാൻ നിർബന്ധിതരായിട്ടുള്ളതെന്നും തുക കൈമാറിയ ശേഷം ലോകമെമ്പാടും പടർന്നു പിടിച്ച കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള ലോക്ഡൗണി ന്റെയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാ ക്കിയ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെയും മറ്റും സാഹചര്യത്തിലാണ് ഉടമ്പടി വെക്കാൻ കാലതാമസം നേരിട്ടിട്ടുള്ളത്. തുടർന്ന് 31.12.2020 ന് രണ്ട് പ്രവൃത്തികളുടെയും ഉടമ്പടി വച്ചിട്ടുണ്ട്. തുക കൈമാറിയ രണ്ടു പ്രവൃത്തികളും ഇതിനോടകം

					പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തിരക്കു പിടിച്ച പ്രവർത്തനത്തിനിടയിലും കോവിഡ് മഹാമാരി ക്കിടയിലും വന്നിട്ടുള്ള അപാകത മാപ്പാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
26		1.3.1.4	മുഹമ്മ	വൈദ്യുതിലൈൻ വ്യാപനം-പ്രവൃത്തി ആരംഭിച്ചിട്ടില്ല.	ഇലക്ട്രിക്ക് പോസ്റ്റിന്റെ ദൗർലഭ്യം കാരണമാണ് 2019-20 സാമ്പത്തിക വർഷം കെ എസ് ഇ ബിക്കു കൈമാറിയ 5,40,000/- രൂപക്കും 2020-21 സാമ്പത്തിക വർഷം കെ എസ് ഇ ബിക്കു കൈമാറിയ 6,19,144/- രൂപക്കും ഉള്ള വർക്കുകൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കാത്തതെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തുകകൾക്കുള്ള വർക്ക് പൂർത്തിയാകുന്ന മുറക്ക് മാത്രമേ നിർവഹണ ഏജൻസിയായ കെ എസ് ഈ ബിക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ നിർവഹണ എജൻസിയായ കെ എസ് ഇ ബി മുഖാന്തിരം ടി വർക്കുകൾ പൂർത്തികരിക്കുന്നതിനു ആവശ്യമായ അടിയന്തിര ഇടപെടലുകൾ പഞ്ചായത്ത് കമ്മിറ്റി നടത്തിയിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്..

27		1.3.1.5	കിഴക്കോത്ത്	അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാക്കൽ - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം	അങ്കണവാടി കുടിവെള്ളം ലഭ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ 11/01/2019 തിയതിയിൽ ഡെപ്പോസിറ്റ് ചെയ്ത 2,95,000/- രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
28		1.3.1.6	മൂടാടി	കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.	കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 19,20,000/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനായി 12-05-2022 ന് കേരള വാട്ടർ അതോറിറ്റിയിലേക്ക് കത്ത് നൽകുകയും ആയത് പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 19,20,000/- രൂപയുൾപ്പെടെ പഞ്ചായത്ത് ആകെ നിക്ഷേപിച്ച 20,25,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കേരള വാട്ടർ അതോറിറിറിയിൽ നിന്നും ലഭ്യമാവുകയും ചെയ്തിട്ടുണ്ടെന്നും നിക്ഷേപിച്ച തുകയേക്കാൾ 18,151/- രൂപ ആയത് പ്രകാരം അധികം വിനിയോഗം വന്നതായി കേരള വാട്ടർ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിനെ തുടർന്ന് ക്രമീകരികരിക്കാതെ അവശേഷിച്ച 19,20,000 രൂപ 01-06-2022 ന് അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ

					അതോറിറ്റിയിൽ അധിക തുക നിക്ഷേപിച്ചിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
29		1.3.1.7	മോഗ്രാൽപുത്തൂർ	മയിൽപാറ കുടിവെള്ള പദ്ധതി-ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് - കരാർ ഒപ്പുവച്ചിട്ടില്ല - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	മൊഗ്രാൽപുത്തൂർ ഗ്രാമ പഞ്ചായത്തിലെ മയിൽപ്പാറ പ്രദേശത്ത് കുടിവെള്ള പദ്ധതിക്കായി പഞ്ചായത്ത് തനത് ഫണ്ട് -7 ലക്ഷവും, ജില്ലാ പഞ്ചായത്ത് വിഹിതമായി 8 ലക്ഷവും ചേർന്ന് 15 ലക്ഷം കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പദ്ധതി കരാറുടമ്പടി ഒപ്പ് വെക്കുന്നതിന് മുൻപായി 4 ലക്ഷം മുൻകൂറായി നൽകി എന്നതാണ് പരാമർശത്തിനിടയാക്കിയത്. എന്നാൽ പഞ്ചായത്ത് വിഹിതമായ 7 ലക്ഷം രൂപയിൽ 4 ലക്ഷം നിക്ഷേപിച്ചതിന് ശേഷമാണ് കരാറുടമ്പടിയിൽ ഒപ്പ് വെച്ചത്. തുടർന്ന് തുക പൂർണ്ണമായും നിക്ഷേപിച്ചു. നിലവിൽ സ്രോതസ്സിൽ ജല ലഭ്യത ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻസാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിധേയമായി പ്രസ്തുത തുക ജലജീവൻ മിഷനിലേക്ക് അടക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് കേരളജല അതോറിറ്റിക്ക് ടി വിവരം കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ആ വിധത്തിൽ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സമ്മതിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാകാത്തതിനാലാണ് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തത്. മേലിൽ

					പദ്ധതിക്കായി ഉക നിക്ഷേപിക്കുമ്പോൾ പദ്ധതി മാർഗ്ഗ രേഖ അനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും കർശന നിർദ്ദേശം നൽകിയിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
30		1.3.1.8	കങ്ങഴ	കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	2019/20 ലെ പ്രോജക്ട് നമ്പർ 73/20 പ്രകാരം ഗ്രാമപഞ്ചായത്തിലെ 8 അങ്കണവാടികളിൽ കുഴൽക്കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് വെള്ളത്തിനുള്ള സൗകര്യം ഒരുക്കുന്നതിനായി ഭൂഗർഭജല വകുപ്പിൽ 1150000/-രൂപ നിക്ഷേപിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 8 അങ്കണവാടികളിലും കുഴൽക്കിണർ കുഴിക്കുകയും ചെയ്തിട്ടുണ്ട്. ടി അങ്കണവാടികളിൽ കൊറ്റംചിറ, ചാരംപറമ്പ് എന്നീ അങ്കണവാടികൾക്ക് കുഴൽക്കിണർ കുഴിച്ചുവെങ്കിലും വെള്ളം ലഭിക്കാത്തതിനാൽ ടി കുഴൽക്കിണറുകളിൽ End cap ഇടുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ കൊറ്റംചിറ അങ്കണവാടി കെട്ടിടത്തിൽ ജലനിധി കണക്ഷൻ ഉള്ളതിനാൽ ജലദൗർലഭ്യം നേരിടുന്നില്ല. കൂടാതെ ചാരംപറമ്പ് അങ്കണവാടി കെട്ടിടം നിലവിൽ ഫിറ്റ്നസ് ഇല്ലാത്തതിനാൽ, വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി അങ്കണവാടി കെട്ടിടത്തിലും ജലദൗർലഭ്യം നിലവിലില്ല. മറ്റ് 6 അങ്കണവാടികളിലും മോട്ടോർ സ്ഥാപിക്കുകയും, പദ്ധതി ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭൂഗർഭജല വകുപ്പിൽ നിക്ഷേപിച്ച 11,50,000/-രൂപയിൽ 6

					അങ്കണവാടികളിൽ കുഴൽക്കിണർ, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനും, മറ്റ് രണ്ട് അങ്കണവാടികളിൽ കുഴൽക്കിണർ കുഴിച്ചതിന്റെ മെറ്റീരിയൽ, ലേബർ ചാർജ്ജ് എന്നീ ഇനങ്ങളിലുമായി 9,07,918/-രൂപ വിനിയോഗിച്ചതായി ഭൂജല വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഭൂജല വകുപ്പിൽ അവശേഷിക്കുന്ന 2,42,082/-രൂപ വിനിയോഗിക്കുന്നതായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 പ്രോജക്ടുകളുടെ അടങ്കൽ തുകയായ 12,51,000/-രൂപയിൽ 8,17,500/-രൂപ 24.03.2023 തീയതിയിൽ ഭൂജല വകുപ്പിൽ അടവാക്കിയിട്ടുള്ളതും, നിലവിൽ അവശേഷിക്കുന്ന 242082/-രൂപ കൂടി വിനിയോഗിക്കണമെന്നും, അധികമായി വേണ്ടിവരുന്ന തുക അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടിൽ വകയിരുത്തി അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതുമാണ്. സദുദ്ദേശത്തോടെ നടത്തിയ പ്രവൃത്തിയായതിനാലും, പ്രവർത്തിക്കുന്ന 8 അങ്കണവാടികളിൽ നിലവിൽ ജലദൗർലഭ്യം ഇല്ലാത്തതിനാലും, ടി പരാമർശം ഒഴിവാക്കി നൽകണമെന്ന് ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
31		1.3.2		പദ്ധതി പൂർത്തീകരണത്തിനുശേഷം നീക്കിയിരിപ്പുള്ള തുകകൾ ക്രമീകരിക്കുന്നില്ല	
32		1.3.2.1	ഏനാദിമംഗലം	പദ്ധതി നിർവ്വഹണത്തിനുശേഷം വാട്ടർ അതോറിറ്റിയിൽ ശേഷിച്ച തുക തിരികെ	മുരുപ്പേൽത്തറ - പനച്ചക്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ ബാക്കി തുകയായ 32,554/-രൂപ തിരികെ

				ഈടാക്കിയില്ല	അടവാക്കുന്നതിനു വാട്ടർ അതോറിറ്റിക്കു കത്ത് നൽകിയത് പ്രകാരം 23.02.2022 ൽ 2,27,044 നമ്പർ ചെക്ക് പ്രകാരം തുക പഞ്ചായത്തിൽ 1210103198 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. 25.07.2022 ലെ സ.ഉ(സാധ) നം.1785/2022/LSGD പ്രകാരം കുടിവെള്ള പദ്ധതികൾക്കായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കിവരുന്ന തുക ജൽജീവൻ പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തലിന് വിനിയോഗിക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം മുരുപ്പേൽത്തറ - പനച്ചക്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയുടെ ബാക്കി തുകയായ 32,554/-രൂപ, പ്രോജക്ട് നം 172/23 പ്രകാരം ജൽജീവൻമിഷൻ ഭൂമി വാങ്ങൽ എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. കേരള സംസ്ഥാന ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയോട് അപേക്ഷിക്കുന്നു.
33		1.3.2.2	പറപ്പുക്കര	സുജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർഫിൽറ്റർ സ്ഥാപിക്കൽ വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.	2019-20 സാമ്പത്തിക വർഷത്തിൽ 4,30,000/-രൂപ വാട്ടർ അതോറിറ്റിയിൽ(പി.എച്ച് ഡിവിഷൻ ഇരിഞ്ഞാലക്കുട) പ്രസ്തുത പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്തതിൽ 3,68,263/- രൂപ ചിലവഴിക്കുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളതുമാണ്.വാട്ടർ അതോറിറ്റി ആദ്യം നൽകിയ യു.സി പ്രകാരമുള്ള തുകയാണ് ഓഡിറ്റ്

					പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും, വിനിയോഗ സാക്ഷ്യപത്രം തിരുത്തി ലഭിക്കുകയും ചെയ്തിരുന്നു. വിനിയോഗിക്കാത്ത തുകയായ 61737 രൂപ ഡി.ഡി നമ്പർ 430689 തീയതി 16/12/2021 (എസ്.ബി.ഐ ഇരിഞ്ഞാലക്കുട) പ്രകാരം 07/01/2022 തീയതിയിലെ 121070500024 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരാമർശം ഒഴിവാക്കിനൽകുന്നതിന് അപേക്ഷിക്കുന്നു.
34		1.3.2.3	തിരുമാറാടി	നിക്ഷേപപ്രവൃത്തി - ചെലവാകാതെ അവശേഷിക്കുന്ന ബാക്കിതുക തിരികെ ഈടാക്കണം	ഗ്രാമപഞ്ചായത്തിൽ നിന്നും 17.11.2021 ൽ 1190000/- രൂപ പഴയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി അടവാക്കിയതിൽ 1098649/- രൂപ യുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ ബാലൻസ് തുക 91351/- രൂപ 07.02.2022 ലെ ചെക്ക് നമ്പർ 450004 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ്. സ്ലീറ്റ് ടാപ്പ് വിശ്ലേഷിക്കൽ എന്ന പദ്ധതിക്ക് വേണ്ടി 30.03.2019 ൽ 2,40,900/- രൂപ നിക്ഷേപിച്ചതിൽ 1,18,003/- രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും ലഭിച്ചിട്ടുള്ളതാണ്. ബാലൻസ് തുക 1,21,997/- രൂപ 19.06.2020 ലെ ചെക്ക് നമ്പർ 621648 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ്. പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ നിട്ടൽ എന്ന

					പദ്ധതിയ്ക്കായി 18.01.2020 ൽ 1,56,000/- രൂപ അടവാക്കിയതിൽ 1,47,548/-രൂപയുടെ വിനിയോഗസാക്ഷ്യപത്രവും ലഭിച്ചിട്ടുള്ളതാണ്. ബാലൻസ് തുക 8452/- രൂപ 07.02.2022 ലെ ചെക്ക് നമ്പർ 450004 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ആയതിന്റെ ബാലൻസ് തുകയും പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതാണെന്ന വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.
35		1.3.2.4	ഇളമ്പള്ളൂർ	കെ.ഡബ്ല്യു.എ. ഡെപ്പോസിറ്റ് വർക്ക് - ബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം.	ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി 1880000/- രൂപയും 13,34,500/- രൂപയും ഉൾപ്പെടുത്തി കുടിവെള്ള പദ്ധതിയ്ക്കായി വികസന പ്രവർത്തി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് തുക ഡിപ്പോസിറ്റ് ചെയ്തു. 18,80,000/- രൂപയുടെ പ്രോജക്ടിൽ നിന്നും 3.52.806/- രൂപയും 13,34,500/- രൂപയുടെ പ്രോജക്ടിൽ നിന്നും 1,06,658/- രൂപയും ടി പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം ബാക്കി വന്നിരുന്നു. ഇപ്രകാരം ലഭിച്ച ആകെ തുകയായ 4,59,464/- രൂപ വകയിരുത്തി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 21 വാർഡുകളിലും കുടിവെള്ള പൈപ്പ് ലൈൻ അവസാനമായി സ്ഥാപിച്ച സ്ഥലങ്ങളിൽ ഓരോ ഫൗണ്ടൻ സ്ഥാപിക്കുന്നതിന് കേരള

					വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ച് കൊണ്ട് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 07.06.2019 തീയതി 6(1) നമ്പരായി തീരുമാനം എടുത്തിരുന്നു. എന്നാൽ 2017-18 കാലയളവിലെ സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് റിപ്പോർട്ടിൽ ടി തീരുമാനം പുനഃപരിശോധിക്കണമെന്നും വാട്ടർ അതോറിറ്റിയിൽ ബാക്കി വന്ന തുക തിരികെ വാങ്ങണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി 20.04.2020-ൽ 1(4) നമ്പരായി മറ്റൊരു തീരുമാനം എടുത്തിരുന്നു. ഈ തീരുമാന പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ 1, 2, 3 വാർഡുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് മേൽ സൂചിപ്പിച്ച രണ്ട് പ്രവർത്തികളുടെയും ബാക്കി തുകയായ 4,59,464/- രൂപയും 2017-18-ൽ നടപ്പിലാക്കിയ ചപ്പാത്തിപ്പാലം കുടിവെള്ള പദ്ധതിയിൽ ബാക്കി വന്ന 3,98,456/- രൂപയും ഉൾപ്പെടുത്തി പ്രവർത്തി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരമുള്ള മേൽ പ്രവർത്തികളുടെ എല്ലാം പൂർത്തീകരണത്തിന് ശേഷം 2015-16 മുതൽ കേരള വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ബാക്കി വന്ന 687344/- രൂപ 25.03.2022-ൽ 331922-ാം നമ്പർ ചെക്ക് പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കേരള വാട്ടർ അതോറിറ്റി തിരികെ നൽകിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല

					എന്നതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.
36				<u>ശിപാർശകൾ</u> നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതിവിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാൻ ഡി.പി.സി യെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഇടപെടലുകളുടെ അഭാവം നിർവ്വഹണ പുരോഗതിയെ ബാധിക്കുന്നു. ആയതിനാൽ ഏജൻസികൾക്ക് നിർവ്വഹണപുരോഗതി വിലയിരുത്തി ഘട്ടംഘട്ടമായി ഫണ്ട് കൈമാറാനും സമയപരിധിപാലിച്ച് പ്രോജക്ടുകൾ പൂർത്തീകരിക്കുന്നു എന്നുള്ള ഉറപ്പാക്കാനും സാമ്പത്തിക വർഷാവസാനം പൂർത്തീകരിക്കാത്ത പ്രോജക്ടുകളുടെ തുക/വിനിയോഗിക്കാത്ത തുക സ്ഥാപനത്തിൽ തിരികെ ഒടുക്കുന്നു എന്ന് ഉറപ്പാക്കാനും ഡി.പി.സി യെ ചുമതലപ്പെടുത്താവുന്നതാണ്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.	ഇക്കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു

37		1.4		മാലിന്യ സംസ്കരണം - പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസവും തുടർ പ്രവർത്തനങ്ങളുടെ അഭാവവും	
38		1.4.1	മെഴുവേലി	പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല.	ഓഡിറ്റ് പരാമർശം 10.11.2022 ൽ നടന്ന പഞ്ചായത്ത് ഭരണസമിതി വിശദമായി പരിശോധിച്ചു. ആയതിൽ നിന്നും ബ്ലോക്ക് അടിസ്ഥാനത്തിൽ RRF പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും പന്തളം ബ്ലോക്കിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചതിനാൽ ശുചിത്വമിഷൻ ഗ്രാന്റ് വിനിയോഗിച്ച് 940200 രൂപയ്ക്ക് നിർമ്മിച്ച കെട്ടിടം എം.സി.എഫ് ആയി ഉപയോഗിച്ച് വരുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ശുചിത്വമിഷൻ ഗ്രാന്റ് വിനിയോഗിച്ച് 9,40,200/-രൂപയ്ക്ക് നിർമ്മിച്ച കെട്ടിടം എം.സി.എഫ് ആയി ഉപയോഗിക്കുന്നതിനാൽ ധനനഷ്ടം ഇല്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനുവേണ്ടി ലഭിച്ച ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായ തുക ചെലവഴിച്ചിട്ടില്ല. ടി തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
39		1.4.2	കാവശ്ശേരി	മാലിന്യം സൂക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളില്ല	കാവശ്ശേരി ഗ്രാമപഞ്ചായത്ത് 2019-20 കാലയളവിൽ എം.സി.എഫ് കെട്ടിടമായി കൃഷിഭവന്റെ കീഴിലുള്ള

					ജീർണ്ണിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. നിലവിൽ കെട്ടിടം പൊളിച്ചുമാറ്റുകയും 2021-22 വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 15 ലക്ഷം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൻവർഷം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വയറിംഗ് നടത്തുന്നതിനും ഇക വകയിരുത്തിയിട്ടുണ്ട്. നിലവിൽ താൽക്കാലിക ഷെഡ്ഡിൽ എം.സി.എഫ്-ന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്. ഏതാനും മാസങ്ങൾക്കകം പ്രവൃത്തി പൂർത്തീകരിച്ച് പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുവാൻ കഴിയുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.
40		1.4.3	ഞീഴൂർ	ഇമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - തുടർ പ്രവർത്തനങ്ങൾ	ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യ സംസ്കരത്തിന് ഇമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം പ്രോജക്ട് രൂപീകരിക്കുകയും സ്പിൽ ഓവറായി 2019-20 തുടരുകയും ചെയ്തിരുന്നു. ടി പദ്ധതി പ്രകാരം 6 യൂണിറ്റുകൾ 6 സ്കൂളുകളിൽ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ടി പദ്ധതിക്കായി ശുചിത്വമിഷൻ വിഹിതമായി 13,17,500/- പദ്ധതി വിഹിതമായി 1,22,500/- രൂപയും ചേർത്ത് 14,40,000/- രൂപയുടെ എസ്റ്റിമേറ്റിന് 28.01.2019 തീയതിയിൽ സോഷ്യോ എക്കണോമിക് യൂണിറ്റുമായി

					കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ളതാണ്. കോവിഡ് മഹാമാരിമൂലം സ്കൂളുകൾ പ്രവർത്തിക്കാത്ത സാഹചര്യത്തിലാണ് ഓഡിറ്റ് വേളയിൽ നടത്തിയ ഭൌതിക പരിശോധനയിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ വസ്തുക്കൾ ബിന്നിനുള്ളിൽ കാണപ്പെട്ടത്. നിലവിൽ ജൈവമാലിന്യസംസ്കരണം മികവുറ്റ രീതിയിൽ നടക്കുന്നുണ്ടെന്നും യൂണിറ്റുകൾ പ്രവർത്തനക്ഷമമാണെന്നും സ്കൂളുകളിലെ ബന്ധപ്പെട്ടവർക്ക് ടി യൂണിറ്റുകളുടെ പ്രവർത്തനത്തെപ്പറ്റി മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള സോഷ്യോ എക്കണോമിക് യൂണിറ്റിന്റെയും ജില്ലാ ശുചിത്വമിഷന്റെയും സാക്ഷ്യപത്രം നൽകിയിട്ടുള്ളതുമാണ്. മാത്രവുമല്ലഅദ്ധ്യാപക-രക്ഷാകർതൃ വിദ്യാർത്ഥി ഗുണഭോക്തൃ സമിതിക്ക് രേഖാമൂലം ആയതിന്റെ പരിപാലനം സംബന്ധിച്ച് ചുമതല നൽകിയിട്ടുള്ളതും പരിപാലനം കൃത്യമായ ഇടവേളകളിൽ നടന്നുവരുന്നതുമാണ്. നിലവിൽ തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
		1.4.4		ശിപാർശകൾ	

				1) ഉറവിട മാലിന്യസംസ്കരണത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകാവുന്നതാണ്. 2) തദ്ദേശ സ്ഥാപനങ്ങൾ കാലാകാലങ്ങളായി ഏറ്റെടുത്തതും നിലവിൽ നിഷ്ക്രിയമായി തുടരുന്നതുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ/യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാനും അവയുടെ തുടർ പ്രവർത്തനം സാധ്യമാക്കാനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതാണ്. ഇതിനായി പ്ലാന്റ് സ്ഥാപിച്ച ഏജൻസിയുമായുള്ള കരാറിൽ പുതുക്കൽ/ ഭേദഗതി വരുത്തുന്നത് പരിഗണിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് തുടർ നിർദ്ദേശം നൽകാവുന്നതാണ്. 3) ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും മാലിന്യങ്ങൾ സംസ്കരിക്കുന്നതുവരെ കൃത്യമായ ശേഖരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും മാലിന്യങ്ങൾ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളും അതിന്റെ ഫലപ്രദമായ നടപ്പാക്കലുകളും സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മുഖ്യ അജണ്ടയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ അടുത്ത കാലത്ത് ഉണ്ടായ ബ്രഹ്മപുരം തീപിടിത്തത്തിന് ശേഷം ടി കാര്യം സർക്കാർ വർദ്ധിച്ച പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുവരുകയാണ്. വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി ദൈനംദിനം ഇതിന്റെ പുരോഗതി ഒരു പ്രത്യേക ടാസ്ക്ഫോഴ്സിലൂടെ വിലയിരുത്തി വരുന്നുണ്ട്. ഇക്കാര്യങ്ങൾ യഥാസമയം ബഹു. ഹൈക്കോടതിയേയും ഗ്രീൻടൈബ്യൂണലിന്റെയും (NST) ബോധ്യപ്പെടുത്തുകയും അവരുടെ മേൽ നോട്ടത്തിലുമാണ് നടത്തുന്നത്. ഇതിനെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും ആക്ഷൻ പ്ലാനും അടങ്ങിയ തീരുമാനം സർക്കാർ എടുത്തിട്ടുള്ളതും ബഹു. കോടതികളെയും അറിയിച്ചിട്ടുള്ളതുമാണ്. ഇതുപ്രകാരം ചുവടെ ചേർക്കുന്ന 3 ഘട്ടങ്ങളിലായിട്ടാണ് സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നത്:- 1. ഒന്നാം ഘട്ടം :- 2023 ജൂൺ 5 വരെയുള്ള അടിയന്തര ഘട്ടം (ആയതിലൂടെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം തരംതിരിക്കുവാൻ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സ്ഥാപനങ്ങളിലുമുള്ളവരെ പ്രാപ്തമാക്കുവാനും മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ

				അനാരോഗ്യകരമായ രീതിയിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ തദ്ദേശ ഭരണാധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതുമാണ്. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുക. 4) മാലിന്യസംസ്കരണ യൂണിറ്റുകൾ/ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ യഥാസമയം പൂർത്തിയാക്കാനും അവയുടെ തുടർ മോണിട്ടറിംഗ് ഉറപ്പാക്കാനും നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്. 5) മാലിന്യങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ട പ്രദേശത്ത് തള്ളുന്നതിൽ മാത്രമായി മാലിന്യ പരിപാലനത്തെ ഒതുക്കാതെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ നൂതന ആശയങ്ങൾ സ്വീകരിക്കാനും അതുവഴി മാലിന്യസംസ്കരണ/ പരിപാലനത്തിലൂടെ വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കാനും ഉതകുന്ന നൂതനപ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. 6) ഇ-വേസ്റ്റ് മാനേജ്മെന്റിന് നിലവിൽ വികസിത രാജ്യങ്ങൾ അനുവർത്തിച്ച്	ഉറപ്പാക്കുകയും ചെയ്യുക. 2) രണ്ടാം ഘട്ടം :- 2023 ജൂലൈ 1 മുതൽ ഡിസംബർ 31 വരെ (ജനകീയ ഓഡിറ്റിലൂടെ കണ്ടെത്തിയ കുറവുകളും പരിമിതികളും പരിഹരിക്കുക, താത്കാലിക മിനി എം.സി.എഫ്/എം.സി.എഫ് കൾക്ക് പകരം സ്ഥിരം സംവിധാനങ്ങൾ നിർമ്മിക്കലും ആവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാഹനസൗകര്യങ്ങളും അടക്കം മികച്ച അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുക. 3) മൂന്നാം ഘട്ടം :- 2024 ജനുവരി 1 മുതൽ മാർച്ച് 30 വരെ (മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെ (ഹരിതമിത്ര ആപ്പ്) പൂർണ്ണമായി ഉറപ്പാക്കുക) മേൽ സൂചിപ്പിച്ച സമയക്രമത്തിലുള്ള യജ്ഞം ഒരു തുടർ പ്രക്രിയയാക്കുകയും ഒപ്പം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാധ്യമായ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ പ്രാപ്തമാക്കുകയും ചെയ്യുകവഴി സമ്പൂർണ്ണ മാലിന്യ രഹിത കേരളം എന്ന ലക്ഷ്യത്തിലെത്തുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

				വരുന്ന നൂതന മാർഗ്ഗങ്ങളിലെ ആശയങ്ങൾ പഠനവിധേയമാക്കി പ്രാദേശിക സാദ്ധ്യതകൾ മനസിലാക്കി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.	
41		1.5		പദ്ധതി രൂപീകരിക്കാതെ തനത് ഫണ്ട് ചെലവഴിക്കുന്നു	
42		1.51	കരുനാഗപ്പള്ളി	പദ്ധതി രൂപീകരിക്കാതെയും വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയും ചെയർപേഴ്സണ് വാഹനം വാങ്ങി	കരുനാഗപ്പള്ളി നഗരസഭ - നഗരസഭാ ചെയർപേഴ്സൺ-ന് വാഹനം വാങ്ങൽ എന്ന പ്രോജക്ട് SO/369/18 എന്ന പ്രോജക്ടിൽ 10 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി ഡി.പി.സി അനുമതി ലഭിച്ചിരുന്നു. എന്നാൽ ടി വാഹനം വാങ്ങിച്ച് നടപടി പൂർത്തീകരിച്ച് 28.04.2018- ലാണ് തുക അനുവദിക്കുന്നത്. വാർഷിക പദ്ധതി കഴിഞ്ഞ് 18 ദിവസത്തിന് ശേഷം മാത്രമാണ് ടി തുക അനുവദിച്ചത്. എന്നാൽ 2018-19 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ടി തുക ഉൾപ്പെടുത്തിയിരുന്നില്ല. സാങ്കേതികമായി തെറ്റായ പ്രവൃത്തിയാണെങ്കിലും നഗരസഭ തനത്ഫണ്ട് വിനിയോഗിച്ച് പർച്ചേസ് നടത്തിയിട്ടുള്ളതിനാൽ നഗരസഭയുടെ പൊതുഖജനാവിന് നഷ്ടം വരുത്തിയ പ്രവൃത്തിയല്ല ടി പർച്ചേസിലൂടെ നടന്നിട്ടുള്ളതെന്ന വിവരം ബോധിപ്പിച്ച് കൊള്ളുന്നു. ടി വാഹനം വാങ്ങുന്നതിന് 12.03.2018 ൽ രണ്ട് തവണ ടെണ്ടർ ക്ഷണിച്ചതിൽ യാതൊരു ഓഫറുകളും ലഭിക്കാത്തതിനാൽ 18/04/2018 ന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതാണ്. ടി കാലയളവിലെ പ്രസ്തുത

					വാഹനത്തിൻറെ വിൽപ്പനക്കുള്ള monopoly സ്ഥാപനമായ Honda WRV ൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ആകയാൽ സാങ്കേതിക പിഴവ് മാത്രമാണ് സംഭവിച്ചിട്ടുള്ളതെന്നും നഗരസഭയുടെ പൊതുഖജനാവിന് നഷ്ടം വന്നിട്ടില്ല എന്ന വിവരവും ബോധിപ്പിച്ച് കൊള്ളുന്നു.
43		1.5.2	കരിമ്പ	പ്രോജക്ട് അംഗീകാരമില്ലാതെ തനത് ഫണ്ടിൽ നിന്നും വാങ്ങലുകൾ നടത്തി	ഐ.എസ്.ഒ സർട്ടിഫിക്കേഷൻറെ ഭാഗമായാണ് സ്റ്റീൽ റാക്കുകൾ വാങ്ങിയത്.ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്രിൻററുകൾ ഉപയോഗശൂന്യമായതിനാലും ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിച്ചതിനാലുമാണ് അടിയന്തിരമായി പ്രിൻററുകൾ വാങ്ങിച്ചത് .കൂടാതെ ഉപയോഗിച്ചുവരുന്ന കസേരയുടെ കാലപഴക്കത്തിൻറെ അടിസ്ഥാനത്തിലാണ് കസേരകൾ മേടിച്ചതെന്നും അറിയിക്കുന്നു. മേൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കില്ലെന്നും ഓഡിറ്റിൽ നിർദേശിച്ച കാര്യങ്ങൾ കൂടുതലായി കൈകൊള്ളുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
44		1.5.3	മലമ്പുഴ	പ്രോജക്ട് തയ്യാറാകാതെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നടത്തി	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഭാഗം 1 ലെ അദ്ധ്യായം 1.5 ഖണ്ഡിക പ്രകാരം പദ്ധതി രൂപീകരിക്കാതെ ചെലവ് നടത്തിയത് ആകസ്മികമായി ഓഫീസിലെ യുപിഎസ്

					ബാറ്ററി തകരാറാവുകയും ആയത് പരിശോധിച്ചതിൽ യുപിഎസ് ബാറ്ററിയുടെ കാലാവധി അവസാനിച്ചതായി കണ്ടെത്തിയതിനാൽ പ്രസ്തുത ബാറ്ററി മാറ്റാതെ ഓഫീസ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധ്യമല്ലാത്തതിനാൽ അടിയന്തിരമായി പ്രസ്തുത ബാറ്ററികൾ മാറ്റേണ്ടിവന്നതിനാലാണ് പഞ്ചായത്തിന്റെ 18.06.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബാറ്ററിയും 26.11.2019 ലെ 14(1) നമ്പർ തീരുമാന പ്രകാരം യു പി.എസും വാങ്ങിയത് എന്ന് ബോധിപ്പിച്ചുകൊള്ളുന്നു. തികച്ചും ആകസ്മികമായി ഉണ്ടായ തകരാറ് മുൻകൂട്ടി കാണാൻ കഴിയാത്തത് കൊണ്ടാണ് ഇക്കാര്യം പ്രൊക്യൂർമെന്റ് പ്ലാനിൽ ഉൾപ്പെടുത്താതിരുന്നത്. തുടർന്നു വരുന്ന വർഷങ്ങളിൽ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമായതിനുശേഷം മാത്രമാണ് നടത്തി വരുന്നതെന്നും ബഹു. സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.
45				<u>ശിപാർശകൾ</u> വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത്ഫണ്ട് പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ക്കൊഴികെയുള്ള ചെലവുകൾ പ്രോജക്ട് രൂപീകരിച്ച് ചെലവഴി ക്കേണ്ടതാണ്.	വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്നും അടിയന്തരസ്വഭാവമുള്ള പ്രവർത്തികളൊഴികെയുള്ള ചെലവുകൾ പ്രോജക്ട് രൂപീകരിച്ച് മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
46		1.6		കോർപ്പറേഷനുകൾ-മുനിസിപ്പാലിറ്റികൾ	
				<u>തിരുവനന്തപുരം കോർപ്പറേഷൻ</u>	

47 48 49		1.6.1		സ്കൂൾ എസ്.എം.എസ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - 50,01,580/- രൂപ പാഴ്ചെലവ് 1) ഡേറ്റാ എൻട്രി രേഖകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല - 10,05,580/- രൂപ തടസ്സപ്പെടുത്തുന്നു. 2) സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി 39,96,000/- രൂപ നിരാകരിക്കുന്നു.	തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള സ്കൂളുകളുടെ എസ്.എം.എസ് പദ്ധതി ഡി.പി.സി അംഗീകാരം നൽകിയതനുസരിച്ച്, സർക്കാർ സ്ഥാപനമായ ഐ.കെ.എം നഗരസഭ സ്ഥാപനമായ എച്ച്.ആർ.ഇ.ഡി.സി യും സംയുക്തമായി പൂർത്തിയാക്കിയ പ്രോജക്ടാണ്. ഈ പ്രോജക്ടിൻറെ ഉദ്ദേശ ലക്ഷ്യം സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ, സ്കൂൾ അദ്ധ്യാപകരും, വിദ്യാർത്ഥികളും, രക്ഷകർത്താക്കളും തമ്മിലുള്ള ആശയവിനിമയം മെച്ചപ്പെടുത്തുക, അവരുടെ പാഠ്യേതര കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള സഹായം, ദൈനംദിന ഹാജറും, മറ്റ അത്യാവശ്യ വിവരങ്ങളും ഓൺലൈൻ ആക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദ്യാർത്ഥി ക്ലാസിൽ ഹാജരാകാത്ത പക്ഷം അവരുടെ അറ്റൻറൻസ്, സഹായ എസ്.എം.എസ് ഓൺലൈൻ പോർട്ടൽ വഴി രേഖപ്പെടുത്തുകയും ആ സമയം തന്നെ ക്ലാസിൽ ഹാജരാകാത്ത വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് **കുട്ടി ക്ലാസിൽ ഹാജരല്ല എന്ന മെസേജ്** എത്തുകയും ചെയ്യുന്നു. സ്കൂൾ കുട്ടികളുടെ കൃത്യനിഷ്ടയില്ലായ്മ, അച്ചടക്കരാഹിത്യം, തെറ്റായ പ്രവർത്തികൾ എന്നിവ നിയന്ത്രിക്കുവാൻ കഴിയുന്നതായി അധ്യാപക - രക്ഷകർത്താക്കളുടെ യോഗത്തിൽ വിലയിരുത്തലുകൾ ഉണ്ടായിട്ടുണ്ട്. ലഭ്യമാകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ ആയി അപ് ലോഡ് ചെയ്യുകയാണ്

					ചെയ്യുന്നത്. ഈ വിവരങ്ങൾ എല്ലാം തന്നെ **sahayasms.lkm.in എന്ന വെബ്സൈറ്റിൽ, ഓരോ സ്കൂളിലേയും** എൽ.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. **എസ്.എം.എസ് പ്രോജക്ടിൻറെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.** 3. സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ ഐ.ഡി കാർഡിനു വേണ്ടി അപേക്ഷ ഫോമുകൾ വിതരണം ചെയ്യുന്നു. 4. ഈ അപേക്ഷ ഫോമുകൾ ഘട്ടംഘട്ടമായി സ്കൂളുകളിൽ നിന്ന് ലഭ്യമാകുന്നു. 5. മേൽ വിവരങ്ങൾ ***sahaayasms.lkm.in*** എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നു. 6. നഗരസഭ റിപ്രോഗ്രാഫിക് സെന്റർ മുഖേന പ്രിൻറ് ചെയ്ത് ഐ.ഡി കാർഡ് വിതരണം പൂർത്തിയാക്കുന്നു. 7. വിതരണം നടത്തുന്ന ക്രമത്തിൽ സ്കൂളുകളിൽ നിന്നും കൈപ്പറ്റ രസീതുകൾ ലഭ്യമാകുന്നു. ഡാറ്റ എൻട്രി വർക്ക്സ് പൂർത്തിയാക്കിയതനുസരിച്ച് **തിരുവനന്തപുരം നഗരസഭ** പരിധിയിലെ സ്കൂളുകളിലെ 50279 വിദ്യാർത്ഥികളുടെ ഡാറ്റ എൻട്രിയും ഫോട്ടോ അപ് ലോഡിംഗും sahaayasms.lkm.in സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത

					രേഖയുടെ അടിസ്ഥാനത്തിലും സ്കൂൾ അധികാരികളുടെ അവലോകന യോഗങ്ങളിലെ റിപ്പോർട്ടുകൾ അനുസരിച്ചുമാണ് എച്ച്.ആർ.ഇ.ഡി.സി ക്ക് ഇക അനുവദിച്ചത്. 2.തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള ഗവൺമെൻറ്, എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വിവരശേഖരണം അദ്ധ്യയന വർഷാരംഭം മുതൽ രേഖപ്പെടുത്തി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ടായിരുന്നു. ആയതിൻറെ അടിസ്ഥാനത്തിലാണ് പ്രോജക്ട് അനുസരിച്ചുള്ള തുടർ നടപടികൾ നിർവഹിക്കുന്നത്. ഐ.ഡി കാർഡ് വിതരണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതിനാൽ, 39,960 എണ്ണം വിദ്യാർത്ഥികളുടെ നിശ്ചിത സമയത്ത് ലഭ്യമായതിൻ പ്രകാരം അവരുടെയെല്ലാം ഐ.ഡി കാർഡ് വിതരണം നടത്തുവാൻ കഴിഞ്ഞു. ഐ.ഡി കാർഡിന് 50/-രൂപ എന്ന സർക്കാർ ഉത്തരവ് 2015- ൽ വന്നതാണ്. 2018-19-ൽ 50/-രൂപ നിരക്കനുസരിച്ചുള്ള കാർഡുകൾ പ്രിൻറ് ചെയ്ത വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയാൽ, ആയതിൻറെ ഗ്രണമേന്മ വളരെ

					താഴ്ന്ന നിലവാരത്തിൽ ആയിരിക്കും. ആയത് അദ്ധ്യായന വർഷാവസാനം വരെ ഉപയോഗപ്പെട്ടുന്നുവരില്ല, എന്നതിൻറെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചും, സ്കൂൾ സ്ഥാപന മേധാവികളുടെ യോഗത്തിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുമാണ് എച്ച്.ആർ.ഇ.ഡി.സി മുഖാന്തിരം കളർ ഡിജിറ്റൽ പ്രിൻററിൽ നല്ല നിലവാരത്തിൽ പ്രിൻറ് ചെയ്ത കാർഡുകൾ പ്രിൻറഡ് ടാഗ് ഉൾപ്പെടെ നൽകുകയുണ്ടായത്. ഇത്തരത്തിൽ പൊതു വിപണിയിൽ ലഭ്യമാകുന്ന കാർഡുകൾക്ക് 150/-രൂപ വരെ ഈടാക്കുന്നുണ്ടായിരുന്നു. ആയതിൻറെ രജിസ്റ്റർ ആഡിറ്റിന് നൽകിയിട്ടുണ്ടായിരുന്നു. ഡി.പി.സി അംഗീകരിച്ച പ്രോജക്ട് ആഗസ്റ്റ് മാസമാണ് നിർവ്വഹണത്തിനായി ലഭിക്കുകയുണ്ടായത്. തുടർന്ന് യാതൊരു കാലതാമസവും വരുത്താതെ പ്രോജക്ട് നിർവ്വഹണം ആരംഭിക്കുകയുണ്ടായിയെന്ന വിവരവും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.
50		1.6.2		സ്പോർട്സ് ക്ലബുകൾക്ക് ഉപകരണങ്ങൾ	2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി

				വാങ്ങി നൽകൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി (3-2) 1) സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പാലിച്ചിട്ടില്ല 2)സ്പോർട്സ് ക്ലബുകൾക്ക് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളുടെ ആവശ്യകത നിർണയത്തിലെ അപാകം 3) സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി	നടപ്പിലാക്കിയ സ്പോർട്സ് ക്ലബ്ബുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ടി കാലയളവിൽ പട്ടം.ഗവ.മോഡൽ എച്ച്.എസ്.എസ് ഫോർ ഗേൾസ് സ്കൂളിൻറെ പ്രിൻസിപ്പാളായ ശ്രീ.രത്നകുമാർ ആയിരുന്നു. മേൽ സൂചിപ്പിച്ച ഓഡിറ്റിൻറെ മറുപടി ലഭ്യമാക്കുന്നതിനായി ടി ഉദ്യോഗസ്ഥനെ പലവട്ടം ഫോൺമുഖേന ബന്ധപ്പെട്ടിട്ടും ടിയാൻ മറുപടി നേരത്തെ തന്നെ നൽകിയിട്ടുള്ളതാണെന്നും, കൂടുതൽ വിവരങ്ങൾ യാതൊന്നും തന്നെ തുടർന്ന് അറിയിച്ചിട്ടാല്ലാത്തതുമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ലായെന്നും ടി ഫയലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻറെ കൈവശമാണെന്നും സെക്ഷൻ ക്ലാർക്ക് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ടി വിഷയത്തെ സംബന്ധിച്ച റിപ്പോർട്ടും ഫയലും ലഭ്യമാക്കുന്നതിന് ടി നിർവ്വഹണ ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയത് അടിയന്തരമായി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻമ്പാകെ ബോധിപ്പിക്കുന്നു.
51		1.6.1		**<u>കോഴിക്കോട് കോർപ്പറേഷൻ</u>**	
				സർക്കാർ / എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ / ഹൈസ്കൂളുകളിൽ	

				സാങ്കേതിക തികവോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം	
52		1.6.1.1		ബയോഗ്യാസ് പ്ലാന്റുകൾ പലതും സ്ഥാപിക്കുകയോ/ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. a) ഗവ. എച്ച്. എസ്സ്. എസ്സ്. ആഴ്ച്ചവട്ടം b) ഗവ. അച്ച്യുതൻ ഗേൾസ് ഹൈസ്കൂൾ കോഴിക്കോട് c) ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ ചാലപ്പുറം d) സി.എം.സി. ബോയ്സ് ഹൈസ്കൂൾ ഏലത്തൂർ	നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1621/17 പദ്ധതി പ്രകാരം നഗരത്തിലെ സർക്കാർ/എയിഡഡ് സ്കൂളുകളെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുന്നതിനും കുട്ടികളിൽ ആരോഗ്യപരമായ സംസ്കാരം വളർത്തിയെടുക്കുന്നതിനും ശുചിത്വത്തിലൂടെ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട 30 സ്കൂളുകളിൽ $2m^3$ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് കൗൺസിൽ 19.04.2017 ലെ 51-ാം നമ്പർ പ്രകാരം തീരുമാനിക്കുകയും ഒരു പ്ലാൻറിന് 47500/- പ്രകാരം 30 എണ്ണം സ്ഥാപിക്കുന്നതിന് റയിഡ്കോ എന്ന സ്ഥാപനവുമായി ഹെൽത്ത് ഓഫീസർ 25.05.2017 ന് കരാറിൽ ഏർപ്പെടുകയുമായിരുന്നു. സ്കൂളുകളിൽ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചുവെന്ന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററുടെയും റയിഡ്കോയുടെയും സാക്ഷ്യ പത്രത്തിൻറെ അടിസ്ഥാനത്തിലാണ് ഒരു ബയോഗ്യാസ് പ്ലാൻറിന് 47500/- എന്ന നിരക്കിൽ മൊത്തം 1425000/- രൂപ അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് വിഭാഗം 14.11.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ 4 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാൻറ് പ്രവർത്തനക്ഷമമല്ലെന്ന് കാണിച്ച് ലഭിച്ച 70/2018-2019 നമ്പർ ഒ.എസ് ൻറെ

					അടിസ്ഥാനത്തിൽ റയിഡ്കോയെയും സ്കൂൾ അധികൃതരെയും 10.12.2019 ന് ഹിയറിംഗിന് വിളിക്കുകയും പ്ലാൻറ് പ്രവർത്തന ക്ഷമമാക്കുന്നതിന് റയിഡ്കോയെ ചുമതലപ്പെടുത്തുകയും പരിപാലനത്തിനായി ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നെങ്കിലും പ്ലാൻറ് പ്രവർത്തനക്ഷമമാക്കുന്നതിന് റയിഡ്കോയുടെ ഭാഗത്ത് നിന്നും നടപടി സ്വീകരിക്കാത്തതിനാൽ അടിയന്തിര നടപടി ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് പരാമർശത്തിൻറെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുകയും തുടർന്ന് റെയ്ഡ്കോ സ്കൂൾ അധികൃതരുമായി ബന്ധപ്പെടുകയും പ്രവർത്തനരഹിതമായിട്ടുള്ള ഗവ. അച്യുതൻ ഗേൾസ് ഹൈസ്കൂൾ, ചാലപ്പുറം ഗണപത് ബോയ്സ് ഹൈസ്കൂൾ, എലത്തൂർ സി.എം.സി എന്നീ സ്കൂളുകളിലെ പ്ലാൻറുകൾ വീണ്ടും സ്ഥാപിച്ചു നൽകുന്നതിന് തയ്യാറാണ് എന്ന് 18.10.2022 കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ആഴ്ചവട്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥലപരിമിതി മൂലവും, സ്കൂൾ ബിൽഡിംഗിൻറെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും പ്ലാൻറ് സ്ഥാപിക്കാൻ കഴിയില്ലാത്തതാണ്. ടി വിഷയത്തിൽ റെയ്ഡ്കോ അറിയിച്ച പ്രകാരം 4 പ്ലാൻറും പ്രവർത്തന സജ്ജമാക്കിയില്ലെങ്കിൽ നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടം റെയിഡ്കോയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിക്കുന്നതായിരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ

					അറിയിച്ചിട്ടുണ്ട്.
53		1.6.2		ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചില്ല. a) കോർപ്പറേഷന്റെ സ്വന്തം/ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ. b) എയ്ഡഡ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ	(എ) സ്കൂളുകളെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനും കുട്ടികളിൽ ചെറിയ പ്രായം മുതൽ ആരോഗ്യകരമായ മാലിന്യ സംസ്കരണ ശീലം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ സ്കൂളുകളോടൊപ്പം എയ്ഡഡ് സ്കൂളുകളിലും ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ക്രമീകരിച്ച് നടപ്പിലാക്കിയത്. പദ്ധതിക്കായി ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചില്ലെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാൻറിൽ നിന്ന് തുക വകയിരുത്തുകയും 41121/2017/ഡിപിസി/ഡിപിഒ/കെകെഡി തീയതി 15/06/2017 പ്രൊജക്ട് നമ്പർ 578/18 പ്രകാരം ഡിപിസി അംഗീകാരം ലഭിക്കുകയും ചെയ്ത ശേഷമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശുചിത്വമിഷൻറെ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. (ബി) സ്കൂളുകളിലെ ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വിദ്യാർത്ഥികളിൽ മാലിന്യസംസ്കരണം സംബന്ധിച്ച ബോധവൽക്കരണം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ

					ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട് ഉപയോഗിക്കാതെ ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ച് രൂപീകരിച്ച പദ്ധതി, സർക്കാർ സ്കൂളുകളെന്നോ എയ്ഡഡ് സ്കൂളുകളെന്നോ വേർതിരിവില്ലാതെ സ്കൂളിലെ കുട്ടികളിൽ ശുചിത്വത്തിലൂടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ആയതുകൊണ്ടാണ് എയ്ഡഡ് സ്കൂളുകളിൽ നിന്ന് പ്രത്യേക ഗുണഭോക്തൃ വിഹിതം വാങ്ങാതെ പദ്ധതി നടപ്പിലാക്കിയത്. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം ഇല്ലാതെ രൂപീകരിച്ച പദ്ധതിക്ക് ഡിപിസി അംഗീകാരവും ലഭിച്ചിരുന്നു. ടി വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.
54 55 56 57 58 59 60 61		1.6.2		കോർപ്പറേഷന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ഗുരുതര പാളിച്ചകൾ 1) ഒരേ ഉപകരണം വ്യത്യസ്ത നിരക്കിൽ വാങ്ങി – അധിക ചെലവ് 2) ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 3) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ അശ്രദ്ധമായും അലക്ഷ്യമായും കൂട്ടിയിട്ടിരിക്കുന്നു.	1. 5714/- രൂപ ടി ഇക മുനിസിപ്പൽ ഫണ്ടിൽ തിരികെ അടവാക്കുന്നതിന് പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഹെൽത്ത് ഓഫീസർ ഡോ:ആർ.എസ് ഗോപകുമാറിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2. പെയിൻ & പാലിയേറ്റീവ് പരിചരണ യൂണിറ്റിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ 429, 321, 453, 451 ൽ ചേർത്തിട്ടുള്ളതാണ്. ആയത് യഥാസമയത്ത് സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ലെന്നുള്ള അപാകത നിലവിൽ

				4) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാങ്ങിയ പല ഉപകരണങ്ങളും പെട്ടി പൊട്ടിക്കാതെ കൂട്ടിയിട്ടിരിക്കുന്നു. 5) പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ ഭൂരിഭാഗം തുകയും ചെലവഴിക്കാതെ ലാപ്സാകുന്നു. 6) പല രോഗികൾക്കും യഥാസമയം ഹോംകെയർ ലഭിക്കുന്നില്ല. 7) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പല രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.	പരിഹരിച്ചിട്ടുള്ളതാണ്. 3. പെയിൻ & പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ, നേരത്തേ ഉണ്ടായിരുന്ന ഓഫീസിൻറെ സ്ഥലപരിമിതി മൂലം കൃത്യമായി സൂക്ഷിക്കുന്നതിന് സാധിച്ചിരുന്നില്ല. നിലവിൽ ടി ഉപകരണങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നുണ്ട്. 4. ഓഡിറ്റ് പരാമർശ കാലയളവിൽ ടി ഉപകരണങ്ങൾ ആവശ്യമായിട്ടുള്ള രോഗികൾ കുറവായതിനാലാണ് ആയവ വിതരണം ചെയ്യാതിരുന്നത്. നിലവിൽ ടി ഉപകരണങ്ങൾ ആവശ്യമായിട്ടുള്ള രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ അവ വിതരണം നടത്തി വരുന്നുള്ളതാണ്. 5. 2018-2019 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ എസ്.ഒ.609/19, എസ്.ഒ.613/19 എന്നീ സ്പിൽഓവർ പദ്ധതികളിലെയും, തൻവർഷത്തെ എസ്.ഒ.458/19 നമ്പർ പദ്ധതിയിലെയും തുക പരമാവധി പാലിയേറ്റീവ്കെയർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വിനിയോഗിക്കുന്നതിനായാണ് ഒരേ സമയം മൂന്ന് പദ്ധതികളും നിർവ്വഹണം നടത്തിയിട്ടുള്ളത്. അപ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പദ്ധതി തുക ആവശ്യകതകൾക്കനുസരിച്ച് മാത്രം

					ചെലവഴിച്ചിട്ടുള്ളതിനാലാണ് ഇക ബാക്കി നിന്നത്. മേലിൽ ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, ഇക ആവശ്യാനുസരണം ക്രമീകരിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. 6. 334/2018-ശ്രീമതി. സീത, 335/2018-ശ്രീ.ബാലൻ, 336/2018-ശ്രീ. സജീവൻ, 338/2018-ശ്രീമതി പാർവ്വതി എന്നിവരുടെ പേരുകൾ തെറ്റായി രണ്ട് തവണ രജിസ്റ്ററിൽ ചേർത്തുപോയതാണ് (രജിസ്റ്റർ-1). ടിയാൻമാർക്ക് കൃത്യമായി ഹോംകെയർ നൽകിയിട്ടുള്ളതാണ്. 8/2018-ശ്രീ. ഗോപിനാഥൻ, 9/2018-ശ്രീമതി. പ്രേമലത (രജിസ്റ്റർ-2) എന്നിവർ പാലിയേറ്റീവ് ഹോംകെയറിനായി ജി.ജി.എച്ച്- ൽ (ബീച്ച് ഹോസ്പിറ്റൽ) രജിസ്റ്റർ ചെയ്തിരുന്നവരാണ്. ടി കേന്ദ്രത്തിൽ നിന്നും അടിയന്തിര സാഹചര്യങ്ങളിൽ കമ്മ്യൂണിറ്റി നഴ്സ്മാരുടെ സേവനം ലഭ്യമായിട്ടില്ലാത്ത അവസ്ഥകളിൽ മാത്രമാണ് ഇവരെ സന്ദർശിച്ചിട്ടുള്ളത്. 13/2018-ശ്രീമതി. ആയിഷ 109/2018 -ശ്രീമതി.ജാനു, 108/2018 ശ്രീമതി.ശാരദ, 79/2018-ശ്രീമതി. രേവതി എന്നിവർ യഥാക്രമം 03.08.2018, 02.04.2018, 16.07.2018, 21.02.2018 എന്നീ തിയ്യതികളിൽ മരണപ്പെട്ടിട്ടുള്ളവരാണ്. മേൽ വിവരം യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താതു മൂലം ഉണ്ടായിച്ചിട്ടുള്ള പ്രസ്തുത അപാകതകൾ

					ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. 7. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻറെ പാലിയേറ്റീവ് പരിചരണ പ്രവർത്തനത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പണം സംഭാവനയായി സ്വീകരിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. സന്നദ്ധസംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങളോ, മരുന്നുകളോ നഗരസഭയുടെ വാർഷിക പദ്ധതിയിൽ നിന്നും നാളിതുവരെ അനുവദിച്ചു നൽകിയിട്ടില്ലാത്തതിനാൽ തന്നെ ആയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല. അത്തരം പാലിയേറ്റീവ് യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെ ആവശ്യപ്രകാരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പാലിയേറ്റീവ് യൂണിറ്റിൽ രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് ആവശ്യമായ മരുന്നുകളും, ഉപകരണങ്ങളും അനുവദിച്ചുനൽകുന്ന രീതിയാണ് അനുവർത്തിച്ചുവരുന്നത്. പാലിയേറ്റീവ്കെയർ മാനേജ്മെൻറ് കമ്മിറ്റി മിനുട്സ് ബുക്ക് സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ളതും ആയത് ഓഡിറ്റിങ്ങിന് വിധേയമാക്കുന്നതുമാണ്. 2018-2019 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ്കെയർ ടെയിനിങ്ങ് നടത്തിയിട്ടില്ലാത്തതിനാൽ തന്നെ ഹോംകെയർ ടീമിൽ വളണ്ടിയർമാർ പങ്കെടുത്തിട്ടില്ലാത്തതാണ്. പാലിയേറ്റീവ് കെയർ

					രോഗികളെ ഡോക്ടർമാർ സന്ദർശിച്ചിട്ടില്ലാത്തതിനാൽ ആയത് സംബന്ധിച്ച രേഖകളും ലഭ്യമല്ല. പാലിയേറ്റീവ്കെയർ രോഗികളുടെ വിവരം സമയാസമയങ്ങളിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും കാലകാലങ്ങളിലെ പദ്ധതി മാർഗ്ഗരേഖയും, സർക്കാർ ഉത്തരവുകൾക്കും വിധേയമായി പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പിലാക്കുന്നതാണെന്നും ആയതിനാൽ 2018-2019 വർഷത്തെ പദ്ധതി ചിലവ് ഇനത്തിൽ നിന്നും നിരാകരണം നടത്തിയ തുക ഒഴികെ 19,98,931/- രൂപയുടെ ചിലവ് തടസ്സവാദത്തിൽ നിന്നും ഒഴിവാക്കി നൽകണമെന്നും നഗരസഭ സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
62		3		പാർക്കിംഗ് പ്ലാസ - കം - കൊമേഴ്സ്യൽ ബിൽഡിംഗ് - ബി.ഒ.റ്റി. വ്യവസ്ഥയിലെ നിർമ്മാണം 10 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല - നഗരസഭയ്ക്ക് വൻനഷ്ടം	19-11-2021 ലെ കൗൺസിലിൻറെ തീരുമാനം നം 28 പ്രകാരം നിയമാനുസൃത പിഴ ഈടാക്കി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2022 മാർച്ച് 31 വരെ നീട്ടി നൽകുന്നതിനും പ്രവൃത്തി പൂർത്തീകരിച്ച് കോർപ്പറേഷന് കൈമാറുന്നതിനുള്ള 30 വർഷ കാലാവധി 19/12/2019 തിയ്യതി മുതൽ കണക്കാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സപ്ലിമെൻററി എഗ്രിമെൻറ് തയ്യാറാക്കി സമർപ്പിക്കുന്നതിനും 81,55,000/- രൂപ പിഴ അടവാക്കി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും17/12/2021

					ന് കരാറുകാരന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ 20/12/2021 ന് കരാറുകാരൻ നൽകിയ മറുപടി കത്തിൽ ടി പ്രവൃത്തിയിലെ നാലു നില കെട്ടിടത്തിൻറെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന് 5 കോടി രൂപയോളം ചെലവായിട്ടുണ്ടെന്നും സിവിൽ സ്ട്രക്ചറിന് മുകളിലുള്ള സ്റ്റീൽ സ്ട്രക്ച്ചറിൻറെ നിർമ്മാണം പുരോഗമിച്ച വരികയാണെന്നും നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ പിഴ അടവാക്കാൻ നിവൃത്തിയില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇതിന് ശേഷംസൈറ്റിൽ സ്റ്റീൽ സ്ട്രക്ച്ചർ നിർമ്മാണത്തിനുള്ള സാധനങ്ങൾ എത്തിക്കുന്നതിനുള്ള അനുമതിയ്ക്കായി കരാറുകാർ കത്ത് നൽകുകയും ആയത് പ്രകാരം വാഹനങ്ങളിൽ സാധനങ്ങൾ കൊണ്ടുവരുന്നതിലുള്ള അനുമതി നഗരസഭയിൽ നിന്നും നൽകിയിരുന്നതുമാണ്. പാർക്കിംഗ് പ്ലാസ കം കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണ പ്രവൃത്തി ബിഒടി അടിസ്ഥാനത്തിൽ ചെയ്യുന്നതിന് എറ്റെടുത്തിട്ടുള്ള കരാറുകാർ 10 നില സ്റ്റീൽ സ്ട്രക്ച്ചർ നിർമ്മാണ പെർമിറ്റ് ലഭ്യമായ ശേഷം മൂന്നുമാസങ്ങൾക്കകം സ്റ്റീൽ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ ആകുമെന്നാണ് അറിയിച്ചിട്ടുള്ളത്. 01/10/2022 ന് ഫയർ എൻഒസിക്കുള്ള അപേക്ഷ നഗരസഭയിൽ നിന്നും ഫയർ ആൻറ് റസ്ക്യൂ വകുപ്പിലേക്ക് അയച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഫയർ എൻഒസി ലഭ്യമായിട്ടില്ലാത്തതും ആയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ

321

					സാധിച്ചിട്ടില്ലാത്തതുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
				കണ്ണൂർ കോർപ്പറേഷൻ	
63 64 65		4		ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി : എ.എൽ.എഫുകൾക്ക് റിവോൾവിംഗ് ഫണ്ട് - 12,00,000/- രൂപ അധികം തുക അനുവദിച്ചത് സംബന്ധിച്ച് 1) പഴയ അക്കൗണ്ടുകളിൽ നിഷ്ക്രിയമായി തുക നിലനിൽക്കുന്നു. 2) റിവോൾവിംഗ് ഫണ്ട് ലഭിക്കാത്ത എ.ഡി.എസു.കൾ	കണ്ണൂർമുനിസിപ്പൽ കോർപ്പറേഷൻദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ എ.ഡി.എസ് കൾക്ക് 50,000/- രൂപ നിരക്കിൽറിവോൾവിംഗ് ഫണ്ട് അനുവദിച്ചിരുന്നു. 2015-16 കാലയളവിൽവാർഡുകളുടെ അടിസ്ഥാനത്തിൽ50000/- രൂപ നിരക്കിൽ65 (അറുപത്തി അഞ്ച്) എ.ഡി.എസ് കൾക്കാണ് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ പിന്നീട് കോർപ്പറേഷൻ വാർഡുകൾ പുനഃക്രമീകരിച്ച് ഡിവിഷനുകളായി മാറുകയും, 55 ഡിവിഷനുകളിൽ55 എ.ഡി.എസുകളായി ചുരുങ്ങുകയും ചെയ്തു. ആയതിൻറെ അടിസ്ഥാനത്തിൽ55 എ.ഡി.എസ് കൾക്ക് 55 റിവോൾവിംഗ് ഫണ്ടിനു മാത്രമേ അർഹതയുള്ളൂ എന്ന് കണ്ടെത്തുകയും 50000/- രൂപ കൂടുതൽ(ഒന്നിൽകൂടുതൽ) റിവോൾവിംഗ് ഫണ്ട് ലഭിച്ച എ.ഡി.എസ് കളോട് തിരിച്ചടക്കുന്നതിനായി ആവശ്യപ്പെടുകയും ചെയ്തു. ആയതിൻറെ അടിസ്ഥാനത്തിൽ16 എ.ഡി.എസുകൾഅധികമായി ലഭിച്ച റിവോൾവിംഗ് ഫണ്ട് തുക തിരിച്ചടക്കുകയും 9 എ.ഡി.എസുകൾതുക തിരിച്ചടക്കാൻ ബാക്കിയുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആയിക്കര എ.ഡി.എസ് നിലവിലുള്ള എ.ഡി.എസ് അക്കൗണ്ടിൽ1

					റിവോൾവിംഗ് ഫണ്ട് മാത്രമേ നിലവിൽകൈമാറ്റം ചെയ്തിട്ടുള്ളൂ. താവക്കര ഈസ്റ്റ് എ.ഡി.എസ് ലഭിച്ച 50,000/- റിവോൾവിംഗ് ഫണ്ട് തുക മുൻഎ.ഡി.എസ് ഭാരവാഹികളുടെ (താവക്കര ഈസ്റ്റ്) പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 4259001200000540 അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. മുൻഭാരവാഹികളെ താമസം മാറിയതിനാൽ ബന്ധപ്പെടാൻ സാധിച്ചിട്ടുമില്ല. ആയത് തുക തിരിച്ചടക്കാൻ ബാക്കിയുള്ള മറ്റ് എ.ഡി.എസുകൾ എത്രയും പെട്ടെന്ന് തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
66 67 68		5		കെട്ടിടങ്ങളുടെ വസ്തു നികുതി വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല 5,75,043/- രൂപ വരുമാന നഷ്ടം a) റിസോർട്ടുകളിൽ നിന്നും യഥാവിധി വസ്തുനികുതി ഈടാക്കുന്നില്ല - 4,64,422/- രൂപ നഷ്ടം b) കെട്ടിടങ്ങളുടെ യഥാർത്ഥ തറവിസ്തീർണ്ണത്തിന്മേൽ നികുതി നിർണ്ണയിക്കാത്തതിനാൽ 1,10,621/- രൂപ വരുമാന നഷ്ടം	01/11/2015-ാം തീയ്യതി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകൃതമായിട്ടുള്ളതും ആ കാലഘട്ടത്തിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനോട് കൂട്ടി ചേർക്കപ്പെട്ട പള്ളിക്കുന്ന് പഞ്ചായത്തിൽഉൾപ്പെട്ടവയാണ് ടി റിപ്പോർട്ടിൽപറയുന്ന 5 വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ. പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽടി കെട്ടിടങ്ങൾഉൾപ്പെട്ട പള്ളിക്കുന്ന് പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളൾ CRZ III പരിധിയിലാണ് ഉൾപ്പെട്ടിരുന്നത്. ടി റിപ്പോർട്ടിൽപരാമർശിച്ചിട്ടുണ്ടായിരുന്ന മുഴുവൻകെട്ടിടങ്ങളും പഞ്ചായത്ത് ആയിരുന്ന സമയത്ത് അസ്സസ്സ് ചെയ്തവയും ആ കാലഘട്ടം മുതൽതന്നെ നികുതി ഒടുക്കി

					വരുന്നവയുമാണ്. നിലവിൽപളളിക്കുന്ന് സോണൽപരിധിയിൽവരുന്ന CRZ III മേഖലയിൽപെട്ട ഭാഗത്ത് അനധികൃതമായി നിർമ്മിച്ച നിർമ്മാണങ്ങൾക്കെതിരെ ചീഫ് ടൗൺപ്ലാനർ(വിജിലൻസ്) ൻറെ റിപ്പോർട്ട് ലഭ്യമായിട്ടുളളതും 1, 55 എന്നീ ഡിവിഷനുകളിലെ റിസോർട്ടുകൾ, ലോഡ്ജുകൾഎന്നിവയുടെ സമഗ്ര വിവര ശേഖരണം നടത്തുവാനും ബിൽഡിങ്ങ് പെർമിറ്റ്, CRZ ക്ലിയറൻസ് എന്നിവ ലഭ്യമാക്കാതെ നടത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. പളളിക്കുന്ന് സോണൽ ഓഫീസിൽ സൂക്ഷിച്ചു വരുന്ന വിവിധ കാലയളവിലെ അസ്സസ്സ്മെൻറ് രജിസ്റ്റർപരിശോധിച്ചതിൽനിന്നും 2013-14 വരെ വീട് എന്ന രീതിയിൽപളളിക്കുന്ന് പഞ്ചായത്തിൽനിന്നുതി ചുമത്തിയ ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്ത്/നഗരസഭയുടെ CRZ ക്ലിയറൻസ് ലഭ്യമാക്കാതെയാണ് റിസോർട്ടായി രൂപമാറ്റം വരുത്തിയത്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിന് 1994 ലെ KM Act 406(1),(2),(3) പ്രകാരം നടപടികൾസ്വീകരിച്ചിട്ടുളളതും ടി കെട്ടിടങ്ങൾക്ക് 3 വർഷ മുൻകാല പ്രാബല്യത്തിൽ UA നികുതി ചുമത്തി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുളളതുമാണ്. മേൽവിവരവുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണമാണെന്ന് കണ്ടെത്തിയ റിസോർട്ടുകളുടെ

					മേൽഡഅ നികുതി ചുമത്തി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ട്. കോർപ്പറേഷൻനടപടികൾക്കെതിരെ ടി റിസോർട്ട് ഉടമകൾ ബഹ്:ഹൈക്കോടതി/ ബഹ:ടൈബ്യൂണലിനെ സമീപിച്ചിട്ടുള്ളതുമാണ്. UA നികുതി ചുമത്തി ഡിമാൻറ് നോട്ടീസ് നൽകിയതിൽബഹ:ഹൈക്കോടതി ഉത്തരവ് പ്രകാരം 15,04,688/-- രൂപ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്. 2) നിലവിൽപളളിക്കുന്ന് സോണൽപരിധിയിൽവരുന്ന CRZ III മേഖലയിൽപെട്ട ഭാഗത്ത് അനധികൃതമായി നിർമ്മിച്ച നിർമ്മാണങ്ങൾക്കെതിരെ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ൻറെ റിപ്പോർട്ട് ലഭ്യമായിട്ടുളളതും 1, 55 എന്നീ ഡിവിഷനുകളിലെ റിസോർട്ടുകൾ, ലോഡ്ജുകൾഎന്നിവയുടെ സമഗ്ര വിവര ശേഖരണം നടത്തുവാനും ബിൽഡിങ്ങ് പെർമിറ്റ്, CRZ ക്ലിയറൻസ് എന്നിവ ലഭ്യമാക്കാതെ നടത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പളളിക്കുന്ന് സോണൽ ഓഫീസിൽ സൂക്ഷിച്ചു വരുന്ന വിവിധ കാലയളവിലെ അസ്സസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2013-14 വരെ വീട് എന്ന രീതിയിൽപളളിക്കുന്ന് പഞ്ചായത്തിൽനികുതി ചുമത്തിയ ഭൂരിഭാഗം കെട്ടിടങ്ങളും

					പഞ്ചായത്ത്/നഗരസഭയുടെ CRZ ക്ലിയറൻസ് ലഭ്യമാക്കാതെയാണ് റിസോർട്ടായി രൂപമാറ്റം വരുത്തിയതായി കാണാൻസാധിച്ചത്. ഇത്തരം അനധികൃത നിർമ്മാണങ്ങൾപൊളിച്ചു മാറ്റുന്നതിന് 1994 ലെ KM Act 406(1), (2) പ്രകാരം പ്രൊവിഷണൽകല്പനയും കാരണം കാണിക്കൽനോട്ടീസും നൽകിയിട്ടുള്ളതും ടി കെട്ടിടങ്ങൾക്ക് 3 വർഷ മുൻകാല പ്രാബല്യത്തിൽ UA നികുതി ചുമത്തി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. അനധികൃത നിർമ്മാണമാണെന്ന് കണ്ടെത്തിയ റിസോർട്ടുകളുടെ മേൽ UA നികുതി ചുമത്തിയിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. UA നികുതി ചുമത്തി ഡിമാൻറ് നോട്ടീസ് നൽകിയതിൽ ബഹു:ഹൈക്കോടതി ഉത്തരവ് പ്രകാരം 1504688/- രൂപ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്.
69		6		അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ - നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് 1,48,645/- രൂപ നഷ്ടം	കണ്ണൂർനഗരസഭയിലെ 35/3038-ാം നമ്പർകെട്ടിടം നിലവിലെ അസസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃത നിർമ്മാണം നടത്തിയതിനാൽസെക്ഷൻ242 പ്രകാരം സി.ബി.40-3180 യു.എ.സി നമ്പർനൽകി 01/04/2013 മുതൽഅസസ്സ് ചെയ്ത് യു.എ.സി 42,271/- രൂപ നികുതി ചുമത്തി യു.എ.സി രജിസ്റ്ററിൽപേജ് നം.18 ൽരേഖപ്പെടുത്തുകയും, 35/3038-ാം നമ്പർകെട്ടിടം നിലവിലെ അസസ്സ്മെൻറ് രജിസ്റ്റർപ്രകാരം റദ്ദ്

					ചെയ്തിട്ടുണ്ട്. ടി തുക ഈടാക്കുന്നതിന് കെട്ടിട ഉടമയ്ക്ക് 08/12/2021, 13/09/2022 എന്നീ തീയ്യതികളിൽനോട്ടീസ് നൽകുകയുണ്ടായി. ഇ 3-14453/13, 16/08/2017 ലെ സെക്രട്ടറി കണ്ണൂർകോർപ്പറേഷൻറെ ഫയൽനടപടിക്കെതിരെ ട്രിബ്യൂണൽമുമ്പാകെ അപ്പീൽനമ്പർ824/2017 പ്രകാരം കേസ് ഫയൽചെയ്തിട്ടുണ്ടെന്ന് 14/10/2022 ലെ കക്ഷിയുടെ മറുപടിയിൽഅറിയിച്ചതിൻപ്രകാരം ടി കെട്ടിടത്തിൻറെ കെട്ടിട നിർമ്മാണ അനുമതിയും കേസിൻറെ വിശദാംശങ്ങളും രേഖാമൂലം ഹാജരാക്കണമെന്ന് അറിയിച്ചു കൊണ്ട് 29/11/2022 ന് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്.
				ചെങ്ങന്നൂർ മുൻസിപ്പാലിറ്റി	
70		1		വാർഡ് 15-ന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ടെണ്ടർ നടപടികളിലെ അപാകം - 1.25 ലക്ഷം രൂപയുടെ അധിക ചെലവ്	2018 - 19 കാലയലവിൽ നഗരസഭയിലെ വിവിധ വാർഡുകളി ൽ 15 വാട്ട്, 25 വാട്ട്, 30 വാട്ട്, 45 വാട്ട് എന്നീ ഇനം ലൈറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് കരാറുകാർ ടെണ്ടർ നൽകിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 1) സെഞ്ചറി ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ് 2) ശ്രീ. ശ്രീകുമാരൻ തമ്പി, എസ്.കെ ലൈറ്റ്സ് 3) ഗ്രീൻ എനർജി ടെക്നിക്കൽ സൊല്യൂഷൻ

					ടി കരാറുകാർ വ്യത്യസ്ത വാറണ്ടി കാലയളവാണ് കോട്ട് ചെയ്തിരുന്നത്. ഇവരുടെ ക്വട്ടേഷൻ പരിശോധിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ഗ്രീൻ എനർജി ടെക്നിക്കൽ സൊല്യൂഷൻ എന്ന സ്ഥാപനം മൂന്ന് വർഷ വാറണ്ടി നൽകിയിരുന്നു. എന്നാൽ 2018 - 19 - ലെ ക്വട്ടേഷൻ പ്രകാരം മൂന്ന് വർഷ വാറണ്ടി എന്നത് ടി കൗൺസിലിൻറെ കാലാവധി കഴിഞ്ഞതിനുശേഷവും തുടരുന്നതിനാലും ടി കൗൺസിലിൻറെ കാലാവധിക്കുള്ളിൽ തന്നെ എല്ലാ ലൈറ്റുകളും സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കണമെന്ന് ടി സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നു. എങ്കിലും മൂന്ന് വർഷ നിരക്കാണ് തങ്ങൾ കോട്ട് ചെയ്തിട്ടുള്ളതെന്നും വാറണ്ടി പീരീഡ് കുറച്ചാൽ സ്ഥാപിക്കേണ്ടുന്ന തുക വർദ്ധിപ്പിക്കേണ്ടിവരുമെന്നും അറിയിച്ചു. ലഭ്യമായ രണ്ട് നിരക്കുകളേക്കാളും കൂടിയ നിരക്ക് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത നിരക്ക് അംഗീകരിക്കാൻ കഴിയില്ലെന്ന് ടി സ്ഥാപനത്തെ വാക്കാൽ അറിയിക്കുകയും നിലവിലുള്ള രണ്ട് ക്വട്ടേഷനുകൾ കൌൺസിലിൽ വയ്ക്കാൻ അറിയിക്കുകയും ചെയ്തു. കൗൺസിലിൻറെ അവസാന നാളുകളും ചെങ്ങന്നൂർ നഗരസഭിലെ പ്രളയ കാലഘട്ടവും ആയതിനാൽ ടി രണ്ട് ക്വട്ടേഷനുകളിൽ ശ്രീകുമാരൻ തമ്പി എസ്.കെ ലൈറ്റ്സ് എന്ന സ്ഥാപനത്തിന് നൽകുകയാണുണ്ടായതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

71		2		രണ്ടു വ്യത്യസ്ത പ്രോജക്ടുകളിൽപ്പെടുത്തി ഒരു ദിവസത്തെ കൗൺസിൽ തീരുമാനപ്രകാരം ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങിയ 25W എൽ.ഇ.ഡി ലൈറ്റുകൾക്ക് വ്യത്യസ്ത വില- നഗരസഭയ്ക്ക് 1,66,650/- രൂപ നഷ്ടമായി	2018 - 2019 വാർഷിക പദ്ധതി പ്രകാരം നഗരസഭാ പ്രദേശങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നതിൻറെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും 6 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഉഷസ് എനർജി സിസ്റ്റം അടൂർ എന്ന സ്ഥാപനത്തിൻറെ ടെണ്ടർ 29/09/2018 - ലെ കൗൺസിലിൻറെ 21-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിൻറെ അടിസ്ഥാനത്തിൽ നഗരസഭയിൽ വിവിധ വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. 27 വാർഡുകളിലും എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും (പ്രോജക്ട് 133/19) രണ്ട് വാർഡുകളിൽ (വാർഡ് - 11, 25) പ്രത്യേകം പ്രോജക്ട് ഉള്ളതിനാൽ 27 വാർഡുകളിലെ രണ്ട് വാർഡുകൾ ഒഴിവാക്കി 25 വാർഡുകളിലേക്ക് 25 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. വാർഡ് 11, വാർഡ് 25 എന്നീ വാർഡുകളിൽ പ്രകാശം കൂടിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കണമെന്ന വാർഡ് കൗൺസിലർമാരുടെ ആവശ്യം പരിഗണിച്ചാണ് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കിയത്. നഗരസഭയിൽ പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭാജിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്ന അവസ്ഥ നിലനിൽക്കുന്നു. 11, 25 എന്നീ വാർഡുകളിലെ

					കൗൺസിലർമാരുടെ അഭ്യർത്ഥന പ്രകാരം അവരുടെ പദ്ധതി വിഹിതം ഉപയോഗിച്ച് അതാത് വാർഡുകളിൽ പ്രകാശം കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾക്ക് മാത്രമായി പ്രോജക്ട് തയ്യാറാക്കാൻ നിർബന്ധിതമായിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയതും പ്രത്യേകം ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും. 11-ാം വാർഡിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 25/07/2018 ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ 7 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഉഷസ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തിൻറെ ടെണ്ടർ കൗൺസിൽ തീരുമാനത്തിനുവിധേയമായി അംഗീകരിച്ച് സപ്ലൈ & ഇൻസ്റ്റലേഷൻ നടത്തിയിട്ടുള്ളതാണ്. 25/07/2018 ലാണ് 11-ാം വാർഡിൽ എൽ.ഇ.ഡി സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചത്. 01/08/2018 - ലാണ് 27 വാർഡുകളിലായി എൽ.ഇ.ഡി സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യത്യസ്ത വാട്ടേജുള്ള എൽ.ഇ.ഡി ലൈറ്റുകൾ (45 വാട്ട്, 25 വാട്ട്) കൗൺസിൽ അംഗീകാരത്തിന് വിധേയമായി സപ്ലൈ & ഇൻസ്റ്റലേഷൻ നടത്തിയിട്ടുള്ളതും. രണ്ട് പദ്ധതികളുടേയും ടെണ്ടർ ഒരു കൗൺസിൽ പരിഗണിച്ചതിലാണ് ഒരേ തീയതിയിൽ തീരുമാനം ഉണ്ടായിട്ടുള്ളത് / ഇൻസ്റ്റലേഷൻ കരാറുകാരനിൽ നിക്ഷിപ്തമാകയാൽ കെ.എസ്.ഇ.ബി - യിൽ സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ നഗരസഭ തുക ഒന്നും

					ഒടുക്കിയിട്ടില്ലാത്തതും കെ.എസ്.ഇ.ബി ക്ലെയിം ചെയ്തിട്ടില്ലാത്തതുമാണ്. വാങ്ങിയ ലൈറ്റുകൾ അതാത് വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളതും ലൈറ്റുകൾ യഥാസമയം തന്നെ വാർഡ് കൗൺസിലർമാരുടെ മേൽനോട്ടത്തിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ യഥാസമയം തന്നെ വാർഡ് കൗൺസിലർമാർ സമർപ്പിച്ചിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250